511/OR

Oriental 511

22101434550

ho- 8

Digitized by the Internet Archive
in 2018 with funding from
Wellcome Library

https://archive.org/details/b30092620

A

# MALAYALAM MEDICAL DICTIONARY.

MADE BY

NAYATTINKARAY KRISHNA PILLAY.

A LOYAL AND HUMBLE SUBJECT AND SERVANT

OF

***HIS HIGHNESS THE MAHA RAJAH OF TRAVANCORE.***

അഷ്ടാംഗ ഹൃദയ

# ഔഷധി നിഘണ്ടു.

അക്ഷരമാല

തിരുവിതാംകോട്ട സംസ്ഥാനത്തു

പൊന്നുതമ്പുരാൻ തിരുമനസ്സിലെ

ഊഴിയരിൽ

നെയ്യാററുങ്കരെ കൃഷ്ണപിള്ള

ഉണ്ടാക്കി അച്ചടിപ്പിച്ചതു.

*Copy-right Reserved.*

വില ഉറുപ്പിക രണ്ടു.

*COTTAYAM:*

*Printed at the Church Missionary Society's Press,* 1879.

MALAYALAM. LANGUAGE,
Dictionaries

Oriental 511

WELLCOME
LIBRARY
INSTITUTE

# അവതാരിക.

ശുഭമസ്തു.

ജഗതീശ്വരനായ അപൂൎവ്വവൈദ്യനായിക്കൊണ്ടു നമസ്കാരം.

ഇഷ്ട ദൈവവന്ദനപൂൎവ്വം സമസ്തകൎമ്മങ്ങളും ആരംഭിക്കണമെന്നുള്ളതിനാൽ ഭൎത്താവായും രക്ഷകൎത്താവായും വിളങ്ങുന്ന തമ്പുരാൻ തിരുമലരടിയിണകളെ വന്ദിച്ചു ചമച്ച ൟ പുസ്തകം മഹാ ജനങ്ങൾ കൈക്കൊണ്ടു അവരിടെ കൃതജ്ഞതെക്കും, മുന്നം അംഗ്ലിയ വിദ്വാന്മാരാൽ കൃതമായ ഒരു ശാരീരശാസ്ത്രത്തെ കേരളഭാഷരീതിയായി ചമച്ചതു ജനോപകാരകമെന്നു കല്പിച്ചു അതിന്നായിക്കൊണ്ടുള്ള എന്റെ ശ്രമത്തെ അചിരേണ സഫലമാക്കി ഇന്നും ൟ വിധം ജനോപകാരാൎത്ഥം യത്നിപ്പാൻ ത്രാണിപ്പെടുത്തിയ മഹിമയേറിയ തിരുവുള്ളത്തിന്നും പാത്രമാകുംവണ്ണം അനുഗ്രഹിക്കപ്പെടുമാറാകട്ടെ.

*N. Krishna Pillay.*

# പ്രസ്താപനം.

സകല ശരീരികൾക്കും ആവശ്യകമായി മഹാത്മാക്കളാല്കൃതമായ അനവധിവൈദ്യശാസ്ത്രങ്ങളും അവയെ ഗ്രഹിച്ചുള്ള അനേക വിദ്വാന്മാരും ഇരിക്കെ ഞാൻ ഈ ചെറിയപുസ്തകത്തെ ചമച്ചതു വൈദ്യശാസ്ത്രാഭ്യസനം ചെയ്യുന്ന ബാലന്മാൎക്ക ഔഷധികളുടെ സംസ്കൃതനാമങ്ങൾക്കുള്ള ദേശാന്തര ഭാഷാനാമഭേദങ്ങളെ വിവരിക്കുന്ന ശാസ്ത്രം ഇന്നവയെന്നു നിൎണ്ണയപ്പെടുത്തി ശേഖരിച്ചു പരിശോധിച്ചു അറിയുന്നതിന്നനല്പമായ ശ്രമത്തെ ഒഴിപ്പാനുപയോഗമെന്നുദ്ദേശിച്ചാകുന്നു.

പല ഔഷധികൾക്കു ഒരേ പേരായുള്ള സംസ്കൃതനാമങ്ങളെ യോഗങ്ങളിൽ കണ്ടാൽ ആ നാമങ്ങളിൽ ഉൾപ്പെട്ട ഔഷധികളിൽ ഏതാകുന്നു ആ യോഗത്തിന്നുപയോഗമെന്നു ഗുണഗണാദികൾകൊണ്ടു നിൎണ്ണയിപ്പാനായി ഔഷധി സാരവിവേക ചൂഡാമണിയെന്നൊരു ഗുണപാഠാകാരാദി പുസ്തകത്തെയും വേറെ ചമച്ചിട്ടുള്ളതാകുന്നു.

ഈ പുസ്തകത്തിലെ വാക്കുകൾക്കു ചില അക്ഷരവീഴ്ച വന്നിട്ടുള്ളതും ആദ്യം ചേൎപ്പാൻ വിട്ടുപോയതും പിന്നീടു കണ്ടുകിട്ടിയതുമായ നാമങ്ങളെ ഈ പുസ്തകാന്തത്തിൽ അനുബന്ധാകാരാദിയായി ചേൎത്തിരിക്കുന്നതിനാൽ ഒരുപേരു നിൎണ്ണയപ്പെടുത്തുമ്പോൾ ആ അനുബന്ധത്തെയും കൂടി നോക്കികൊള്ളേണ്ടതാകുന്നു.

തിരുവുള്ളം രക്ഷിക്കട്ടെ എന്നു

എൻ കൃഷ്ണപിള്ള

റജിസ്ത്രേഷൻ ഇൻസ്പെക്ടർ

കൊല്ലം

൧൦൫൭ാമാണ്ടു കൎക്കടക മാസം

# ഔഷധി നിഘണ്ടു

## അക്ഷരമാല.

അംശുമൽഫലം. വാഴപ്പഴം.
അംശുമതി. ഓരില.
അംശുമതിദ്വയം. ഓരിലയും മൂവിലയും
അംശുമാൻ. എരിക്ക.
അംശുമാലി. എരിക്ക.
അംഹസ്പതി. എരിക്ക.
അകരാ. നെല്ലി.
അകോമളാ. മുത്തില
അക്കിക്കറുവാ. അക്രാവു.
അഗദം. കൊട്ടം
അഗരു. അകിൽ.
അഗശി. പട്ടുനൂൽചണം, ഒരുവക ചെറുചണം.
അഗിരം. കൊടുവേലി വ എരിക്ക.
അഗുരു. അകിൽ, കാരകിൽ, ഇരിപ്പൂൽമരം, ഇരുവിള്ള, കടമരം എന്നും പറയും.
അഗ്രുധഗന്ധ. സോമനാതികായം.
അഗ്നി. കൊടുവെലി, ചേരുമരം, ചിത്രമൂലം.
അഗ്നിഗർഭം. സൂര്യകാന്തം, ഉഷ്ണവീര്യമുള്ള ഒരു തൈ.
അഗ്നിജിഹ്വികാ. മേന്തോന്നി.
അഗ്നിജ്വാലാ. താതിരി, നീർത്തിപ്പലി.
അഗ്നിബീജം. പൊന്നു.
അഗ്നിമണി. സൂര്യകാന്തക്കല്ലു.
അഗ്നിമന്ഥം. മുഞ്ഞ
അഗ്നിമുഖി. കൊടുവേലി, ചേരുമരം.
അഗ്നിവീര്യം. പൊന്നു.
അഗ്നിശിഖാ. മേന്തോന്നി, കുംകുമപ്പൂവു, ഒരുവക ചീര.
അഗ്രഗ്രാഹി. അക്കിക്കറുവാ
അഘോരി, കാര.
അങ്കോടം. അഴിഞ്ഞിൽ.
അങ്കോലം. അഴിഞ്ഞിൽ.
അംഗനാ. കറവാഴ, ഞാഴൽ.
അംഗനാപ്രിയം. മാവു.
അംഗലോദ്ധ്യം. കാട്ടുവെള്ളരി.
അംഗാരം. കൊടുവേലി, ചെറുതേക്ക, കരി.
അംഗാരകമണി. പവഴം.
അംഗാരവല്ലരി. ചെറുതേക്ക, കുറുകത്തലച്ചി, പുങ്ങുമരം, അല്ലെങ്കിൽ പുങ്കുമരം.
അംഗാരവല്ലി. ചെറുതെക്ക, പുങ്ങ്.
അംഗാരി. പുളിയാരൽ.
അംഗുലം. അരയാൽ.
അംഘ്രിപർണ്ണി. ഓരില.
അംഘ്രിവല്ലികാ. ഓരില.
അജം. ആടു.
അജഗന്ധാ. തൈവേള
അജഗന്ധികാ. നായർവെണ്ണ, ആട്ടുനാറിവേള
അജഗരം പെരുമ്പാമ്പു.
അജമോജം. അയമൊദകം ഓമം. കായച്ചുരക്ക.
അജമോദം അയമോദകം.
അജലംബനം. അഞ്ജനം.
അജശൃംഗി ആട്ടുതൊടാപ്പാല
അജഹാ നായ്ക്കുരണ.
അജാജി. ജീരകം, കരിഞ്ചീരകം.
അജിനം. മൃഗങ്ങളുടെ തുകൽ.
അജിനയോനി. മാൻ.
അജ്ഝടാ. കിഴുകാനെല്ലി.
അഞ്ചെണ്ണ. പഞ്ചസ്നേഹം നോക്കുക.
അഞ്ജലികാരികാ. തൊട്ടാനാവി, തൊട്ടാവാടി, തൊഴുകണ്ണി.
അഞ്ജനം. അഞ്ജനക്കല്ലു, സൌവീരാഞ്ജനം, തുത്ഥാഞ്ജനം, രസാഞ്ജനം കാപോതാഞ്ജനം
അഞ്ജനകേശി. പവിഴക്കൊടി, കറുത്തിരുതാളി
അഞ്ജനക്കല്ലു. സൌവീരാഞ്ജനം.
അഞ്ജനയുഗ്മം. സൌവീരാഞ്ജനവും, ശ്വേതാഞ്ജനവും
അടരൂഷം. ആടലോടകം.

അടലാശ്രു. ആടലോടകം.
അടവിക്കച്ചോലം. കാട്ടുകച്ചോലം.
അട്ടക്കരി. പുകയിറ, ഇല്ലറക്കരി.
അണ്ഡം. മൊട്ട.
അണ്ഡജം. കസ്തൂരി.
അണ്ണാക്കണ്ണൻ അണ്ണിപ്പിള്ള, അണ്ണാൻ.
അതസീ. ചണം, അഗസ്തി, നെന്മേനി വാക, കാശാവു.
അതിഗന്ധം. എരുവപ്പുല്ല, കൊതിപ്പുല്ലെന്നും, ഇഞ്ചിനാറിപ്പുല്ലെന്നും പറയും.
അതിചരാ. ഓരിലത്താമര.
അതിച്ഛത്രാ. ചതകുപ്പ, കാളാൻ എന്നു തമിഴിൽ.
അതിബലാ. ഊപ്പം.
അതിമണ്ഡലം. ചിററീന്തൽ.
അതിമധുരം ഇരട്ടിമധുരം ഒരു വക കുന്നിവേരെന്നൊരുപക്ഷം.
അതിമുക്തം. കുരുക്കത്തിമുല്ല. പനച്ചി, തൊട്ടുകാര, കാതളം.
അതിമുക്തകം. പനച്ചി, തൊട്ടുകാര, കുരുക്കത്തിമുല്ല.
അതിരസാ. അരത്ത.
അതിവിഷാ. അതിവിടയം.
അതിസൌരഭം: തേന്മാവു.
അതുലം. എള്ളിന്റെ തൈ.
അത്തിയാൽ. അത്തിവൃക്ഷം.
അത്രമേചകം. കാരുപ്പു.
അദ്രി. എരിക്ക.
അദ്രിജം. കാവിമണ്ണ, കലദം.
അധോഘണ്ട. വലിയകടലാടി, നായൂരി എന്നും പറയും.
അധോഫലം. കിഴകാനെല്ലി.
അധ്യണ്ഡാ. നായ്ക്കുരണ.
അധ്യക്ഷം. പഴമുണ്ണാല.
അദ്ധ്വഗം. ഒട്ടകം.
അനന്താ. കൊട്ടുത്തൂവ, കറുക, ചെറുചീര, കൊഴുപ്പ.
അനലൻ. കൊടുവേലി.
അനാശ്ചിത്തിക്തം. നിലവേപ്പു, വേപ്പു, പുത്തരിച്ചുണ്ട കിരിയാത്തു.
അനവയവം പട്ടുഉവര.
അനപോതകം. വശള
അന്തികം. ചെറുപിച്ചകം.
അന്തിമലരി. അന്തിമന്ദാരം പന്തിരടിപ്പൂവു.
അപരാജിതാ. വിഷ്ണുക്രാന്തി, ആരാ
അപൽഗുജാ. കാവോകിലരി.
അപാംഗകം. വലിയകടലാടി.
അപാമാർഗ്ഗം. വലിയകടലാടി, ചെറുകടലാടി, നായുരിവി എന്നുതമിഴ.
അപോദികാ. വശളച്ചീര.
അപ്പിത്തം കൊട്ടുവേലി.
അപ്പു. ഇരുവേലി.
അപ്രകൃഷ്ടം. കാക്ക
അബലം. നീർമാതളം.
അബ്ജൻ. കപ്പൂരം.
അബ്ജം. താമര, ശംഖ.
അബ്ദം. മുത്തെങ്ങാ.
അബ്ധി. കടൽനാക്ക.
അബ്ധികഫം. കടൽനാക്ക, കടൽനുരയെന്നും പറയും.
അബ്ധിജം. ഉപ്പു.
അബ്ധിനവനീതം. കപ്പൂരം.
അഭയാ. കടുക്കാ.
അഭയം. രാമച്ചം.
അഭിഘാതം. ഉരുക്കിയപശുവിൻ നൈ
അഭിഷുതം. കാടി.
അഭീരു. ശതാവരി.
അഭീരുപത്രി. ശതാവരി.
അഭീഷ്ടം അരേണുകം
അഭ്രഷകം നീർവെട്ടി.
അഭേദ്യം. വൈരം.
അഭ്രകം. കാക്കപ്പൊന്ന, പഴമാനം.
അഭ്രപുഷ്പം ആററുവഞ്ചി, ഇരുവേല
അഭ്രം. മുത്തെങ്ങാ.
അമ. അമ്പൊട്ടൽ.
അമംഗലം ആവണക്ക.
അമര. അമരക്കാ.
അമരകാഷ്ഠം. ദേവതാരം.
അമരദാരു. ദേവതാരം.
അമച്ചുക്കൊടി. വാതക്കൊടി.
അമലാ. കിഴകാനെല്ലി.
അമി. വരിനെല്ലു.
അമൃണാളം. രാമച്ചം.
അമൃതം. ചിററമൃതു, വിഷം, പൊന്നു മോരു, പാൽ ഉരുക്കനൈ.
അമൃതാ. ചിററമൃതു.
അമൃതഫലം. കടുക്കാ, നെല്ലിക്കാ.
അമൃതാംശു. കപ്പൂരം.
അമൃതുകിരണൻ. കപ്പൂരം
അമൃതുവല്ലി. ചിററമൃതു
അമൃതോത്ഭവം. നെല്ലിക്കാ.
അമോഘാ. പാതിരി, വിഴാൽ.
അമ്പിളി കപ്പൂരം
അംബരീഷം. കാരകിൽ.
അംബഷ്ഠം. വെളുത്ത അമ്പഴം.
അംബഷ്ഠാ പാടവള്ളി, കുറുമൊഴി, പുളിയാരൽ.
അംബഷ്ഠികീ. പാടവള്ളി.
അംബഷ്ഠി പുളിയാരൽ.
അംബു ഇരുവേലി.
അംബുകം. വെള്ളഎരിക്ക.
അംബുജം, താമര, ആമ്പൽ, നീർക്കടമ്പു.
അംബുദം. മുത്തെങ്ങാ.

അംബുധരം. മുത്തെങ്ങാ.
അംബുപ്രസാദിനി. തേററാംപരൽ, തോറാങ്കൊട്ട.
അംബുഭൃൽ. മുത്തെങ്ങാ.
അംബുരുഹം. താമര.
അംബുവല്ലി കൈപ്പ, പടവലം.
അംബുവാസിനി പാതിരി.
അംബുവാഹം. മുത്തെങ്ങാ.
അംബുവേതസം ആററുവഞ്ചി, നീർവഞ്ചി.
അംഭസ്. ഇരുവേലി
അംഭോജം താമരപ്പൂവ, കപ്പൂരത്തിന്നും പറയാം.
അംഭോജരജസ്: താമരയല്ലി.
അംഭോദം. മുത്തെങ്ങാ.
അംഭോധിഫേനം. കടൽനുര.
അംഭോരുഹം. താമരപ്പൂവ.
അമ്ലകം. പുളി, അയനിമരം, ആഞ്ഞിലിമരം.
അമ്ലം. പുളിവൃക്ഷം.
അമ്ലലോണികാ. പുളിയാരൽ.
അമ്ലവേതസം പുളിയാരൽ.
അമ്ലാനം. വാടാക്കുറുഞ്ഞി.
അമ്ലികാ. വാളൻപുളിമരം, പുളിയാരൽ, ഞെരിഞ്ഞൻപുളി.
അയഃപത്രം. ഇരുമ്പുതകട.
അയമോദകം. ഓമം എന്നും കായച്ചരക്ക എന്നും ചിലർ പറയും.
അയസ്കാന്തം കാന്തക്കല്ല
അയസ്സ. ഉരുക്ക, ഇരിമ്പ
അയിനി ആഞ്ഞിലി.
അയോമലം. ഇരുമ്പുകിട്ടം.
അയോരജസ്. ഉരുക്കുപൊടി.
അരക്ക. കോലരക്ക.
അരക്തം. അരത്ത.
അരണി. മുഞ്ഞ, അരേണുകം.
അരണികം. കാട്ടുമുഞ്ഞ, മുഞ്ഞ.
അരയാൽ അരശുമരം.
അരവിന്ദം. താമരപ്പൂവ.
അരളു. പലകപ്പയ്യാനി, പെരുമരം, പയ്യാഴാന്ത
അരളുകം. അരളുനോക്കുക.
അരാളം. ചെഞ്ചല്യം.
അരിക്കൻ. എരിക്ക.
അരിക്കാററി ൧, കുടകപ്പാലയരി. ൨, കാകോലരി. ൩, ചെറുപുന്നയരി. ൪, കൊത്തമ്പാലയരി. ൫, ഏലത്തരി. ൬, വിഴാലരി.
അരിതാരം. അരിതാരം തന്നെ.
അരിമേദം. പവ്വേലം, കരിവേലം, വെളുത്തകരിങ്ങാലി, കറുത്തകരിങ്ങാലി.
അരിയാറു. അരിക്കാററി നോക്കുക.
അരിന്മണി. മരതകം.
അരിഷ്ടം. വേപ്പ, ശീതഫേനവൃക്ഷം പുളിഞ്ചിമുറിങ്ങയിൽ ഒരു ഭേദം, നാററുള്ളി, വെള്ളവെങ്കായം, മോരു.
അരുണൻ. എരിക്ക.
അരുണം. ചെറുചെങ്കുറുഞ്ഞി.
അരുണാ. അതിവിടയം, മഞ്ചട്ടി, ത്രികോല്പക്കൊന്ന, നാല്പ്പൊല്പക്കൊന്ന, കുന്നി.
അരുഷ്കരം. ചേരുമരം, ചേക്കുരു, ചേററാങ്കൊട്ട.
അരേണുകം. ഹരേണുകം.
അൎക്കപത്രം. എരിക്കില.
അൎക്കപൎണ്ണം. എരിക്ക.
അൎക്കം. എരിക്ക, സൂൎയ്യകാന്തം.
അൎക്കരാഗം. കുന്നി, സൂൎയ്യകാന്തക്കല്ല.
അൎക്കാഹ്വം. എരിക്ക.
അൎജ്ജുകം നല്ല തുത്താവ, വെൺകഞ്ജുകം.
അൎജ്ജുനം. നീർമരുത, പുല്ലുമരുത, നമാദിതൃണങ്ങൾക്കും പേർ.
അൎണ്ണം. തേക്ക.
അൎണ്ണവമലം. കടൽനുര
അൎണ്ണസ് ഇരുവേലി.
അൎണ്ണോജം. താമര.
അൎണ്ണോരുഹം. താമര.
അൎത്തഗളം. നീലക്കുറുഞ്ഞി.
അൎത്ഥ്യം. കൽമദം.
അൎദ്ധചന്ദ്രാ. നാല്പ്പൊല്പക്കൊന്ന.
അൎശോഘ്നം. ചേന, വിഴാലരി, കാട്ടുചേന.
അലക്തം അരക്ക, കോലരക്ക.
അലം. അരിതാരം.
അലംബുഷാ. പാച്ചോററി.
അലംബുസം നിലക്കടമ്പ.
അലാബു. ചുര, പേച്ചുര.
അല്പമാരിഷം. ചെറുചീര.
അല്പാശമി. ശമി, ചമത, ചെറുവന്നി.
അവദാഹം. രാമച്ചം
അവദാനം രാമച്ചം.
അവന്തിസോമം. കാടി.
അവരാ. അമര.
അവരി. അമരി.
അവലോജം കാകോലരി.
അവൽഗുജാ. കാകോലരി, അമ്പുളു പെരിങ്കമാവു.
അവാൿപുഷ്പി ചതകുപ്പ.
അവിഗ്നം ക്ലാക്കാവൃക്ഷം
അവി. എരിക്ക, കരിമ്പടം.
അവിദ്ധകൎണ്ണി. പാടവള്ളി.
അവ്യപല്ലവം. നല്ലമുളക, കുരുമുളകെന്നും പറയും.

അവ്യണ്ഡാ. നായ്ക്കുരണ.
അവ്യഥാ. കടുക്കാ, ഓരിലത്താമര.
അശിരൻ. എരിക്ക, കൊട്ടുവേലി.
അശിരം. വൈരക്കല്ലു.
അശോകം. അശോകവൃക്ഷം, കടുകരോഹണി, കന്മതം
അശ്മകം. കന്മതം.
അശ്മഗർഭം. മരതകം.
അശ്മജം കന്മതം
അശ്മോല്ലാ. കന്മതം.
അശ്മന്തകം. കല്ലൂർവഞ്ചി, കൊങ്ങുമന്താരം.
അശ്മപുഷ്പം ശൈലേയകം, സാമ്പ്രാണി എന്നു പറയും
അശ്മഭിത്. കല്ലൂർവഞ്ചി.
അശ്മഭേദം. കല്ലൂർവഞ്ചി, പാഷാണഭേദി.
അശ്മോത്ഥം. കന്മതം.
അശ്മസാരം ഇരിമ്പു.
അശ്മാരി. പാഷാണഭേദി.
അശ്വകർണ്ണകം. വെണ്മരുതു, വെളുത്ത അകത്തി, മുളപ്പുമരുതു.
അശ്വഗന്ധം. അമുക്കിരം, അമുക്കിറാ എന്നു തമിഴ.
അശ്വഘ്നം. പേരാൽ
അശ്വത്ഥം. അരയാൽ.
അശ്വം കുതിര.
അശ്വമാലിക. തുളസി
അശ്വാരോഹാ. അമുക്കിരം.
അഷ്ടാപദം പൊന്നു.
അഷ്ടാപദി. കാട്ടുമുല്ല.
അഷ്ഠീല കടകപ്പാല
അസനം വേങ്ങ.
അസഞ്ജാതരസം കുരുന്നില.
അസാരം. വാഴ, ആവണക്ക
അസിതാ അമരി, കറുപ്പു, അഫീൻ.
അസിപത്രം. കരിമ്പു.
അസുരി. കറുത്ത കടുക.
അസ്പൃശി. കണ്ടകാരിവഴുതിന. കണ്ടകത്തരി എന്നും ചിലർ.
അഹപ്പതി എരിക്ക
അഹസ്കരൻ. എരിക്ക.
അഹസ്കരി. എരിക്ക.
അഹി. എരിക്ക, ശേഷം.
അഹികേസരം. നാഗപ്പൂവ.
അഹിഫേനം. കറുപ്പു.
അഹിഭുക്. മയിൽ.
അഹിമാരകം. ഗരുഡക്കൊടി.
അഭീരു. ശതാവരി.
അളർക്കം. വെളുത്ത എരിക്ക, മന്താരം.
അളൂപം. ചെമ്പു.
അക്ഷതം. മലർ, യവനെല്ലു, ഉണക്കലരി.
അക്ഷതികം. നൂൽപ്പരുത്തി.
അക്ഷതൈലം താന്നിക്ക എണ്ണ.
അക്ഷം. താന്നിമരം, രുദ്രാക്ഷം.
അക്ഷമണി. രുദ്രാക്ഷക്കായ.
അക്ഷിഭേഷജം. വെളുത്തപാച്ചോറ്റി.
അക്ഷീബം. മുരിങ്ങമരം, കടലുപ്പു.
അക്ഷീരം. മുളവെണ്ണ.
അക്ഷോടം മലഉക.
അഴിഞ്ഞിൽ അംങ്കോലം.
അക്ഷോളം മക്കോളം.

## ആ.

ആകർഷകം കാന്തക്കല്ലു.
ആകർഷം. കാന്തക്കല്ലു.
ആകാശഗരുഡൻ, ഗരുഡക്കൊടി, പേയത്തി എന്നും ചീന്തിൽ എന്നും കൊല്ലൻ കോവയെന്നും തമിഴിൽ പറയും.
ആക്ഷേലി. ആവിമരം, ആവീരമരം.
ആക്ഷുല്യം ആവിക്കുരു, ആവീരക്കുരു.
ആഖനികം. പന്നി.
ആഖു. ദേവതാളി
ആഖുകർണ്ണികാ. എലിച്ചെവിയൻ.
ആഗതപുഷ്പി. മേന്തോന്നി
ആഘാടം. കടലാടി
ആജം. ഉരുക്കുനൈ ആട്ടിൻപാൽ.
ആജീവകഫലം. പേയത്തി.
ആജ്യം. ഉരുക്കുനൈ
ആഞ്ജിലി. അയനിമരം.
ആടരൂഷം. ആടലോടകം.
ആട്ടകം. പീരപ്പെട്ടി.
ആട്ടുകൊട്ടപ്പാല. ആട്ടുതൊടാപാല, ആട്ടുതീണ്ടാപ്പാല.
ആട്ടുനാറിവേള. വേള എന്നും പറയും.
ആഢകി. തുവരപ്പയറു, കാട്ടുപയറു.
ആണ്ടാൻ. ഇല്ലിക്രുമ്പു
ആതഞ്ചനം. ലോഹാദികൾ നീററുന്ന പൊടി.
ആത്മഗുപ്താ. നായ്ക്കുരണ.
ആദിത്യൻ. എരിക്ക.
ആദിത്യഭക്താ. ഓരിലത്താമര.
ആദിത്യവല്ലി വെളുത്ത ഉഴിഞ്ഞ
ആനച്ചുവടി. ആനയടിയൻ, ക്രഞ്ചിരികാ

ആനൂത്ഥം ഇരുവേലി.
ആമണ്ഡം. ആവണക്കു.
ആമയം. കൊട്ടം.
ആമലകം നെല്ലിക്കാ.
ആമലകി. നെല്ലിവൃക്ഷം
ആമിഷി. ജടാമാഞ്ചി, മാഞ്ചി.
ആമ്രം മാവുവൃക്ഷം, മാങ്ങാ.
ആമ്രാതകം അമ്പഴം.
ആമ്രാസ്ഥി മാങ്ങയണ്ടി.
ആമ്ലകേശരം. മാതളനാരകം.
ആമ്ലികാ. പുളിമരം, പുളിപ്പ
ആയസം. ഇരിമ്പ, ഉരുക്കുപൊടി
ആരക്തടം. പിച്ചള.
ആരഗ്വധം. കൊന്ന.
ആരനാളകം. കാടി.
ആരനാളം കാടി.
ആരണ്യതുളസി. കാട്ടുതുളസി. കാട്ടുതൃത്താവെന്നും ചിലർ
ആരണ്യം. കുതിരച്ചെവിമരുതു.
ആരണ്യകുലസ്ഥം. ചെറിയകാട്ടുമുതിര.
ആരട്ടു. പെരുമരത്തൊൽ പലകപ്പയ്യാനി.
ആരികാ. കാഞ്ഞൊട്ടി.
ആരുകം. മുള്ളിൻപഴം.
ആരേവതം കൊന്ന.
ആർജ്ജകം കരിങ്കഞ്ജുകം.
ആർത്തഗളം. നീലക്കുറുഞ്ഞി. കാഞ്ഞൊട്ടി.
ആർദ്രി. ഇഞ്ചി ഉള്ളി.
ആർദ്രികാ. പച്ചക്കൊത്തമ്പാലയരി.
ആർയ്യവേപ്പു. മലവേപ്പു.
ആൽ. പേരാൽ.
ആലം. അരിതാരം.
ആലാസ്യം. മുതല.
ആലിംഗനം. തഴുതാമ. ചാരണ.
ആവിഗ്നം. ക്ലാക്കാ.
ആവീരം. പൊന്നാരവീരൻ.
ആവേഗി. കുന്നി. മറികുന്നി. ആട്ടുതിന്നാപ്പാള എന്നു തമിഴിൽ.
ആശരൻ. കൊടുവേലി.
ആശാപുഷ്പി. മേന്തോന്നി.
ആശിരികാ. ഇലന്ത.
ആശു. ചെന്നെല്ലു.
ആശുശുക്ഷണി. കൊടുവേലി.
ആശ്രയാശൻ. കൊടുവേലി.
ആശ്വത്ഥം. അരയാൽക്കുരു.
ആസവം. മദ്യം.
ആസുരി. കരിങ്കടുക. പെരിങ്കടുക. ആശ്ശകടുക.
ആസ്ഫോടാ. വിഷ്ണുക്രാന്തി. വെള്ളെരിക്കു. കാട്ടുവിച്ചകം കാട്ടുമുല്ല. ചേരിൻകുരു. എരിക്കു.
ആസ്ഫോടം. മുത്തുച്ചിപ്പിപ്പുട്ടൽ.
ആഹേരു. ശതാവരി
ആളുപകം. ഒരംഴചേമ്പ.
ആഴാന്തൽ. പലകപ്പയ്യാനി.
ആറുകാൽ. കയ്യുന്ന്യം

## ഇ.

ഇകണക്കുരു. കഴഞ്ചിക്കുരുവെന്നൊരു പക്ഷം.
ഇംഗാലം. കരി
ഇംഗുദി. ഓടവള്ളി
ഇജ്ജലം. നീർക്കടമ്പുവൃക്ഷം.
ഇടമ്പിരി. ഇടവകം
ഇട്ടഭാ. അമ
ഇത്തിക്കണ്ണി. ഇത്തിൾ.
ഇത്തിൾ ഇത്തിക്കണ്ണി. ഞമഞ്ഞിക്കും പറയും.
ഇത്തിൾക്കൂടം. ഇത്തിക്കണ്ണി.
ഇനപൻ. കപ്പൂരം. എരിക്കു.
ഇന്ദീവരം കരിങ്കുവളം.
ഇന്ദീവരീ. ശതാവരി.
ഇന്ദു. കപ്പൂരം
ഇന്ദ്രദ്രു. നീർമരുതു. പുല്ലമരുതു.
ഇന്ദ്രനീലം. ഒരുരത്നം.
ഇന്ദ്രപുഷ്പി. മേന്തോന്നി.
ഇന്ദ്രഭുജംഗം. തുത്ഥനാഗം.
ഇന്ദ്രയവം. കുടകപ്പാലയരി.
ഇന്ദ്രലത. ഉഴിഞ്ഞ
ഇന്ദ്രവല്ലി ഉഴിഞ്ഞ. മുൾക്കൊററാൻ.
ഇന്ദ്രവാരുണി. കറുത്തശംഖുപുഷ്പം. കാട്ടുവെള്ളരി. മെതുക്കു. കുമ്മട്ടിക്കാ.
ഇന്ദ്രസുരസാ. കരുനൊച്ചി.
ഇന്ദ്രാ. കാട്ടുവെള്ളരി.
ഇന്ദ്രാണി. കരുനൊച്ചി.
ഇന്ദ്രാണികാ. കരുനൊച്ചി.
ഇപ്പിപുട്ടിൽ. മുത്തുച്ചിപ്പി.
ഇഭം. ആന.
ഇംഗുദി. ഓടൽ.
ഇര. ഇരുവേലി.
ഇരട്ടിമധുരം. അതിമധുരം.
ഇരിന്നൽ. പുകയിറ. കരി
ഇരിപ്പ. ഇലിപ്പ.
ഇരിമ്പുകിടൻ. കിട്ടം.
ഇരുവേലി. വെട്ടിവേരെന്നുതമിഴിൽ
ഇലവങ്ങം കറുവാമരത്തിന്നും പറയും ചിന്നിയെന്നു തമിഴ.
ഇലിപ്പ. ഇരിപ്പ.
ഇല്ലറക്കരി. പുകയിറ.
ഇല്ലി. മുള.
ഇഷ്ടകാപഥം. രാമച്ചം.

ഇഷ്ടഗന്ധം. പാൽമുതക്കു.
ഇഷ്ടമധൂകാ. തേക്കട.
ഇക്ഷു. കരിമ്പു.
ഇക്ഷുകാണ്ഡം. പാൽമുതക്കു.
ഇക്ഷുഗന്ധാ. പാൽമുതക്കു. വയൾച്ചുള്ളി. ആറുദർ. ഞെരിഞ്ഞിൽ. വെൺമുതക്കു.
ഇക്ഷുദണ്ഡം. കരിമ്പിൻതണ്ടു.
ഇക്ഷുരം. വയൾച്ചുള്ളി കരിമ്പു.
ഇക്ഷുരകം. വയൾച്ചുള്ളി.
ഇക്ഷുരസം. കരിമ്പിൽനീരു.
ഇക്ഷുസാരം കരിമ്പിൻനീരു.
ഇക്ഷുവല്ലി. പാൽമുതക്കു.
ഇക്ഷ്വാകു. പേച്ചുര.

## ൟ.

ൟരുള്ളി. ചുവന്നുള്ളി ചുവന്നവെങ്കായം ൟരവെങ്കായം.
ൟശ്വരബീജം. രസം.
ൟശ്വരമല്ലിക. എരിക്കെന്നൊരുപക്ഷം
ൟശ്വരമൂലി. വിഷത്തിന്നുള്ള ഒരു മരുന്നു. നെയ്യുണ്ണി പെരുമരുന്നുകൊടി എന്നു തമിഴ പെരുമരവള്ളി.
ൟശ്വരീ. അണലിവേഗം.
ൟശ്വരിബിന്ദു ഗന്ധകം.
ൟറമ്പന. ൟന്തൽപ്പന.

## ഉ.

ഉക കാപ്പിഎന്നൊരുപക്ഷം.
ഉഗ്ര വയമ്പു.
ഉഗ്രകാണ്ഡം. കള്ളി.
ഉഗ്രഗന്ധാ. വയമ്പു അയമോദകം
ഉങ്ങു. പുങ്കു.
ഉച്ചടാ. പെരിങ്കോരപ്പുല്ലു. കരുവിക്കിഴങ്ങു കരുവിവള്ളി.
ഉജ്ജടാ മഞ്ഞക്കുരിമ്പ.
ഉജ്ജാലം മലനെല്ലു.
ഉജ്ജ്വലം. പൊന്നു.
ഉഡുപതി. കൎപ്പൂരം.
ഉഡുപൻ. കൎപ്പൂരം
ഉഡുംബാ. ഊമമലർ
ഉൽക്കടം. ഇലവങ്ഗം. മഞ്ജിഷ്ഠാഭേദം.
ഉൽപ്പലം. കരിംക്രുവളം കൊട്ടം ചെങ്ങഴനീർക്കിഴങ്ങു താമരപ്പൂവു.
ഉൽപ്പലകന്ദകം. താമരക്കിഴങ്ങു
ഉൽപ്പലകാഷ്ഠം. കൊട്ടം. ദേവതാരം.
ഉൽപ്പലശാരിബാ. പാൽവള്ളി. നറുനീണ്ടി. പാൽമുതക്കു.
ഉൽപ്പലാദ്യം. ചെങ്ങഴനീർക്കിഴങ്ങു ആമ്പക്കിഴങ്ങു നെയ്തൽക്കിഴങ്ങു കരിംക്രുവളക്കിഴങ്ങു. താമരക്കിഴങ്ങു. ഇവയാകുന്നു.
ഉത്തമകന്യകാവ്യാ. പൂവൻകുറുന്തല. വേലിപ്പരുത്തി.
ഉത്തമാ കിഴകാനെല്ലി. ത്രിഫല.
ഉത്താനപാദം. ചുവന്നആവണക്കു.
ഉത്തുണ്ണി. കരികിൽവള്ളി.
ഉത്തേജനികാ. മണികഞ്ജുകാ.
ഉത്ഥലം. വേങ്ങ.
ഉദകം. ഇരുവേലി.
ഉദകീൎയ്യം. ആവിമരം. പുങ്ങു
ഉദജം. താമരപ്പൂവു.
ഉദശ്വിൽ. മോരു.
ഉദധിമലം. കടൽനുര.
ഉദധിരസം. കടൽനാക്കു.
ഉദ്ദാലകം. മലയെരിക്കു.
ഉദ്ദാലം. നറുവരിവൃക്ഷം.
ഉദ്ദാളം. ഏഴിലംപാട്ടിനെല്ലു
ഉദ്ദാളകം. കമുകിൻപൂവ.
ഉദീച്യം. ഇരുവേലി, രാമച്ചം.
ഉദുംബരപൎണ്ണി. നാഗദന്തി.
ഉദുംബരം അത്തി, ചെമ്പു.
ഉദൂഖലം. ഗുൽഗുച്ചു.
ഉദ്ധാരാ. അമൃതുവള്ളി.
ഉദ്ഭടൻ. എരിക്കു.
ഉദ്വേഗം. അടക്കാ.
ഉദ്വേജിനീ. കാട്ടുതൃത്താവു, കാട്ടുതുളസി
ഉന്ദുരുകൎണ്ണികാ. എലിച്ചെവിയൻ.
ഉന്മത്തം ഉമ്മത്തു.
ഉപകാലിക. പെരുഞ്ജീരകം.
ഉപകുഞ്ചികാ. ചിററേലം, കരിഞ്ജീരകം പെരിഞ്ജീരകം.
ഉപകുല്യാ. തിപ്പലി.
ഉപഫലാതം കൊന്ന.
ഉപചിത്ര എലിച്ചെവിയൻ, നാഗദന്തി
ഉപചിത്രകാ. നാഗദന്തി.
ഉപമേദം. പെരുമരം.
ഉപവിഷാ അതിവിടയം.
ഉപലം. കല്ലൂണ്ടം, രത്നം.
ഉപലാ. കല്ലൂണ്ടം.
ഉപോദകാ. കൊഴ്പ്പ
ഉപോദീ. ഒരു വക ചീര, കൊഴുപ്പ.
ഉപ്പൻ. ചകോരപക്ഷി, ചെമ്പോത്തെന്നും പറയും.
ഉഭയനിശാ. മഞ്ഞളും, മരമഞ്ഞളും
ഉഭസ്ഥിൻ. മോര
ഉഭൌമേദ മേദയും, മഹാമേദയും.
ഉമ. അഗശി, ചെറുചണം, അഗസ്തി.
ഉമ്മത്തം. ഉമ്മത്തു. ഉമ്മം എന്നുംപറയും
ഉരണം മുത്തെങ്ങാ.
ഉരുവൃകം. ആവണക്കു.
ഉൎവ്വാരു. വെള്ളരി, പേക്കുമ്മട്ടി.

ഉല്പലകന്ദം കരിങ്കുവളക്കിഴങ്ങു.
ഉല്പലം കൊട്ടം, ചെങ്ങഴനീർ.
ഉല്പലശാരിബാ.. നറുനീണ്ടി.
ഉല്ലേപനീയം. തേററാമ്പരൽ.
ഉൽക്ഷീപ്പം. ഉമ്മം
ഉശീരം. രാമച്ചം.
ഉഷണ. തിപ്പലി
ഉഷണം മുളകു.
ഉഷർബ്ബുധൻ. കൊടുവേലി.
ഉഷ്ണം. മുരിങ്ങ.
ഉഷ്ണകിരണൻ എരിക്കു.
ഉഷ്ണരശ്മി എരിക്കു.
ഉഷ്ണാംശു. എരിക്കു.
ഉഷ്ണികാ. ചുക്കുകഞ്ഞി.
ഉഷ്ണോദകം. ചൂടുവെള്ളം.

## ഊ

ഊധസ്യം പാൽ.
ഊരുവു. ആവണക്കു-
ഊരുവൃകം. ആവണക്കു
ഊരുമാലം. നീർമാതളം.
ഊഷകം ഉവർമണ്ണു. കന്മതം. മയൂരതുത്ഥം.
ഊഷണം. നല്ലമുളകു, തിപ്പലി, ചുക്കു, വാൽമുളകു.
ഊഷണാ. തിപ്പലി
ഊഷണത്രയം. ചുക്കും മുളകും തിപ്പലിയും.
ഊഷരം. മൂത്രക്ഷാരമണ്ണു.
ഊർദ്ധ്വപുഷ്പി. മേന്തോന്നി
ഊപ്പം. ഇത്തി.

## ഋ

ഋജുകണ്ടകം. ഇലന്ത.
ഋതം. ഇരുവേലി.
ഋദ്ധി. ഇരുത്തി, ചെറിയ കാട്ടുമുതിര, ചെറുവിടക്കോൽ
ഋശ്യഗന്ധം ആനക്കുറുന്തോട്ടി
ഋശ്യപ്രോക്താ. ശതാവരി, നായ്ക്കുരുണ, ആനക്കുറുന്തോട്ടി.
ഋശ്യം. പുള്ളികേഴമാൻ, മരമാൻ.
ഋഷഭം. ഇടവകം, ഇടമ്പിരി
ഋഷിപത്രാ. മുരം.
ഋക്ഷഗന്ധാ മറികുന്നി.
ഋക്ഷഗന്ധികാ. വെണ്മതക്കു, പാൽമുതക്കു
ഋക്ഷം. പലകപ്പയ്യാനി.
ഋക്ഷേശൻ.. കപ്പൂരം.

## എ

എട്ടി. കാഞ്ഞിരം.
എയ്യൽ. മുള്ളൻ.
എരിക്കിഴങ്ങു ഇഞ്ചി.
എഷ്ടിമധുകം. ഇരട്ടിമധുരം, അതിമധുരം
എഷ്ട്യാഹ്വാ ഇരട്ടിമധുരം
എഷ്ടി. ഇരട്ടിമധുരം.

## ഏ

ഏകകണ്ടകം. വയച്ചുള്ളി.
ഏകനായകം. പൊങ്കുരണ്ടി.
ഏകപത്രം. ഓരിലത്താമര.
ഏകാഷ്ഠീലാ. പാടവള്ളി നിലംപറണ്ട വെള്ളെരിക്കു.
ഏഡഗജം തകര
ഏഡവാളുകം. ഏലാവാലുകം.
ഏണം. മാൻ. കൃഷ്ണമൃഗത്തിനും പറയും.
ഏണാങ്കൻ കപ്പൂരം.
ഏണ്യം. മാനിനെസംബന്ധിച്ചതെല്ലാം
ഏരകപ്പുല്ലു. കടൽപ്പുല്ലു.
ഏരണ്ഡം. ആവണക്കു.
ഏരണ്ഡദ്വയം ആവണക്കു ചുവന്നതും വെളുത്തതും.
ഏലത്തരി ചിറേറലം.
ഏലപ്പൂട്ടിൽ ഏലക്കായ.
ഏലം. ഏലത്തരി.
ഏലാ. ഏലത്തരി.
ഏലാപർണ്ണി. ചിററരത്ത. അരത്ത.
ഏലായുഗ്മം. ചിറേറലവും പേരേലവും.
ഏലാവാലുകം ഏലാവാലുകം തന്നെ.
ഏളഗജം. തകര.

## ഐ

ഐണേയം. മാനിനെ സംബന്ധിച്ചുള്ളതു
ഐംഗുദം. ഓടൽക്കുരു.
ഐന്ദ്രീ ഉഴിഞ്ഞ.
ഐരാവതം: നിലഞാവൽ. മധുരനാരങ്ങാ ഇതളൂരി നാരകം മേന്തോന്നി.
ഐരാവതി ചെറുനാരകം. വിലാശ്ശുതുടരി.
ഐലേയം ഏലാവാലുകം.
ഐക്ഷവം. കരിമ്പിൻവേർ.

## ഒ.

ഒട്ടൽ. അമല്പുല്ല
ഒട്ടലാമ്പൽ. ഒരുവകതാമര
ഒദനപാകി. പാച്ചോററി, കരുങ്കുറിഞ്ഞി.
ഒരുവേരൻ. പെരുകലം, വെരുകെന്നും ചിലർ

## ഓ.

ഓമം അയമോദകം. കായച്ചുരക്ക
ഓമ. കപ്പളം
ഓഷധീശൽ. കൎപ്പൂരം.
ഓഷ്ഠം. കോവൽ.
ഓഷ്ഠാപുഷ്പി. ചെമ്പരുത്തി.
ഓഷ്ഠോപമഫലം കോവൽതൊണ്ടി

## ഔ.

ഔജസം. പൊന്നു.
ഔദകവല്ലി. നീൎച്ചീര.
ഔദുംബരം. അത്തിക്കുരു.
ഔല്പലം ചെങ്ങഴനീൎക്കിഴങ്ങു.
ഔത്ഭിദം. ഉവരുപ്പു പൊടിയുപ്പു.
ഔഷരം പൊടിയുപ്പു.
ഔശീരം. രാമച്ചം.

## ക.

കകുഭം. നീൎമരുതു.
കക്കരി. ഒരുവക വെള്ളെരി.
കക്കോലം. തക്കോലം
കക്കുടി. കൽച്ചുണ്ണാമ്പു.
കങ്കപത്രം. കഴുകന്റെ തൂവൽ.
കങ്കേളി. അശോകവൃക്ഷം.
കംഗു. തിന.
കചം. ഇരുവേലി.
കച്ചൂരം. കച്ചോലം
കച്ഛം പൂവരശു.
കച്ഛൂരാ കൊട്ടത്തൂവ.
കച്ഛുരാ. കൊട്ടത്തൂവ. നായ്ക്കുരുണ
കച്ഛുരകം. ചെറുകച്ചോലം.
കച്ഛുരം. കച്ചോലം
കച്ഛുരി കൊട്ടത്തൂവ.
കജ്ജളം. അഞ്ജനം. മുത്തെങ്ങാ
കഞ്ചാ. കോരക്കൎമൂലി എന്ന തമിഴിൽ.
കഞ്ജം താമരപ്പൂവു.
കടംകടേരി. മഞ്ഞൾ. മരമഞ്ഞൾ.
കടഘ്ലാടം മലങ്കാര
കടഭി. പാലുഴവം. വെങ്കുന്നി. വെൾവയമ്പു
കടംബരം. നീൎക്കടമ്പു
കടംഭരാ. പ്രസാരണി.
കടലാവണക്കു. അപ്പയാവണക്കെന്നും പറയും. കുറിയോട്ടി എന്നും ചിലർ
കടഭി. വെങ്കുന്നി. വെളുത്തവയമ്പു.
കടില്ലകം. പാവൽ. തണ്ടുനെടിയ തമിഴാമ.
കടു. കടുകരോഹിണി കൎപ്പൂരം. കടുകു. തിപ്പലി.
കടുകാ. കടുകരോഹിണി. വേച്ചുര കടുകു.
കടുകം. മുളക്കരിമ്പു കാട്ടുമുല്ല.
കടുകു. കരിങ്കടുകു. പെരിങ്കടുകു. വെൺകടുകു. ചെറുകടുകു.
കടുകി. ഞാഴൽ. കടുകുരോഹിണി.
കടുകികാ കുറുഴ്ലി. ചുണ്ടക്കാ. വേപ്പില.
കടുതിക്തം. ചണ്ഡ.
കടുതുംബി. വേച്ചുര.
കടുത്രയം. ചുക്കും മുളകും തിപ്പലിയും. ത്രികടു എന്നും പറയും.
കടുത്രികാ. കടുത്രയം നോക്കുക.
കടുഫലം. തക്കോലം ക്രുവളത്തിൻകായ
കടുംഭരാ. കടുകരോഹിണി. പ്രസാരണി
കടുരോഹിണി. കടുകരോഹിണി.
കടുപാസ്സു. പെരുഞ്ചീര.
കട്ടംഗം. ചുക്കു.
കട്ടൽക്കടം. മരമഞ്ഞൾ.
കഫലം കുമ്പിൾവൃക്ഷം.
കടപാംഗം. പെരുമരം. പലകപ്പയ്യാനി.
കടംഗഫലം പെരുമരത്തിൻകായ. പലകപ്പയ്യാനിക്കാ.
കടപരം. മോര,
കടപീ. പലകപ്പയ്യാനി.
കഠിഞ്ജരം. തുളസി. കഞ്ജകം പെരുമ്പലകം.
കഠിനീ. കൽച്ചുണ്ണാമ്പു.
കഠില്ലകം. വെന്തഴുതാമ.
കണജീരകം ചെറുജീരകം.
കണവീരം. കണവീരം തന്നെ.
കണാ തിപ്പലി. ജീരകം.
കണാഢ്യം. വെൺജീരകം.
കണാമൂലം. കാട്ടുതിപ്പലിവേർ.
കണികാ. തിപ്പലി. ജീരകം. മുഞ്ഞ.
കണിയാരം. മുള. ഇല്ലി.
കണ്ടകാര. കട്ടക്കാര.
കണ്ടകാരി. പുത്തരിച്ചുണ്ട. കണ്ടകത്തിരി എന്നും ചിലർ കട്ടക്കാര.

കണ്ടകാരികാ. കണ്ടകാരി, കണ്ടൻകത്തിരി.
കണ്ടകീ. ഞെരിഞ്ഞിൽ, ചെറുവഴുതിന.
കണ്ടകിഫലം. പ്ലാവുവൃക്ഷം.
കണ്ടങ്കത്തിരി. ധാവനി കണ്ടകാരി എന്നു പക്ഷം
കണ്ടശർക്കര. കല്ലുണ്ടം.
കണ്ടശല്മലി. മുള്ളിലവു.
കണ്ഡുകരീ. നായ്ക്കുരുണ.
കണ്ഡുരാ. നായ്ക്കുരുണ.
കതകം. തേററാമ്പരൽ.
കതകഫലം തേററാമ്പരൽ.
കത്തൃണം. പുത്തരിച്ചുണ്ട, ചുണ്ട.
കദം മുത്തെങ്ങ.
കദംബകം. കടുക.
കദംബപുഷ്പി വെള്ളാമ്പൽ, നീർക്കടമ്പു, കടുക, മുത്തെങ്ങാ.
കദരം വെള്ളകരിങ്ങാലി.
കദളീ. കരിങ്കദളി വാഴ, കദളിപ്പൂവു
കദളികിഴങ്ങ്. കദളിവാഴമാണം, കദളികന്ദം എന്നും പറയും.
കനകം പൂശ്, ഉന്മത്തം, പൊന്നു, പുഷ്പകാസീസം.
കനകവാഴ. കാനകവാഴ, ഒരുവകചീര.
കനകദലം ഉമ്മത്തില.
കനകക്ഷീരി. മലയെരിമ, എരിമക്കള്ളി.
കനകാഹ്വയം. ഉമ്മത്തു.
കനൽ. കൊടുവേലി.
കന്ദം. ചേന, താമരക്കിഴങ്ങ, എല്ലാ വക കിഴങ്ങിനും പറയും.
കന്ദരാളം പൂവരശു, കല്ലാൽ, മലയുഗ.
കന്ദാരം.. പേരാൽ, താമരക്കിഴങ്ങ.
കന്ധരം. മുത്തെങ്ങാ.
കന്നാരം ഒർങ്ങാട്ടി മരുന്നു കന്നാരം തന്നെ.
കന്മതം. പാറപൊട്ടിപ്പുറപ്പെടുന്ന മദം.
കന്ന്യാ കററാർവാഴ, ഞാഴൽ.
കന്ന്യകാപുടം പേരേലം.
കപാലികാ. പിച്ചകം.
കപികച്ശു നായ്ക്കുരുണ. കണ്ടിവെണ്ണ
കപികാ. നായ്ക്കുരുണ.
കപിതൽ. കിലുക്കിലുപ്പ.
കപിത്ഥഫലിനീ. വിളാമ്പശ.
കപിത്ഥം വിളാമരം.
കപിലാ ഇരുവില്ലമരം അരേണകം.
കപിലോല. അരേണകം
കപിവല്ലി. അത്തിത്തിപ്പലി.
കപിപ്രിയം. വിളാർ.
കപിശം. സാംപ്രാണി.
കപിലാഹം. പിച്ചള.
കപിശീർഷകം. ചായില്യം.
കപിപിണ്യാകം. കണ്ടിവെണ്ണ.
കപിലം. കണ്ടിവെണ്ണ.
കപിച്ചൂഡം വെളുത്തപേരാൽ, കല്ലാൽ
കപീതനം. അമ്പഴം, പൂവരശു, കല്ലാൽ നെന്മേനിവാക
കപില്യ. പനച്ചി.
കപോതവാനം. വെളുത്തപേരാൽ
കപോതനന്ദനം. അഞ്ജനക്കല്ലു.
കപോതം. താറുതാവൽ മാടപ്രാവു.
കപോതയാമുനം. രസാഞ്ജനം.
കപോതാംഘ്രി. പവിഴക്കൊടി, മാഞ്ചി
കപോതവർണ്ണം ചിററേലം.
കപോതപാകം തകരം, അടക്കാമണിയൻ
കഫം. കടൽനുര, കടൽനാക്ക, എന്നും പറയും
കബരി. നായർവെണ്ണ, പെരുങ്കായമരം പാൽതുത്ഥം, അരേണകം
കമനീയം. ചെമ്പകം.
കമലം. താമരപ്പൂവു, താമരവളയം, ഇരുവേലി.
കമലബന്ധു. എരിക്ക.
കമലലോചനം. ചെഞ്ചീര.
കമലോത്ഭവരജസ്. താമരയല്ലി.
കമലോത്തരം. കുയ്യമ്പപ്പൂവു.
കം. ഇരുവേലി.
കംപിള്ളം. കരുമ്പടം
കംപില്യകം. കമ്പിപ്പാല.
കംപില്യാ. കമ്പിപ്പാല.
കംബു. ശംഖ.
കംബുകം. കവുങ്ങ
കമ്മട്ടി. കടലാവണക്ക.
കംസാസ്ഥി വെള്ളോട്ട.
കർ. മയിൽ, കൊടുവേലി, എരിക്ക.
കയസ്ഥാ. കാകോളി. കാട്ടുതുത്താവു, കടുക്കാ.
കയ്യന്ന്യം. കൈതോന്നി എന്നും പറയും കയ്യാന്തകര എന്നു തമിഴ കയ്യുണ്ണി എന്നു വടക്കർ.
കയ്യ. പടവലത്തിനും പറയും.
കര. ഉതി.
കരകം. താളിമാതളം, മാതളനാരകം, മാവു
കരകവല്ലഭ. നെയ്യുണ്ണി.
കരകാമ്ലം മാതളം, അമ്പഴം
കരക്കാഞ്ഞിരം. കിരിയാത്തു.
കരഘാടാ. മലങ്കാര.
കരച്ചുള്ളി. മലങ്കാര.
കരജം. ആവിൽവൃക്ഷം, പുലിച്ചുവടി, പുങ്ങ.
കരഞ്ജം. പുങ്ങ, ആവി
കരഞ്ജയുഗമം. ഉങ്ങും, ആവിയും.
കരഞ്ജഭേദം ആവിൽ.
കരണ്ഡം. പെരുമരം.
കരതം. മാതളനാരകം
കരന്തകാളി കരിങ്കൊടങ്ങൽ.

കരമൎദ്ദകം. പെരിങ്കളാവു.
കരംഭം ഉന്മത്ത, ഇത്തിമാരണി, ചെറു തേക്കു.
കരയാമ്പൂവു. കിരാമ്പു.
കരവീരം കണവീരം, കൈപ്പ.
കരഹാടകം. താമരക്കിഴങ്ങു മലങ്കാര.
കരാവി. കരിഞ്ജീരകം.
കരാളം. കരിഞ്ജീരകം.
കരിങ്കുവളം. കറുത്തതാമര, നീലത്താമര.
കരിങ്കുടങ്ങൽ. കരന്തകാളി.
കരിന്തുളസി. കൃഷ്ണതുളസി, കറുത്തൂ ത്താവെന്നും പറയും.
കരിപിപ്പലി. അത്തിത്തിപ്പലി
കരികിലാഞ്ചി. ഒരു വള്ളി.
കരീരം. അഗസ്ഥിവൃക്ഷം, ക്രുവളം, ഇല്ലി ക്രുമ്പു.
കരിന്തകാളി. കറുത്തകുടകൻ കരിങ്കു ടങ്ങൽ.
കരുംകുറുഞ്ഞി. ചിറുകുറിഞ്ഞാ.
കൎക്കടക. കൎക്കടകശൃംഗി
കൎക്കടി. വെള്ളെരിക്കാ, നായ്ക്കുരുണ.
കൎക്കടകി. കൎക്കടകശൃംഗി.
കൎക്കന്ധു. പെരുംതുടരി, ഇലന്തമരം
കൎക്കരി വെള്ളെരി.
കൎക്കശഛദം. പടോലം
കൎക്കശം. പെരുംപീരം, കമ്പിപ്പാല.
കൎക്കാരു. ഒടാ, കുമ്പളം, കക്കരിക്കാ, വെ ള്ളെരി.
കൎക്കോടകം. ക്രുവളം, കരിമ്പു.
കൎച്ചൂരം. കച്ചോലം.
കൎണ്ണഫലം. ഞെരിഞ്ഞിൽ.
കൎണ്ണികാരം. കൊങ്ങു, കൊന്ന, പഴമുണ്ണാ ല, വേങ്ങ.
കൎണ്ണികാ. താമരപ്പൂവിലെ മൊട്ടു.
കൎണ്ണം. ചുണ്ട.
കൎദ്ദമഗന്ധി. ചെറുതേക്കു.
കൎദ്ദമജം ആമ്പൽ, താമര.
കൎദ്ദീ. ഏലത്തരി.
കൎപ്പൂരാളം. മലയുക.
കൎപ്പരി. ഒരുവക രസാഞ്ജനം. ലോഹ പാത്രത്തിൽ മരമഞ്ഞൾകൊണ്ടു കഷാ യം വെച്ചു ചമച്ചതു.
കൎപ്പാസം. പഞ്ഞി.
കൎപ്പാസി. പഞ്ഞിമരം.
കൎപ്പൂരം. പച്ചകൎപ്പൂരം ചൂടൻകൎപ്പൂരം.
കൎബ്ബുരം. മഞ്ഞപ്പാഷാണം, പൊന്നു, ഇരു വേലി.
കൎമ്മാരം. ഇല്ലി.
കൎമ്മംഫലം. ജോനകനാരങ്ങാ.
കൎമ്മസാക്ഷി. എരിക്കു.
കൎഷഫലം. താന്നിമരം താന്നിക്കാ.
കലയ്യം. മുതിമരം.

കലശം. പതിമുകം.
കലശി. ഓരില, മൂവില.
കലാനിധി. കൎപ്പൂരം.
കലാപൻ. കൎപ്പൂരം.
കലാപം. മയിൽപ്പീലി
കലാപി. മയിൽ.
കലാവിദ്ധൃത. മനയോല.
കലികൻ. നീൎക്കോഴി.
കലിംഗം കുടകപ്പാലയരി.
കലിദ്രുമം. താന്നിവൃക്ഷം.
കലിമാരകം. ആവിമരം.
കലിവൃക്ഷം. താന്നിമരം.
കലിഹാരി. മേന്തോന്നി.
കലിക്ഷുദ്രാ. കണ്ടകാരി, കണ്ടൻകത്തിരി
കല്ക്കൂണ്ഡം. പനങ്കക്കണ്ടിനും ചീനകക്ക ണ്ടിനും പറയും
കല്ത്താമര. ഓരിലത്താമര, കല്ലിലുണ്ടാ കുന്ന താമര.
കല്പിതം പൊന്നുമത്തു
കല്ഹാരം. ചെങ്ങഴനീൎപ്പൂവ, ആമ്പൽ, ചെന്താമര
കല്യാ. കടുക്കാ.
കവരം ഉപ്പുരസം.
കവരീ നായർവെണ്ണ.
കവിത്വക്. കിലുകിലുപ്പ.
കശകശ. കറുപ്പുണ്ടാകുന്ന തൈയ്യുടെ പുട്ടിൽ.
കശേരുകം താമര, കഴിമുത്തെങ്ങാ
കശേരു. കഴിമുത്തെങ്ങാ.
കശ്മീരജന്മാവു കുങ്കുമപ്പൂവ.
കഷ്ഠഗന്ധം. പെരുമരം.
കഷ്ഠഫലം. താന്നി.
കഷായഫലം. നെല്ലിക്കാ.
കഷായക്കല്ലു. കാവിമണ്ണ.
കഷായം. മെഴുകു.
കസ്തൂരിക. കസ്തൂരി.
കസ്തൂരി. മൃഗത്തിൽനിന്നെടുക്കുന്ന സുഗ ന്ധമുള്ള വസ്തു.
കസ്തൂരീ. കാകോളി
കളധൌതം വെള്ളിയും, പൊന്നും.
കളംബി. വശളച്ചീര.
കളമം. കളപ്പാലിച്ചാലി.
കളംബു വെള്ള.
കൾഫലം കുമ്പിൾമരം. കാരകരു.
കളായം. വട്ടച്ചണായി, കടലക്കാ.
കള്ളി കള്ളിപ്പാല, ഇലക്കള്ളി, ചതുരക്ക ള്ളി, ഇത്യാദി.
കറുക. അറുകൻപുല്ലെന്നും പറയും.
കറുത്തപായിപ്പയറു. കറുത്ത ചെറു പയറു.
കറപ്പു. അഫിയൻ എന്നും പറയും.
കറാടിശം ചെങ്കൊറണ്ടി, ഏകനായക ഭേദം.

കററടിന്യായകം. കററടിശംഎന്നൊരു പക്ഷം, കട്ടിച്ചന്ന്യായം എന്നും ചിലർ
കററാർവാഴ കററാഴ, കററവാഴ

## കാ.

കാകചിഞ്ചാ. കുന്നി.
കാകജിഹ്വാ. കുറുച്ചുലി.
കാകതിക്താ. കുറുച്ചുലി, കാക്കത്തൊണ്ടി,
കാകതിന്ദുകം. കാക്കപ്പനിച്ചം.
കാകനന്ദികാ. കുന്നി.
കാകനാസികാ. മേന്തോന്നി.
കാകജംബു. നീലഞാവൽ.
കാകനി. മഞ്ചാടി, കവടി.
കാകപർണ്ണി. കാട്ടുപയറു.
കാകപീലുക. കാക്കപ്പനിച്ചം
കാകമാചി. കരിന്തകാളി, മണന്തക്കാളി, കരിവേപ്പു.
കാകമുല്ഗം. കാട്ടുപയറു
കാകമുല്ഗാ. ചെറുവിടക്കോൽ.
കാകമുഷ്ടികാ. കാഞ്ഞിരം.
കാകശ്രേഷ്ഠാ. അടകൊതിയൻ
കാകാംഗീ. മേന്തോന്നി
കാകാദനീ. ചെറുപുന്നയരി, കാക്കത്തൊണ്ടി.
കാകാണ്ഡോല. ചെരുപ്പടിപ്പയർ.
കാകീ. ഉവരം
കാകുളകം പൂവരശു.
കാകുളി. കക്കടകശൃംഗി.
കാകേന്ദു. കാക്കപ്പനച്ചം.
കാകോണ്ഡോല. വേട്ടങ്ങപ്പയറു.
കാകോദുംബരികാ. കാട്ടത്തി, പേയത്തി, കറുത്തകുന്നി.
കാകോളീ. കാകോളിതന്നെ
കാകോളിദ്വയം. കാകോളിയും, ക്ഷീരകാകോളിയും.
കാക്കജംബു. നിലഞാവൽ.
കാക്കപൊന്നു അഭ്രം, പഴമാനം, ഭൂമിയുടെ ധാതുക്കളിൽ ഒന്നു.
കാചസ്ഥാലി. പാതിരി.
കാചാവു. കായാവു എന്നും പറയും.
കാഞ്ചനപല്ലവം. കറുത്ത ഉമ്മത്തില.
കാഞ്ചനപ്പൂവു. മലമന്താരപ്പൂവു
കാഞ്ചനം. ഉമ്മം, മലമന്താരം, പൊന്നു, മല്ലിക.
കാഞ്ചനാഹ്വയം ഉമ്മത്തു, നാഗപ്പൂമരം.
കാഞ്ചനി. മഞ്ഞൾ, മഞ്ഞപ്പാല.
കാഞ്ചികാ. കാടി.
കാഞ്ഞിരം. തമിഴിൽ എട്ടി എന്നു പറയും.
കാട്ടത്തി. പേയത്തി.
കാട്ടപ്പ പുറമൈനാറി എന്നും പറയും

കാട്ടാവണക്കു. കടലാവണക്കെന്നൊരു പക്ഷം.
കാട്ടുതുളസി. കാട്ടുത്രത്താവു.
കാട്ടുമുരിങ്ങ. മാവിലങ്കം എന്നു തമിഴിൽ.
കാട്ടുവെള്ളരി പേക്കുമ്മട്ടി.
കാണം. മുതിര, കൊള്ളെന്നു തമിഴിൽ.
കാണ്ഡം. ഇരുവേലി.
കാണ്ഡേക്ഷു ആററുദർഭ, വയച്ചുള്ളി.
കാത്തു. കാശിക്കട്ടി
കാദംബം. കടമ്പിൻപൂവു,
കാദളം. വാഴക്കാ.
കാനകവാഴ. കനകവാഴ, ഒരുവക ചീര.
കാനനമല്ലി. കാട്ടുമല്ല.
കാന്താ. ഞാഴൽ
കാന്തം. സൂൎയ്യകാന്തം, ചന്ദ്രകാന്തം, അയസ്കാന്തം
കാന്തസിന്ദൂരം. അയസ്കാന്തം നീററി ഉണ്ടാക്കിയ ഭസ്മം.
കാന്താരകം ഒരംഴക്കരിമ്പു
കാന്താരം. ഒരംഴക്കരിമ്പു, നീലക്കരിമ്പു.
കാന്താരി. കാന്താരിമുളകു.
കാപോതം വേങ്ങവെർ, ക്രട്ടിച്ചമച്ചപ്പു, കാപോതാഞ്ജനം.
കാപോതാഞ്ജനം. കാപോതം നോക്കുക.
കാമിനീ ഇത്തിൾക്കണ്ണി.
കാമുകം. കുരുക്കത്തിമുല്ല, ഞാഴൽ.
കാമ്പില്യം. കമ്പിപ്പാല.
കാംബോജി. കുന്നി, പെരിങ്കാണം, കാട്ടുഴുന്നു.
കായം. സോമനാതികായം, പെരിങ്കായം.
കായൽ. ഇല്ലി, മുള.
കായസ്ഥാ. കടുക്കാ, കാകോളി.
കായാമ്പു. കാചാവു എന്നും, കാഞ്ഞാമ്പൂവ എന്നും പറയും.
കാര. കട്ടക്കാരക്കം കുററിക്കാരക്കം പറയും.
കാരണ്ഡം. താമരക്കൊഴി, കുളക്കൊഴി.
കാരം പൊൻകാരം, ഉവച്ചിലക്കാരം, പട്ടിക്കാരം, പപ്പടകക്കാരം, ചീനക്കാരം, ചവക്കാരം, ഇത്യാദി.
കാരംഭ. ഞാഴൽ.
കാരംഭി പുല്ലാന്നി
കാരവല്ലി. പാവൽ, കയ്യയില.
കാരലതികാ. കയ്യ.
കാരവി. കാട്ടുപാവൽ, ചതകുപ്പ, കരിഞ്ചീരകം, പെരുങ്കായമരം, ഞെരിഞ്ഞിൽ. പുളി, അയമോദകം എന്നുമൊരുപക്ഷം.
കാരവിജം. അയമോദകം, ഓമം.
കാരവെല്ലം. പാവൽ, കാക്കക്കൊടി.
കാസ്ഫൂൎജം. കരിഞ്ചീരകം.

കാരസ്കരം. കാഞ്ഞിരം, എട്ടി.
കാരുപ്പു. കറുത്ത ഉപ്പ്
കാരുമ്മത്തു. കറുത്ത ഉമ്മത്തു.
കാൎ. മുത്തെങ്ങാ.
കാൎണ്ണികാരം. കൊന്ന.
കാൎത്തസ്വരം. പൊന്നു
കാൎപ്പാസം. നൂൽപ്പരുത്തി.
കാൎപ്പാസാസ്ഥി. പരുത്തിക്കുരു.
കാൎപ്പാസി. നൂൽപ്പരുത്തി.
കാൎമ്മുകം. മലവേപ്പു.
കാൎശ്യം. മുളപ്പുമരുതു
കാൎഷ്മരി. കുമിൾ, പെരിങ്കുമിൾ.
കാൎഷ്മൎയ്യം. പെരിങ്കുമിൾ.
കാഷികാ. ഇലവങ്ഗം.
കാലകൃത്തു. എരിക്കു.
കാലാക്ഷേക്ഷു. നല്ല കാട്ടുകരിമ്പു, നസ്സൂർ നാട്ടിൽ കരിമ്പു.
കാലമാലം. കരിങ്കഞ്ജകം, കൃഷ്ണതുളസി.
കാലശേയം. മോരു.
കാലാനുസാരി. സാംപ്രാണി, ശിംശവാ വൃക്ഷം
കാലികം മരമഞ്ഞൾ, ചന്ദനം
കാലിംഗം കൊടകപ്പാലയരി, കുമ്മട്ടി.
കാലീയകം. മരമഞ്ഞൾ, ചന്ദനം
കാലേയകം. മരമഞ്ഞൾ, ചന്ദനംരണ്ടും
കാലേയം. മരമഞ്ഞൾ, ചെവ്വള്ളിക്കൊടി, കസ്തുരിമഞ്ഞൾ.
കാല്യകം. കച്ചോലം,
കാവേരം. കുങ്കുമപ്പൂവ.
കാശം. ആറ്റുദൎഭ കുശദൎഭ
കാശ്മരി. പെരിങ്കുമിഴ, കുമ്പിൾ.
കാശ്മൎയ്യം. പെരുംകുമിഴ മരം, കുമ്പിൾമരം.
കാശ്മീരജന്മം. കുങ്കുമപ്പൂവ
കാശ്മീരജം. കുങ്കുമപ്പൂവ.
കാശ്മീരം. പുഷ്കരമൂലം.
കാശ്യാ. മുളപ്പുമരുതു
കാശ്യവൻ. എരിക്കു.
കാഷ്ഠുകം. ചെന്നിനായകം.
കാഷ്ഠദാരു. ദേവതാരം
കാഷ്ഠീലാ. വാഴ
കാഷ്മൎയ്യം. കുമ്പിൾ.
കാഷ്ഠകം. ഉത്ഥം.
കാസമൎദ്ദം. പൊന്നാരവീരൻ.
കാസഹാരി. പൊന്നാരവീരൻ.
കാസീസം. കറുത്തീയം, മയിൽതുത്ഥം.
കാസീസഭവം. ധാതുകാസീസവും, പുഷ്പകാസീസവും.
കാളകണ്ഠൻ. മയിൽ.
കാളമാല കാട്ടുതുളസി
കാളമേഷികാ. മഞ്ചട്ടി, കരിഞ്ചുവര, നാല്ക്കോപ്പക്കൊന്ന.
കാളമേഷി. കാട്ടുജീരകം, കാർവ്വാകിലരി.
കാളയാ. മഞ്ഞൾ
കാളശാകം. കാട്ടുപറങ്ങ, കരിവേപ്പില.
കാളസ്കന്ധം. പനിച്ചി, പച്ചിലവൃക്ഷം.
കാളസ്ഥാലി പൂപ്പാതിരിമരം, പാതിരിമരം.
കാളാ. കരിഞ്ചീരകം നാല്ക്കോപ്പക്കൊന്ന.
കാളാഗുരു. കാരകിൽ.
കാളാനുസാരി സാംപ്രാണി, ചേലയകം, ഉലുവാ
കാളാനുസാൎയ്യം. സാംപ്രാണി, ചേലേയകം, ശിംശവവൃക്ഷം, ചെവ്വള്ളിക്കൊടി
കാളായസം. ഇരിമ്പു, കാരിരിമ്പു. അല്ലെങ്കിൽ ഉരുക്കു.
കാളാരിമേദം. കറുത്ത കരിവേലകം.
കാളികാ. കാക്കോളി.
കാളികം കാരകിൽ, മരമഞ്ഞൾ, തമിഴിൽ മണിത്തക്കാളിക്കും പറയും.
കാളീ. അമരി.
കാളേയകം. ചെവ്വള്ളിക്കൊടി, മോരു.
കാക്ഷീ. തുവര
കാക്ഷീവം മുരിങ്ങ.
കാൎ. മുത്തെങ്ങാ

## കി.

കിഞ്ജല്കം. ഞാഞ്ഞൂൾ.
കിങ്കില്ലം. ഉമരയച്ചി.
കിടി. പന്നി.
കിട്ടം. ഇരിമ്പിന്റെ കീടൻ.
കിണിഹി. വല്യകടലാടി. ഒരുവക കിലുകിലുക്ക.
കിതവൻ. ഉമ്മത്തു.
കിംപാകം. കാക്കത്തൊണ്ടി.
കിംശുകം. പ്ലാശു, മുരുക്കു
കിംശുകവല്കം. മുരുക്കിൻതൊലി.
കിരണമാലി. എരുക്കു.
കിരാതതിക്തം. പുത്തരിച്ചുണ്ട, നിലവേപ്പു.
കിരാതം. പുത്തരിച്ചുണ്ട, നിലവേപ്പു.
കിരാതം കിരിയാത്തു.
കിരി. പന്നി.
കിരിയാത്തു. നിലവേമ്പു എന്നു തമിഴ.
കിലീടികാ. വെണ്കുന്നി.
കിലിഞ്ജകം. പയറു.
കിലുകിലുപ്പ. നരിമരട്ടി എന്നു തമിഴ.

## കീ.

കീടഘ്നം. ഗന്ധകം.
കീടജം. കോലരക്ക.
കീടം. ഇരിമ്പുകീടം.
കീരിക്കിഴങ്ങ. നകുലിക്കിഴങ്ങു, വിഷത്തിന്റെ മരുന്നു.
കീശപർണ്ണി. വലിയകടലാടി.
കീലാലം. ഇരുവേലി.

## കു.

കുക്കുരം. തുണിയാംകം.
കുക്കൂലം. പടവലം.
കുക്കുടി ഋഷഭം, ഇടവകം, ഇടമ്പിരി.
കുക്കുടം. കോഴി, മയിൽ.
കുക്കുടശിഖാ. കയ്യമ്പുല്ലു.
കുക്കുടാണ്ഡം. കോഴിമൊട്ട, മലങ്കായൽനെല്ലു.
കുക്കുഭം. കാട്ടുകോഴി.
കുംകുട്ടം. എരിമക്കള്ളി.
കുചന്ദനം. രക്തചന്ദനം, ചുവന്ന ചന്ദനം.
കുചേലം. പാടത്താളിഎന്നും, പാതാളഗരുഡൻ എന്നും ചിലർ, പാടക്കിഴങ്ങു
കുചേലീ. പാടക്കിഴങ്ങു.
കുഞ്ചിതം. മുളക.
കുഞ്ജം. ആനക്കൊമ്പു.
കുഞ്ജരപിപ്പലി. ആനതിപ്പലി, അത്തിത്തിപ്പലി.
കുഞ്ജരം. ആന, താന്നിവൃക്ഷം.
കുഞ്ജരാശനം. അരയാൽ.
കുഞ്ജലം. കാടി.
കുടകൻ. കുടങ്ങൽ വല്ലാരയെന്നതമിഴ.
കുടങ്ങൽ. കുടകൻ, മുത്തിൾ, വല്ലാര.
കുടചം. കുടകപ്പാല
കുടചോത്ഭവം. കുടകപ്പാലയരി.
കുടജഫലം. കുടകപ്പാലയരി.
കുടജം. കുടകപ്പാല, വെപ്പാലയെന്ന തമിഴ.
കുടജോത്ഭവം. കുടകപ്പാലയരി.
കുടംകടം. മരമഞ്ഞൾ.
കുടന്നടം. പലകപയ്യാനി, പയ്യാഴാന്ത, കഴിമുത്തെങ്ങാ, ചണ്ഡക്കിഴങ്ങു.
കുടമ്പുളി. പിണറിൻപുളി ആരിയാടൻപുളി, കൊട്ടുകൻപുളി. ആരൻപുളി.
കുടരണം. ത്രികോല്പക്കൊന്ന, കഴിമുത്തെങ്ങാ
കുടരണാരിനീ. ത്രികോല്പക്കൊന്ന.
കുടിലപുഷ്പിക. ചോനാകപ്പുല്ലു.
കുട്ടമൂലി. കരമേകം.
കുഠിമം. മാതളനാരകം.
കുഠേരകം. തുളസി. കഞ്ജകം.
കുണി. പൂവരശു.
കുണ്ഡലീ. കാക്കപ്പനിച്ചം അമൃത.
കുത്സിതാംഗം. കടമ്പു.
കുതം. കുശ, വിരവാരിപ്പട്ടു.
കുദളി. നിലകാട്ടെള്ളു.
കുടുംബികം. കരുന്തുമ്പ.
കുദ്ദാലം. കാഞ്ചനമരം, ലന്തമരം.
കുധ്രചൂർണ്ണം. കൽച്ചുണ്ണാമ്പു.
കുനടി. മനയോല.
കുനാശകം. കൊട്ടുത്തുവ.
കുനിക്കാമ്പുറാ. കുരികിമണ്ണ.
കുന്ദം. കുരുണപ്പൂവു, കുരുക്കത്തിമുല്ല
കുന്ദശാഖാ. കൊട്ടുത്തുവ.
കുന്ദു. കുന്തുരുക്കം.
കുന്ദുരു. കുന്തുരുക്കം.
കുന്ദുരുകി. ഠംഞ്ഞൽ, മലഠംഞ്ഞലിനും പറയും
കുന്ദുരുഷ്കം. കുന്തുരുക്കം.
കുനി ഇരട്ടിമധുരത്തിൽഒരു ഭേദം.
കുന്മഷം. കാടി
കുന്മാൻ. ഇടവകം. ഇടമ്പിരി.
കുന്മാഷം. കുമ്മായം.
കുപലം. ലന്തമരം.
കുപ്പമേനി. കൊഴിപ്പുണ്ടന്ന തമിഴ, പുച്ഛമയക്കി
കുപ്പവട്ടു ഒരു മാതിരി കക്കാ.
കുബേരകം. പൂവരശു.
കുബേരാക്ഷി കൊടികഴല, കഴഞ്ചി.
കുബേലാ. പാതിരി
കുമാരകം. നീർമാതളം.
കുമാരവാഹി മയിൽ.
കുമാരിക. കററവാഴ, ചെറുകുറുഞ്ഞി.
കുമാരി. കററവാഴ ചെറുകുറുഞ്ഞി.
കുമിഴ. കുമിഴിമരം.
കുമുദം. വെളുത്ത ആമ്പൽ, ഒരുവക കുമ്പിൾ.
കുമുദകന്ദം. ആമ്പൽക്കിഴങ്ങു.
കുമുദബന്ധു. കർപ്പൂരം.
കുമുദബാന്ധവം. കർപ്പൂരം.
കുമുദികാ. കുമ്പിൾമരം.
കുമുദിനി. കർപ്പൂരം.
കുമുദേശൻ. കർപ്പൂരം.
കുമ്പിൾമരം. കുമിഴമരം എന്നും പറയും.
കുംഭകം. നാഗദന്തി.
കുംഭം. ത്രികോല്പക്കൊന്ന, ചിവത എന്നു തമിഴ, നാല്ക്കോല്പക്കൊന്ന.
കുംഭാ. വെൺകുന്നി.
കുംഭി. കുമ്പിൾമരം, ആന.
കുംഭിക. നീർച്ചീര.
കുംഭികാ. പാതിരി.

കുംഭീകാ. നീൎച്ചീര.
കുംഭീരം. മുതല.
കുംഭീരീ കുമ്പിൾ.
കുംഭോലൂഖലകം. ഗുൽഗുലു.
കുമ്മട്ടി. കാട്ടുവെള്ളരി എന്നൊരു വൃക്ഷം
കുരംഗകം. മാൻ.
കുരംഗമം. മാൻ.
കുരംഗം മാൻ തമിഴിൽ എട്ടിക്കം പായും.
കുരണ്ടി: കരിമ്പനക്കായ
കുരണ്ടകം. പൊന്നിറം, കുറുഞ്ഞി, പൊന്നിറം, ചെങ്കുറുഞ്ഞി.
കുരവകം. ചെങ്കുറുഞ്ഞി, ചെറുചെങ്കുറുഞ്ഞി, ചുവന്ന പൂവുള്ള മരുതോന്നി എന്നൊരു വൃക്ഷം
കുരാശാണി. യോമം, കൃമിനാശം എന്നും പേപ്പിരം എന്നും തമിഴിൽ കാണുന്നു.
കുരുപ്പരുത്തി. നൂൽപ്പരുത്തി.
കുരുമുളക. നല്ല മുളക, കൊടിമുളക.
കുരുമുലി ഒരു വക മുള്ളുള്ള മരം.
കുരുവിന്ദം. മുത്തെങ്ങാ, ചെറുവകനെല്ല.
കുരുടകം. കുലപ്പരുത്തി, വേലിപ്പരുത്തി. കുരുക്കത്തിമുല്ല.
കുമ്മാരം. മുമ
കുലകം. പടവലം.
കുലകൻ. കാക്കപ്പനിച്ചം.
കുലടി. മനയോല.
കുലത്ഥികാ. ചെങ്കൽ, ചെറുവിടക്കോൽ.
കുലത്ഥം. മുതിര.
കുലഹലം. അടക്കാമണിയൻ, നീലക്കടമ്പു.
കുലശി. മൂവില.
കുലാലൻ. കാട്ടുകോഴി.
കുലാലി ചെങ്കൽ, നീലാഞ്ജനം.
കുലികൻ. ഇരിപ്പവൃക്ഷം.
കുലിക്ഷുദ്രാ. കണ്ടകാരി.
കുലി. കണ്ടകാരി.
കുലീനസം. ഇരുവേലി.
കുല്മാഷം. വറുത്തനെല്ല, പെരുമ്പയറു, ഉഴുന്നു, കാടി, കുറുന്തൊര, കുമ്മായം.
കുവലം. ഇലന്തമരം, കരിംകുവളം
കുവലയം. താമര, ഒരുവക ആമ്പൽ, കരിംകുവളം ചെങ്കഴുനീർ.
കുവേരകം. പൂവരശു.
കുവേലം. കഴഞ്ചി.
കുശ. കുശപ്പുല്ല.
കുശം ഇരുവേലി.
കുശി. മുരുക്ക, വെൺമരുതു.
കുശേശയം. താമരപ്പൂവു.
കൂശ്മാണ്ഡം കുമ്പളങ്ങാ.
കൂശ്മാണ്ഡകം. കുമ്പളങ്ങാ.
കുഷ്ഠഗന്ധം. ചിറ്റേലം
കുഷ്ഠം. കൊട്ടം.
കുഷ്ഠഘ്നാ. പാവു.
കുസ്തുംബുരു. കൊത്തമ്പാലരി.
കുസ്തുംബുരുണി. ഉപ്പൂണിയരി, കൊത്തമ്പാലയരിക്കും പറയും.
കുസുമാ. പാതിരി.
കുസുമാഞ്ജനം. പുഷ്പാഞ്ജനം.
കുസുംഭം. കുയുമ്പപ്പൂവ.
കുഹല്യം. തെങ്ങിൻപൂക്കുല.
കുളകം. കാക്കപ്പനച്ചി, പടോലം.
കുളിമം ദേവതാരം.
കുളിന്ദിനി. ചന്ദനവും രക്തചന്ദനവും.
കുളിർ. ചന്ദനം.
കുളീരശൃംഗി കൎക്കടകശൃംഗി.

## ക്രു.

ക്രുഞ്ജിഗിക്കാ. ആനച്ചുവടി.
ക്രുടശാന്മലി. കണ്ടിലവു.
ക്രുന്താങ്ങാ. ആമ്പൽക്കിഴങ്ങു
ക്രുന്തൽ. ഇരുവേലി.
ക്രുച്ഛ്ശീഷം. തിരുനാമപ്പാല, അടകൊതിയൻ.
ക്രുലകം. ചെറുപടവലം നാഗദന്തി
ക്രുവരക. പഞ്ഞപ്പുല്ല, കെഴവരകെന്ന തമിഴ.
ക്രുശ്മാണ്ഡകം. കുമ്പളം.
ക്രുളം. ചണം.

## കൃ.

കൃകവാകു. കോഴി, മയിൽ, ഓന്തു.
കൃതമാലം. കൊന്ന
കൃതവേധനം. തുളക്കാപ്പീരം, ചെറിയ പുട്ടിൽപീരം
കൃതകം. അഞ്ജനക്കല്ല. ചമച്ച ഉപ്പു.
കൃതപിണ്ഡി. കണ്ടിവെണ്ണ.
കൃത്സ്നം. ഇരുവേലി
കൃതസം വെടിയുപ്പു.
കൃതാ. അഞ്ജനം.
കൃതാന്താ. അരേണുകം.
കൃത്രിമധൂപകം. കുന്തുരുക്കം,
കൃത്രിമം. കണ്ടിവെണ്ണ.
കൃപീടയോനി. കൊടുവേലി.
കൃപീട. ഇരുവേലി.
കൃമലാ. നാഗദന്തി.
കൃമിഘ്നം. വിഴാലരി.

ക്രമിജം. അകിൽ.
ക്രമിജാ. കോലരക്കു
ക്രമിജിൽ. വിഴാലരി.
ക്രമിരിപു. വിഴാലരി.
ക്രമിനാശനം വിഴാലരി.
ക്രമിശത്രു. വിഴാലരി, പൂവരശിൻ കുരു.
ക്രമിഹരാ. വിഴാലരി.
ക്രശാൻ. കൊട്ടുവേലി.
ക്രഷ്ണകാംബോജി. കുന്നി.
ക്രഷ്ണഗന്ധാ. പുനൎമുരിങ്ങാ, കരിമ്പു മ്പ, വയമ്പു.
ക്രഷ്ണജടാ മാഞ്ചി.
ക്രഷ്ണജീരകം കരിഞ്ചീരകം.
ക്രഷ്ണതതീ. കൊട്ടുവേലി.
ക്രഷ്ണതുളസി. കറുത്ത തുളസി.
ക്രഷ്ണപാകഫലം. പെരിങ്കളാവു.
ക്രഷ്ണഫലാ. കാരേവാകിലരി.
ക്രഷ്ണഭേദി. കടുകരോഹണി.
ക്രഷ്ണമല്ലികാ. കാട്ടുതുളസി.
ക്രഷ്ണമുഖാ. വെളുത്ത പാരച്ചൊറി.
ക്രഷ്ണമൂലം. തിപ്പലിമൂലം, കാട്ടുതിപ്പ ലിവേർ.
ക്രഷ്ണമൃഗം. കരിമാൻ
ക്രഷ്ണം. കറുപ്പു, കുരുമുളകു.
ക്രഷ്ണമാലികാ. കാട്ടുതുളസി.
ക്രഷ്ണലാ. കുന്നിവള്ളി.
ക്രഷ്ണവൎത്മാ. കൊട്ടുവേലി.
ക്രഷ്ണവല്ലി. നറുനീണ്ടി.
ക്രഷ്ണവൃന്താ. കഴഞ്ചി.
ക്രഷ്ണവ്രീഹി. കരിനെല്ലു.
ക്രഷ്ണസംജ്ഞകം. സൌവ്വൎച്ചലക്കാരം, ചഞ്ചലക്കാരം.
ക്രഷ്ണസാരം. കരിമാൻ, കരിവേങ്ങ, ഗരംട്ടിക്കും പറയാം.
ക്രഷ്ണാൎജ്ജകം. കാട്ടുതുളസി, കരിങ്കഞ്ജ കം.
ക്രഷ്ണാഭ്രം. കറുത്ത അഭ്രം.
ക്രഷ്ണാ. തിപ്പലി, കാരുപ്പു, സൌവീരാ ഞ്ജനം.
ക്രഷ്ണികാ. കരിങ്കടുകു.

## കേ.

കേകീപിഞ്ഛം മയിൽപ്പീലി.
കേകീ മയിൽ.
കേതകീ. പൂക്കൈത.
കേലൂകം. തിങ്ങളൂരി.
കേരം. തെങ്ങു, തേങ്ങാ.
കേലികീൎണ്ണം. ഒട്ടകം.
കേലൂടം. നീരത്തി.
കേശം. ഇരുവേലി.
കേശരം. ഇലഞ്ഞി, പുന്നാഗം.
കേശാതകി. ചുട്ടിപ്പീരം.
കേശിനീ. ചണ്ഡ.
കേശീ. ജടാമാഞ്ചി.
കേസരം. ഇലഞ്ഞി, പുന്നമരം, നാഗ പ്പൂവു, താമരയല്ലി.
കേസരീ കുതിര.
കേളിഞ്ജയാ. മുഞ്ഞ.

## കൈ.

കൈഡൎയ്യാ. കരിവേപ്പില.
കൈഡൎയ്യം. കുമ്പിൾ.
കൈത. പൂക്കൈത, വിരൽകൈത, തഴ കൈത, കടച്ചക്ക അല്ലെങ്കിൽ വിറുത്തി ച്ചക്ക ഉണ്ടാകുന്ന കൈത, ഇവെക്കു പ റയാം.
കൈപ്പ. പാവൽ.
കൈരവം. വെളുത്താമ്പൽ.
കൈവൎത്തി. കഴിമുത്തങ്ങാ.
കൈളൎയ്യം. കരിവേപ്പു, കുമ്പിൾമരം.

## കൊ.

കൊങ്ങമന്താരം. കാട്ടാത്തി.
കൊടിക്കൊഴിഞ്ഞിൽ. കൊഴിഞ്ഞി ൽ, കൊഴുവ
കൊടിഞ്ഞാലി. കൊടിത്തണ്ടു.
കൊടി. വെററിലക്കൊടി, കൊടിയാവ ണക്കു, മുളകുകൊടി, വള്ളികൾക്കെല്ലാം പറയാം.
കൊടിത്തൂവ. വള്ളിച്ചൊറിയണം എ ന്നുംപറയും, ചിറുകാഞ്ചൊറി എന്നു ത മിഴ.
കൊട്ടക്കാപ്പുളി. പിണറിൻപുളി.
കൊട്ടുവേലി. ചിത്രമൂലം.
കൊത്തമ്പാലരി. കൊത്തമല്ലി എന്നും തുമ്പുണിയരിയെന്നും പറയും.
കൊമ്പൻനൈ. എരിമനൈ.
കൊല്ലുമുളകു. മുളകുവത്തൽ.
കൊഴുമോർ. മരുന്നിട്ടുകാച്ചിയ മോർ.

## കോ.

കോകനദം. ചെന്താമരപ്പൂവു, ചുവന്ന ആമ്പൽ, മരക്കാമ്പൽ.
കോകിലാക്ഷം. വയല്ചുള്ളി.
കോടകശാല. ക്രുരണം എന്നും, ചന്ദ നം എന്നും തമിഴിൽ.
കോടാശാരി. തവത്സിമുരിങ്ങാ എന്നും,

ക്രോഡാചാരി എന്നും ചിലർ.
കോടിപഷ്ടാ. ചോനാകപ്പുല്ലു.
കോദ്രവം വരകു.
കോയഷ്ടി. കുളക്കോഴി.
കോരണ്ഡാ. കരിങ്കുറുഞ്ഞി, പെരുങ്കുറുഞ്ഞി.
കോരംഗി. ചിറേറലം.
കോരദൂഷം. വരകു
കോലകം തക്കോലപ്പുട്ടിൽ, നല്ലമുളകു
കോലദലം. ചിപ്പിമരം, മുരൾ.
കോലമജ്ജ. ലന്തക്കുരു.
കോലം. ലന്ത, ഇലന്ത പന്നി.
കോലമാലം. മലയാവണക്ക.
കോലരക്ക. കോമ്പരക്കെന്നും പറയും.
കോലവല്ലി. അത്തിത്തിപ്പലി, കാട്ടുമുളകിന്നും പറയും.
കോലാ. ഇലന്തമരം, പന്നി, തിപ്പലി, പൊന്നാരവീരൻ, കാട്ടുമുളക.
കോലീ. ഇലന്തമരം.
കോവിദാരം. മന്ദാരം, കൊങ്ങ്; കാട്ടാത്തിയെന്നു തമിഴ.
കോശപത്രികൾ. പുട്ടിൽപീരവും, ചൊറുപീരവും
കോശഫലം. പീച്ചിങ്ങാ, തക്കോലപ്പുട്ടിൽ.
കോശാതകം. പീച്ചിങ്ങാ, ചെറുവീരം, ഇരുവേലി.
കോശാതകീ. പിച്ചകം.
കോശ്രുകോ. ഗുൽഗുലു.
കോളീ. ചെറിയ ഇലന്തമരം, ചിററിലന്ത, കൊഴിഞ്ഞി.

## കൌ.

കൌന്തി. അരേണുകം.
കൌശികൻ. കീരി.
കൌശികാ. ഗുൽഗുലു, കുങ്കുലിയം.
കൌസുംഭം കുയ്യമ്പപ്പൂവു.

## ക്ര

ക്രമുകാ. കവുങ്ങു, മലങ്കവുങ്ങു, ചെറുകവുങ്ങു.
ക്രമേളകം. ഒട്ടകം.
ക്രാന്തി. വിഷ്ണുക്രാന്തി.
ക്രോഷ്ടുപിന്നാ. ഓരില.
ക്രോഷ്ട്രി. കരിമുത്തക്ക.
ക്രോഡം. പന്നി.
ക്രൌഞ്ചാദനം. തണ്ണാമ്പൽ.

## ക്ലി

ക്ലീതകാ ഇരട്ടിമധുരം.
ക്ലീതകികാ. അമരി.

## ക്വ

ക്വഥിതാ മൎമ്മഞ്ഞൾ
ക്വാഥോത്ഭവം. രസാഞ്ജനം.

## ഖ

ഖഗം. എരിക്ക.
ഖചരം. മുത്തെങ്ങാ.
ഖടിനി. ചുണ്ണാമ്പു, കുമ്മായം.
ഖടീ. ചുണ്ണാമ്പു കുമ്മായം.
ഖട്ടാശി. വെരുക.
ഖട്ടാസം. പച്ചപ്പുഴവ്, വെരികിമ്പുഴ്.
ഖഡീകാ. ചുണ്ണാമ്പു, കുമ്മായം.
ഖഡ്ഗം. കാണ്ടാമൃഗം.
ഖഡ്ഗി. കാണ്ടാമൃഗം.
ഖണ്ഡം. കരിമ്പു, കല്ക്കണ്ടം.
ഖണ്ഡലവണം വെടിയുപ്പു.
ഖണ്ഡവികാരം. കണ്ടശക്കര.
ഖണ്ഡശക്കര. കല്ക്കണ്ടം.
ഖണ്ഡസിതാ. കല്ക്കണ്ടം.
ഖണ്ഡികാ. അമരപ്പയറു.
ഖണ്ഡികം പയറു.
ഖണ്ഡികാ. വട്ടച്ചണായി.
ഖണ്ഡേക്ഷു. കെണ്ടക്കരിമ്പു.
ഖതമാലം. മുത്തെങ്ങാ.
ഖദരം. കരിങ്ങാലി, വെള്ളക്കരിങ്ങാലി.
ഖദിരം കരിങ്ങാലി.
ഖദിരി. കരിങ്ങാലി, പറച്ചുണ്ട.
ഖദ്യോതനൻ. എരിക്ക
ഖപുരം. കുന്തുരുക്കം കരിങ്ങാലി.
ഖമ്മണി. എരിക്ക.
ഖരകിരണൻ. എരിക്ക.
ഖരബുസം പെരുത്തുമ്പ, വലിയകടലാടി, തമരകം
ഖരമഞ്ജരി. വലിയകടലാടി.
ഖരം. കഴുത
ഖരസ്കന്ദം. മുരൾ.
ഖരാശ്വം. കരിഞ്ചീരകം.
ഖൎജ്ജൂരം. പേരീന്തൽ, ചണ്ണങ്ങമരം, ചിററീന്തൽ.
ഖൎജ്ജൂരാ. വെള്ളി, ഠരംന്തപ്പന.
ഖലപ്പൂത്തി. രസം, പാരതം.
ഖല്വം. മുതിര.

ഖസ്ഫടികം. സൂൎയ്യകാന്തം, ചന്ദ്രകാന്തം, പളുങ്ക.

## ഖാ.

ഖാദേനാദകം. തെങ്ങു വൃക്ഷം.

## ഖു.

ഖുരം. ചിപ്പിമരം.

## ഖേ.

ഖേചരം. മുത്തെങ്ങാ.

## ഗ.

ഗഗനചരം. മുത്തെങ്ങാ
ഗഗനചാരി. മുത്തെങ്ങാ.
ഗഗനദ്ധ്വജം. എരിക്ക, മുത്തെങ്ങാ.
ഗജകണാ. അത്തിത്തിപ്പലി.
ഗജകൎണ്ണികാ. മാറാമ്പു.
ഗജകൃഷ്ണാ. അത്തിത്തിപ്പലി.
ഗജചിൎബ്ബിടി. പേക്കുമ്മട്ടി.
ഗജദന്തം. ആനക്കൊമ്പു,
ഗജപിപ്പലി. അത്തിത്തിപ്പലി,
ഗജഭക്ഷം. ചിററീന്തൽ.
ഗജഭക്ഷ്യാ. ചിററീന്തൽ.
ഗജം. ആന.
ഗജാശനം. അരയാൽ.
ഗജാഹ്വം. അത്തിത്തിപ്പലി.
ഗജോപകുല്യാ. അത്തിത്തിപ്പലി.
ഗണരൂപം. എരിക്ക.
ഗണരൂപകം. എരിക്ക.
ഗണഹാസകം. കാട്ടുകച്ചോലം.
ഗണികാ. കുറുമൊഴി.
ഗണികാരികാ. മുഞ്ഞ.
ഗണ്ഡാലീ അമ്മാമൻ മുത്തെങ്ങാ.
ഗണ്ഡികാ. ഇലക്കള്ളി.
ഗണ്ഡീരം അമച്ചക്കൊടി, വാതക്കൊടി.
ഗണ്ഡീരികാ. ഞൊട്ടാഞൊടിയൻ.
ഗണ്ഡുപതീ. ഞാഞ്ഞൂൽ, ഭൂനാഗം, നിലവേർ.
ഗതശോകം. അശോകം,
ഗതസൂതാ. ഇലക്കള്ളി.
ഗതാ. കടലാടി.
ഗദാ. കൊട്ടം.
ഗന്ധകം. നെല്ലിക്കാഗ്ഗന്ധകം, പാൽ ഗന്ധകം.
ഗന്ധകരസായനം. ശുദ്ധിചെയ്ത ഗന്ധകം.
ഗന്ധകാളി പടൎച്ചുണ്ട, കരിഞ്ജാലി.
ഗന്ധകുടീ. ചിററീന്തൽ, മുരം.
ഗന്ധചേലികാ. കസ്തൂരി.
ഗന്ധത്വക്. ചിറേറലം.
ഗന്ധധൂളി കസ്തൂരി.
ഗന്ധനം. നറുംപാണ്ടിനെല്ലു, കോടകചാലെയ്ക്കും പറയും,
ഗന്ധനാകുലി. ചിററരത്ത, വണ്ടവാഴി
ഗന്ധപാഷാണം. ഗന്ധകം.
ഗന്ധഫലം വിളാമരം.
ഗന്ധഫലീ. ചെമ്പകമൊട്ടു. ഞാഴൽ.
ഗന്ധം. ചന്ദനം.
ഗന്ധമാംസി മാഞ്ചി.
ഗന്ധമാൎജ്ജാരൻ. വെരുക.
ഗന്ധമൂലി. കച്ചോലം, ചെറുകച്ചോലം.
ഗന്ധമൃഗം. വെരുക.
ഗന്ധരസം. നറുംപശ.
ഗന്ധരാജം. ചന്ദനം.
ഗന്ധവിഹ്വലം. കോതമ്പു.
ഗന്ധവ്യാകുലം. തക്കോലപ്പുട്ടിൽ.
ഗന്ധവൃഹസ്തം ആവണക്ക.
ഗന്ധശേഖരം കസ്തൂരി.
ഗന്ധസാരം. വെളുത്തചന്ദനം
ഗന്ധസോമം. ആമ്പൽ.
ഗന്ധാ. വെങ്കുറുക.
ഗന്ധാരി. കുമ്പിൾ.
ഗന്ധാശ്മം. ഗന്ധകം.
ഗന്ധാശ്മനീ. ഗന്ധകം.
ഗന്ധാളീ. വെങ്കുറുക.
ഗന്ധികം. ഗന്ധകം.
ഗന്ധിനീ. ചിററീന്തൽ.
ഗന്ധ്യധാമിനി. മുതിര.
ഗഭസ്തിമാൻ. എരിക്ക.
ഗംഭാരി. പെരുംകുമിൾ.
ഗംഭീരം. ചെറുനാരകം.
ഗരളവേഗം. കരളേകം, കുട്ടകമൂലി എന്നും പറയും.
ഗരാഗരി. ദേവതാളി.
ഗരുഡപ്പച്ച. ഗരുഡക്കല്ലു.
ഗരുഡക്കൊടി. തമിഴിൽ കുറിഞ്ചാ എന്നും പെരുമരുന്തെന്നും പറയും.
ഗരുഡസംജ്ഞം. അകിൽ.
ഗൎദ്ദഭം. കഴുത.
ഗൎദ്ദഭാണ്ഡം. പൃവരശു വൃക്ഷം, കല്ലാൽ.
ഗൎഭപാതനീ. മേന്തോന്നി.
ഗൎഭവിസ്രംസി. ചിറേറലം.
ഗൎമ്മുൽ. അതസിപ്പുല്ലു.
ഗവലാ. പോത്തുംകൊമ്പു.

ഗവാക്ഷി. ചെറുകുമ്മട്ടി, ശാഖപുഷ്പം രണ്ടും ചെറിയ പുട്ടിൽവീരം കാട്ടുവെള്ളരി, കാക്കക്കരുവേല, പേക്കുമ്മട്ടി, ഇലക്കള്ളി.
ഗവാദിനീ. പേക്കുമ്മട്ടി, കറുത്തശംഖുപുഷ്പം.
ഗവേധു. ചോളം.
ഗവേധുകാ. ചോളം തിരുണി.
ഗള്ളാവൃതം. മയിൽക്കോഴി.

## ഗാ

ഗാംഗേയം. നീർക്കിഴങ്ങു, പൊന്നു.
ഗാംഗലികാ. വെള്ളരം.
ഗാംഗേരുകി. ആനക്കുറുന്തോട്ടി.
ഗായത്രി. കരിങ്ങാലി.
ഗാരുന്മതം. മരതകക്കല്ലു.
ഗാലവം. പാച്ചോററി.
ഗാളഫലം. മലങ്കാര.

## ഗി

ഗിരികൎണ്ണിക. വിഷ്ണുക്രാന്തി, കിലുകിലുപ്പ.
ഗിരികൎണ്ണികാ. ഞാഴൽ.
ഗിരിജാ. അരത്താ.
ഗിരിജം. അഭ്രം, കന്മതം, ഇരിമ്പു.
ഗിരിജൻ. കന്മതം.
ഗിരിജാമലം. അഭ്രം
ഗിരിജാ. മലയിരിപ്പ
ഗിരിമല്ലികാ. കുടകപ്പാല.
ഗിരിശൃംഗം. കാവിമണ്ണു.

## ഗു

ഗുച്ഛപത്രം. പന.
ഗുച്ഛപുഷ്പം. പാലമരം.
ഗുച്ഛം. പൊട്ടപ്പുല്ലു, തണ്ടുള്ള പുല്ലെന്നും പറയും.
ഗുച്ഛഫലം. മുന്തിരിങ്ങാവള്ളി.
ഗുഞ്ജാ. കുന്നി.
ഗുഞ്ജാപത്രാ. കുന്നിയില.
ഗുഞ്ജാമൂലം. കുന്നിവേർ.
ഗുഡപുഷ്പം ഇരിപ്പവൃക്ഷം.
ഗുഡഫലം. ഉക.
ഗുഡം. ശൎക്കര.
ഗുഡാ. ചതുരക്കള്ളി.
ഗുഡാപുഷ്പം. ഇരിപ്പവൃക്ഷം
ഗുഡോമതാ. കരിമുരിങ്ങാ.
ഗുന്ദ്രം. അമ, കമ്പു, കഴിമുത്തെങ്ങാ.
ഗുന്ദ്രാ. ഞാവൽ, കരിമ്പോലപ്പുല്ലു, വെരികോര, അമ, കഴിമുത്തെങ്ങാ, വട്ടത്താമര, വട്ട, ഏരകം.
ഗുരുസ്കന്ദം. പാലപ്പഴം.
ഗുരുസാരകം. ഇരുപ്പൂൾമരം.
ഗുവാകം. കവുങ്ങു, ഒരംന്തപ്പന.
ഗുഹാ. ഓരില മൂവില.
ഗുഹ്യപ്രീളം. പുത്തണക്കം.
ഗുളതൃണം. കരിമ്പു.
ഗുളാംബം. പനിനീർ ചെടി.
ഗുളിഫലം. നേർവാളം
ഗുളൂചി. ചിററമൃതു.
ഗുളം. ശൎക്കര.

## ഗൃ

ഗൃഞ്ജനം. നാറാഉള്ളി, പാൽമുരിങ്ങ.

## ഗൈ.

ഗൈരികം. മനോല, കാവിമണ്ണു, പൊന്ന, ഗന്ധകം, അരിതാരം.
ഗൈരേയം. കന്മതം.

## ഗോ.

ഗോ. എരിക്കു, കൎപ്പൂരം, ഇരുവേലി.
ഗോകണ്ടകം. ഞെരിഞ്ഞിൽ.
ഗോകൎണ്ണി. പെരിങ്കുരുമ്പ
ഗോമയം. ചാണകം.
ഗോപുരം ഞെരിഞ്ഞിൽ.
ഗോഘൃതം. പശുവിൻനെയി.
ഗോജലം ഗോമൂത്രം.
ഗോജിഹ്വാ. കൊഴുപ്പ, കോലിഞ്ചി എന്നും, തോൽമുഞ്ഞി എന്നും പറയും
ഗോതുംബ. ചെറുകുമ്മട്ടി, പേക്കുമ്മട്ടി.
ഗോധാപദി. ഉഴിഞ്ഞവള്ളി.
ഗോധി. ഉടുമ്പു.
ഗോധികാ. ഉടുമ്പു.
ഗോധൂമം കോതമ്പു
ഗോനൎദ്ദം. കഴിമുത്തെങ്ങാ,
ഗോനസം. പെരിമ്പാമ്പു.
ഗോപകന്യാ. നറുനീണ്ടി, പാൽവള്ളി.
ഗോപകം. നറുംപശ.
ഗോപതി. ഇടവകം, എരിക്കു.

ഗോപരസാ. നറുംപശ.
ഗോപവല്ല്യാ. പാൽവള്ളി
ഗോപശശം. നറുംപശ
ഗോപസുതാ. നറുനീണ്ടി.
ഗോപാംഗനാ നറുനീണ്ടി.
ഗോപീ. നറുനീണ്ടി.
ഗോപികാ. നറുനീണ്ടി
ഗോപീശ്യാമാ. നറുനീണ്ടി,
ഗോപുരം കഴിമുത്തെങ്ങാ.
ഗോഭണ്ഡിതം. നീർക്കോഴി.
ഗോമയം. ചാണകം.
ഗോമാലി. വയമ്പു.
ഗോരസം. മോര, നറുംപശ.
ഗോലീഢം. വെണ്ണാതിരി.
ഗോലോമീ. വയമ്പു, വെൺകറുക, അമ്മാമൻ മുത്തെങ്ങാ.
ഗോവന്ദനീ. ഞാഴൽ.
ഗോവാദിനീ. ഞാഴൽ.
ഗോശീൎഷം. രണ്ടു ചന്ദനത്തിനും പറയും.
ഗോസ്തനീ. മുന്തിരിങ്ങാപ്പഴം, കോവൽ.
ഗോള്ളാ. മനയോല.
ഗോക്ഷുരകം. ഞെരിഞ്ഞിൽ.

## ഗൌ

ഗൌതമീ. ഗോരോചന.
ഗൌദാരം. ഉടുമ്പു
ഗൌധേയം. ഉടുമ്പു
ഗൌരം. ചെറുകറുക.
ഗൌരാൎദ്രം. അരിനെല്ലിക്കാ.
ഗൌരീ. ഒരുവക പാഷാണം, വെളുത്ത തൂത്താവു
ഗൌരീപൎണ്ണി. മഞ്ഞൾ.
ഗൌരീപാഷാണം. ഒരുവക വിഷമുള്ള കല്ലു

## ഗ്ര.

ഗ്രന്ഥി. കമ്പ, കാട്ടുതിപ്പലി.
ഗ്രന്ഥികം. കാട്ടുതിപ്പലി വേര, പിപ്പലിമൂലം, ഗുൽഗുലു
ഗ്രന്ഥിപൎണ്ണം. ഗുണിയാംകം
ഗ്രന്ഥിമൂലം. തിപ്പലിമൂലം.
ഗ്രന്ഥിലം. വയ്യങ്കതക,
ഗ്രഹണീഹരം കരയാംപൂവു.
ഗ്രഹധൂമം. പുകയറ, ഇല്ലറക്കരി.
ഗ്രഹപതി. എരിക്ക.
ഗ്രാമീണാ. അമരി.
ഗ്രാഹീ. വിളാവൃക്ഷം.
ഗ്രീഷ്മജം കുപ്പച്ചീര.

## ഗ്ല.

ഗ്ലൌ. കൎപ്പൂരം.

## ഘ.

ഘണ്ടാ. വെണ്ണാതിരി.
ഘണ്ടാപാടലി. വെണ്ണാതിരി.
ഘണ്ടാരവാ. കിലുകിലുപ്പുട്ടിൽ, തന്തലകൊട്ടി.
ഘനത്വക. പാച്ചോററി,
ഘനപാഷണ്ഡം. മയിൽ
ഘനം. മുത്തെങ്ങാ.
ഘനരസം. പച്ചകൎപ്പൂരം, ഇരുവേലി
ഘനസാരം കൎപ്പൂരം, ഇരുവേലി.
ഘരംഘരാ. ദേവതാളി, വെരുംപീരം എന്നും പറയും.

## ഘാ.

ഘാതി. കൊന്ന
ഘാസം പയറു.
ഘാസീ. കൊടുവേലി.

## ഘു.

ഘുണപ്രിയം. അതിവിടയം.
ഘുണവല്ലഭാ. അതിവിടയം.

## ഘൃ.

ഘൃതകുമാരി. കററുവാഴ, കററാവാഴ
ഘൃതപൂരി. പുങ്ങു.
ഘൃതം. നെയ്, വെള്ളം.
ഘൃതവൎണ്ണം തേൻ.
ഘൃഷ്ടി. പന്നി, ബ്രഹ്മി.

## ഘോ.

ഘോടകം. കുതിര.
ഘോടം. കുതിര.
ഘോടാ. കോവൽ, വെള്ളരം, ലന്തമരം
ഘോണ്ടാ. കമുക, ഇലന്തമരം, കാക്കപ്പ

നിച്ചി എന്നും, കാക്കത്തൊണ്ടി എന്നും, ചിലർ, കൊട്ടത്തിനും പറയും.
ഘോണ്ടി. കമുക്
ഘോണി. പന്നി
ഘോഷകം. പീരം, വലിയകടലാടി.

## ച.

ചകോരം ഉപ്പൻ.
ചക്കമുല്ല. കുറുമൊഴി.
ചക്രകാരകാ. പുലിച്ചുവടി, പുലിതൊടക്കിയെന്നും തമിഴ.
ചക്രഭേദിനി. മഞ്ഞൾ.
ചക്രമർദ്ദകം. തകരം.
ചക്രലാ. പെരുങ്കോരപ്പുല്ല.
ചക്രവർത്തിനി. വെങ്കച്ചോലം.
ചക്രസംജ്ഞം. വെളുത്തീയം.
ചക്രിവന്തം. കഴുത.
ചക്രിവാൻ. കഴുത.
ചങ്ങലംപിരണ്ട കോൽപിരണ്ട എന്നും പറയും.
ചഞ്ചു. ആവണക്ക.
ചടക. തിപ്പലിവേർ.
ചടകാശിരം തിപ്പലിവേർ.
ചണകാ. ചെറുപയറു. ചെറുചണം
ചണകം. പയറു കടല, ചണായി
ചണായി. ഒരുവകപയറു.
ചണ്ഡാ. കാട്ടുകച്ചോലം. അടവികച്ചോലം, നറും ചണ്ണ ചണ്ണക്കിഴങ്ങ.
ചണ്ഡാതം കണവീരം.
ചണ്ഡാംശു എരുക്ക.
ചതുരംഗുലം. കൊന്ന.
ചതുർജ്ജാതം. ഏലം, ഏലവർങ്ങം, പച്ചില. നാഗപ്പൂവു.
ചത്രാതിച്ഛത്രാ. കണ്ടപ്പുല്ല.
ചന്ദനാ. നറുനീണ്ടി.
ചന്ദ്രകം മയിൽപീലിയുടെ കണ്ണ.
ചന്ദ്രകി. മയിൽക്കോഴി.
ചന്ദ്രൻ. കപ്പൂരം. ഉമ്മത്ത, ഇരുവേലി.
ചന്ദ്രബാലാ ഏലം.
ചന്ദ്രമസ്സ. കപ്പൂരം.
ചന്ദ്രം. കമ്പിപ്പാല
ചന്ദ്രലേഖാ. കാർകോലരി.
ചന്ദ്രവല്ലരി. മീനാങ്ങാണി, നറുനീണ്ടി, കാർകോലരി.
ചന്ദ്രസംജ്ഞം പച്ചകർപ്പൂരം.
ചന്ദ്രസാഹ്വം. കപ്പൂരം
ചന്ദ്രികാ. ഏലം.
ചന്ദ്രോന്മാദകം കപ്പൂരം
ചന്ദ്രോപലം ചന്ദ്രകാന്തക്കല്ല
ചപലം. രസം
ചപലാ. തിപ്പലി.

ചമത പ്ലാശ്ശ.
ചമരികം. മന്താരം, കൊങ്ങ
ചരണായുധം. പൂവൻകോഴി.
ചർമ്മസാഹ്വം ബ്രഹ്മി
ചമ്പകം. ചെമ്പകവൃക്ഷം.
ചർമ്മകഷാ. ചമ്മലന്ത.
ചർമ്മസംഭവം. ഏലം
ചർമ്മസാഹ്വാ. ബ്രഹ്മി.
ചർമ്മി. പൂതണക്കവൃക്ഷം.
ചലദലം. അരയാൽവൃക്ഷം.
ചലാ. നീർത്തിപ്പലി.
ചലീ. തിപ്പലി, നീർത്തിപ്പലി.
ചലിനി. തിപ്പലി.
ചവികം. കാട്ടുമുളകുകൊടി, കാട്ടുതിപ്പലി.
ചവ്യാ. കാട്ടുതിപ്പലി, കാട്ടുമുളക.
ചക്ഷുഷ്യം. അഞ്ജനക്കല്ല, ചെങ്കൽ.

## ചാ.

ചാംഗേരി. സഹസ്രവേധി, പുളിയാറില
ചാതുർജ്ജാതം, ചതുർജ്ജാതം നോക്കുക.
ചാന്ദ്രികം. തേൻ.
ചാമീകരം. പൊന്ന.
ചാമ്പേയം ചെമ്പകം. നാഗപ്പൂവുമരം.
ചായില്യം. ചാതിലിംകം എന്നും പറയും.
ചാരടി. ഓരിലത്താമര. കുന്നി.
ചാരണ. തഴുതാമ.
ചാരുഫലം. മുന്തിരിങ്ങാ.
ചാലിയം. ചായില്യം.
ചാല്യം. ചായില്യം.

## ചി.

ചികുരം. ഇരുവേലി
ചിക്കസാ. യവം പൊടിച്ചതു.
ചിഞ്ചാ. വാളൻപുളി.
ചിരയൻ. കഞ്ചാവു.
ചിത്രാ. ആവണക്ക, കാട്ടുവെള്ളരി, എലിച്ചെവിയൻ, ചെറുകുമ്മട്ടി.
ചിത്രകം ആവണക്ക, കൊടുവേലി.
ചിത്രകണ്ഠം തൊടുകാര.
ചിത്രകൃത്ത. തൊടുകാര.
ചിത്രതണ്ഡുലം വിഴാൽ, ആവണക്ക.
ചിത്രപർണ്ണി. ഓരില.
ചിത്രഫലം. കാട്ടുവെള്ളരി.
ചിത്രഭാനു. എരിക്ക, കൊടുവേലി.

ചിത്രതൈലം. ആവണക്കെണ്ണ.
ചിപ്പി. കിളിഞ്ഞിൽ, ഇപ്പി.
ചിപ്പിമരം. കിളിഞ്ഞിലെന്നൊരുപക്ഷം.
ചിരിവില്വം. പുങ്ങ്, ആവി.
ചിരിവില്വാംകുരം. ആവിക്കുരുന്ന.
ചിർഭിടം മുതക്കു, മിതുക്കു.
ചില്ലി. കിളിച്ചീര. പെരുഞ്ചീര.
ചിററത്ത. കുടെക്കിഴങ്ങെന്ന തമിഴ. കുട്ടിയിട്ടുക്കിയെന്നും, കോണക്കിണാക്കിയെന്നും പറയും:
ചിററിന്തൽ. മുരം എന്നും പറയും.

## ചീ.

ചീനപ്പാവു. ഒരു ദേശത്തെ കരുവിലാന്തികിഴങ്ങെന്ന ഒരു പക്ഷം പെരുംകിഴങ്ങെന്നും പാക്കിക്കിഴങ്ങെന്നുംതമിഴ
ചീനം. നാരകൻനെല്ല.
ചീനോഷണം വാൽമുളകു, ചീനമുളകു.
ചീരം. ൦രംഖ്യം.
ചീലാന്തി പൂവരശു.

## ചു.

ചുക്കനാറിപ്പുല്ലു. എരിമപ്പുല്ലെന്നും പറയും.
ചുക്രം. പുളി, പുളിയാരൽ.
ചുക്രാ. സഹസ്രവേധി, പുളിയാരൽ
ചുക്രികാ. സഹസ്രവേധി, പുളിയാരൽ.
ചുച്ചു. നീർച്ചീര,
ചുണ്ട ഇതു പലമാതിരി ഉണ്ട. കറുത്തചുണ്ട വെളുത്ത ചുണ്ട, പുത്തരിച്ചുണ്ട, പടർച്ചുണ്ട, കണ്ടകാരിച്ചുണ്ട, പാണ്ടിച്ചുണ്ട, ആനച്ചുണ്ട, ഇവററിന്ന ചിലർ വഴുതിനയെന്ന വാക്കു കൂടി ചേൎത്തു പറയും.
ചുമക്രുക്ക്. പനിക്രുക്ക് നവര, ചുവര എന്നിങ്ങിനെ പറയും.
ചുള്ളി. വയച്ചുള്ളി.
ചുവന്നമനയോല ചുവന്ന അരിതാരത്തിന്നും പറയും.

## ചൂ.

ചൂടൻ. കപ്പൂരം തന്നെ.
ചൂഡാലാ. പെരികൊര.
ചൂണ്ടപ്പന. ഉലട്ടിപ്പന.
ചൂതം മാവുമരം
ചൂതപുഷ്പം മാമ്പൂവു.
ചൂതഫലം. മാങ്ങ.
ചൂൎണ്ണം. ചുണ്ണാമ്പു, ശിപ്പിച്ചുണ്ണാമ്പിന്നും കൽച്ചുണ്ണാമ്പിന്നും പറയും.
ചൂളി. ഇരുവേലി.

## ചെ.

ചെങ്കമലം. ചെന്താമര.
ചെങ്ങണം. നൊങ്ങണംപുല്ലു എന്നും ആറാംപഴിഞ്ഞി എന്നും പറയും.
ചെഞ്ചന്ദനം. രക്തചന്ദനം.
ചെഞ്ചല്യം. കുങ്കില്യം. പയിനുംപശ.
ചെത്തിക്കൊട്ടുവേലി. ചുവന്നകൊട്ടുവേലി.
ചെന്നിനായകം. ചെന്നിവേർനായകം.
ചെമ്പോത്തു. ഉപ്പൻ.
ചെമ്പ്രാക്കൊടി. ൦രംഖ്യം. തകരം.
ചെമ്പ്രാവള്ളി കോടിഉടുപ്പൻ എന്നും ചിലർ.
ചെമ്മരം. ചപ്പങ്ങം എന്നൊരു പക്ഷം അഴിഞ്ഞിൽ എന്നും കൊഴുമരം എന്നും തമിഴ.
ചെമ്മുള്ളി കുറിഞ്ഞി എന്ന തമിഴ.
ചെവിയൻ. മുയൽ.
ചെറുകദളി. കദളിപ്പൂവെന്നും ചിലർ
ചെറുകൈത. വിരകൈത.
ചെറുചുണ്ട പുത്തരിച്ചുണ്ട.
ചെറുതാളി കുരുകുത്താളി.
ചെറുനാരകം. ജോനകനാരകം. ഇരുമ്പിച്ചിനാരകം.
ചെറുനീർ. മൂത്രം, തമിഴിൽ അമരിയെന്നും പറയും.
ചെറുപഞ്ചമൂലം ഓരില. മൂവില, കറുത്തചുണ്ട വെളുത്തചുണ്ട. ഞെരിഞ്ഞിൽ
ചെറുപൂള. വെലിപ്പൂവു. പിണ്ണാക്കിലക്കറി എന്നും ചിലർ.
ചെറുവഴുതിന. കറുത്തചുണ്ട.
ചെറുവെള്ള. തൈവേള.

## ചേ.

ചേക്കുരു. ചേരിങ്കായ. ചേങ്കോട്ടു.
ചേലാലം. വെള്ളെരിക്ക.
ചേലേയകം. ചായില്യം.
ചേലേയം. ചായില്യം.

## ചോ.

ചോചകം. ഇലവങ്ഗത്തൊലി.
ചോചം. ഇലവങ്ഗം.

ചോനകനാരങ്ങ. ചെറുനാരങ്ങാ. ഇല്ലമച്ചകായി.
ചോനാകപ്പുല്ല. സ്വൎണ്ണകപ്പുല്ല
ചോരകം. കച്ചോലക്കിഴങ്ങു. അല്ലെങ്കിൽ കച്ചൂരകിഴങ്ങു.
ചോരപുഷ്പി. ചണ്ണ.
ചോളം. ചോളംതന്നെ

ഛ.

ഛഗലകം വെള്ളാടു.
ഛഗലാണ്ഡി. മറികുന്നി.
ഛണാ. കടലക്കാ.
ഛത്രാ. കൊത്തമ്പാലയരി, ചതകുപ്പ, തക്കോലപ്പുട്ടിൽ, കണ്ടപ്പുല്ലു. കഞ്ചിവെണ്ണ. നിലപ്പന.
ഛത്രാകി. അരത്ത, വണ്ടവാഴി
ഛത്രാതിഛത്രം. ചതകുപ്പ, കണ്ടപ്പുല്ല.

ഛാ.

ഛാകം കോലാടു.
ഛാഗകൎണ്ണം. കരിമരുതു.
ഛാഗലം. കോലാടു.
ഛാഗികാ. പെണ്ണാടു
ഛാഗി. പെണ്ണാടു.
ഛായാപതി. എറിക്കു.
ഛായമൃഗധരൻ. കൎപ്പൂരം.

ഛി.

ഛിന്നരുഹാ. അമൃതുവള്ളി, ചിററമൃതു.
ഛിന്നോത്ഭവാ. അമൃതുവള്ളി, ചിററമൃതു.

ഛീ.

ഛീരു. ആവിത്തോലി.

ഛോ.

ഛോലാംഗം. ചെറുനാരങ്ങാ.

ജ.

ജഘനേഫലാ. പേയത്തി.

ജടാ. കൊട്ടം, ചടാമാഞ്ചി.
ജടാമാംസി. ചടാമാഞ്ചി.
ജടിലൻ. തിപ്പലി
ജടിലാ. ചടാമാഞ്ചി.
ജടി. ചിററാൽ.
ജതു. കോലരക്കു.
ജതുകം. പെരുങ്കായം.
ജതുകം. വെൺകച്ചോലം
ജതുമൂലം. കഴകഞ്ഞി നെല്ലു.
ജനനി. പേക്കച്ചോലം.
ജനി. വെൺകച്ചോലം, പേക്കച്ചോലം,
ജന്തുകൃൽ. പേക്കച്ചോലം.
ജന്തുഘ്നം. വിഴാലരി.
ജന്തുഫലം. അത്തി.
ജന്തുകം പേക്കച്ചോലം.
ജപാ. ചെമ്പരുത്തി.
ജപാകുസുമം. ചെമ്പരുത്തിപ്പൂവു.
ജംപാ. ചെമ്പരുത്തി.
ജംബാളം. നീൎവാളം കടലാവണക്കു.
ജംബീരഫലം. ചോനകനാരങ്ങാ.
ജംബീരം. ചോനകനാരകം, മണികഞ്ജകം.
ജംബു. ഞാവൽ, ഞാറ.
ജംബുദ്വയം ഞാവലും ഞാറ അല്ലെങ്കിൽ നരിയുണ്ണി ഞാവലും.
ജംബൂഫലം. ഞാവൽക്കായ.
ജംബൂളം. കൈത.
ജംഭം നാരകം.
ജംഭലം നാരകം
ജംഭാരസം. ചെറുനാരങ്ങനീർ
ജംഭീരം ചോനകനാരകം, ഒരുവക തുളസി.
ജയന്തി മുഞ്ഞ, താറുതാവൽ, വാതമടക്കി എന്നു തമിഴ.
ജയാ. കടുക്കാ, മുഞ്ഞ, കഞ്ചാവു, താറുതാവൽ, വാതമടക്കി.
ജയാദ്വയം. മുഞ്ഞയും കടുക്കായും.
ജയാവൃക്ഷം ഇകണ.
ജരണം. ചീരകം, കായം.
ജരുഫം. മാംസം
ജലകന്ദകം. നീൎക്കിഴങ്ങു
ജലജന്തുകം അട്ട
ജലജം. മത്സ്യം, താമര കക്കാ, ശംഖു.
ജലദം. മുത്തെങ്ങാ.
ജലധരം. മുത്തെങ്ങാ.
ജലപുഷ്പം. താമര, ആമ്പൽ, ഇത്യാദി.
ജലബ്രാഹ്മി. നീൎബ്രഹ്മി, ബ്രഹ്മിയിൽ ഒരു ഭേദം.
ജലമുക്. മുത്തെങ്ങാ.
ജലമൂൎത്തികാ. മുത്തെങ്ങാ
ജലം. വെള്ളം, ഇരുവേലി.
ജലവേതസ്സു. നീൎവഞ്ചി

ജലശുക്തി, ഞമഞ്ഞി.
ജലസൂചി. നീരട്ട.
ജലാശയം. രാമച്ചം.
ജലാണ്ഡകം. ചിറാകുമീൻ.
ജലേശയൻ. മീൻ.
ജലൌകസ. നീരട്ട.
ജവന്തിപുഷ്പം. ചേമന്തി.
ജവാദ്ധ. കസ്തൂരി.
ജവി. ഒട്ടകം.
ജളൂകം. നീരട്ട.

## ജാ.

ജാനകി. പൊന്നാംഗാണി.
ജാംഗലം. മാംസം.
ജാടലി. പാതിരിവൃക്ഷം.
ജാതരൂപം പൊന്നു.
ജാതവേദസ്സ കൊടുവേലി.
ജാതി. ജാതിക്കാ, പിച്ചകം
ജാതികോശം. ജാതിക്കാ ജാതിപത്രി.
ജാതിക്കാ. ജാതിക്കാ തന്നെ.
ജാതിപത്രി. പശുപാശിക്കം തമിഴിൽ കാണുന്നു.
ജാതിപുഷ്പം. പിച്ചകപ്പൂവു.
ജാതിഫലം. ജാതിക്കാ.
ജാതിലിംഗം. ചായില്യം.
ജാതുകം. പെരിങ്കായം.
ജാതുഷം കോലരക്കിൻെറ ചായം.
ജാംബവം. ഞാവൽക്കായ.
ജാംബൂനദം. പൊന്നു.
ജാലി. പടവലം. ചെറുവിരം.
ജാവകം. ചൊവ്വള്ളികൊടി.

## ജി.

ജിംഗി. മഞ്ചട്ടി.

## ജീ.

ജീമൂതാക്ഷം. ചീനമുളക.
ജീമൂതം ദേവതാമി, മുത്തെങ്ങാ, വേച്ചര.
ജീരകം. ചീരകം.
ജീൎണ്ണഗുളം. പഴയെ ശക്കര.
ജീൎണ്ണചിഞ്ചാ. പഴയെ കുടമ്പുളി.
ജീവകം. ജീവകം തന്നെ, വേങ്ങ, തിരുനാമപ്പാല.
ജീവനപഞ്ചമൂലം. ശതാവരിക്കിഴങ്ങ, കോവൽ, അടകൊതിയൻ, ജീവകം, എടവക, ഇവ അഞ്ചും.
ജീവനം. ഇരുവേലി.
ജീവനി. അടകൊതിയൻ, അടപതിയൻ, ആടുതിന്നാപ്പാളയെന്നു തമിഴിൽ.
ജീവനീയാ. അടകൊതിയൻ, ഇരുവേലി.
ജീവന്തകം. തണ്ടു ചുവന്ന വസ്തു ചീര.
ജീവന്തികം. ചിററമൃതു, ഇത്തിൾക്കണ്ണി
ജീവന്തി. അടകൊതിയൻ, അമൃതു, കാകോളി, മേദയും, മഹാമേദവും.
ജീവാ. അടകൊതിയൻ.

## ജൂ.

ജൂംഗം മറികുന്നി.

## ജോ.

ജോംഗകം. അകിൽ രണ്ടിനും പറയാം
ജോനകനാരകം. ചോനകനാരകം.
ജോനകപ്പുല്ല. സ്വൎണ്ണകപ്പുല്ല, ചോനാകപ്പുല്ല.

## ജ്യ.

ജ്യോതിഷ്കം. ചെറുപുന്നയരി.
ജ്യോതിഷ്മതി. വാലുഴവം. ചെറുപുന്നയരി.
ജ്യോതിഷ്മാൻ. എരിക്ക
ജ്യോത്സ്നി. ചെറുപീരകം. പടവലം.
ജ്യോത്സ്നികാ. പുട്ടിൽപീരവും, ചെറുപീരവും
ജ്യോരിസ് എരിക്ക, കൊടുവേലി.

## ജ്വ.

ജ്വലനൻ. കൊടുവേലി.
ജ്വാലാമുഖി. മേന്തോന്നി.

## ഝ.

ഝടാ. കീഴകാനെല്ലി.
ഝരസി. മൂവില, തുമ്പ.
ഝഷാ. ആനക്കുറുന്തോട്ടി.

## ഝാ.

ഝാടലം. വെണ്ണാതിരി.

ഝാവുകാ. കാഞ്ചിമരം.

## ഝി.

ഝിണ്ടി. നീലക്കുറുഞ്ഞി, ചെറുകുറുഞ്ഞി, പൊന്നിറം ചെങ്കുറുഞ്ഞി.
ഝിംഝിണി. കിലുകിലുപ്പ.
ഝിജ്ഝിണി. കിലുകിലുപ്പ.

## ഞ.

ഞണം. ചണം.
ഞമഞ്ഞി. വെള്ളത്തിലെ മുരിങ്ങ, കക്കായിൽ ഒരു ഭേദം.
ഞവര. ഞവരനെല്ലു.
ഞറുംപാണൽ. നല്ല പാഞ്ചി എന്നൊരു പക്ഷം.

## ഞാ.

ഞാങ്ങണ. നാങ്കണ, നാസ്കരിമ്പു.
ഞാഞ്ഞൂൽ. നിലവേർ.

## ഞെ.

ഞെട്ടാഞെട്ടുങ്ങ. ഞൊട്ടുഞൊട്ടാ.
ഞെരിഞ്ഞാൻപുളി. ചുണ്ണാമ്പുവള്ളി പോലെ ഒന്നു, ഞെരിയൻ പുളി എന്നു പറയും.

## ട.

ടങ്കണം. പൊൻകാരം.
ടംകം. പൊൻകാരം.

## ടി.

ടിംഗു. കായം.
ടിട്ടിഭകം. കുളക്കോഴി.
ടിട്ടിഭം. കുളക്കോഴി, കടുക്കാ ഉള്ളി, നരിയുണ്ണി.

## ടു.

ടുണ്ഡുകം. പലകപ്പയ്യാനി, പന്നിക്കിഴങ്ങു.

## ടൂ.

ടൂകം. കാട്ടുമുല്ല, ശംശപരമൂലിക, താറുതാവലിന്നും ചിലർ പറയും.

## ഠ.

ഠിവരം. ഒടം.

## ഡ.

ഡംകണം. നീർചിര.
ഡഹു. ആഞ്ഞിലി.
ഡഹുജം. ആഞ്ഞിലിക്കാ.

## ഡാ.

ഡാഡിമപുഷ്പം. ചെമ്മരം.
ഡാഡിമം. താളിമാതളം, മാതളനാരകം.

## ഡി.

ഡികാ. ഞെരിഞ്ഞൻപുളി.
ഡിക്കുതാ. ഞെരിഞ്ഞൻപുളി.
ഡിണ്ഡീരം. കടൽനാക്കു

## ഡു.

ഡുണ്ഡുകം. പലകപ്പയ്യാനി, പയ്യാഴാന്ത, തിരുപ്പൊരുള്ളു.

## ഡോ.

ഡോള. മനയോല.
ഡോളാ. അമരി.

## ഢ.

ഢുംക്കു. പലകപ്പയ്യാനി.

## ത.

തകരം. വെള്ളത്തീയം, തകരം തന്നെ.
തക്കാരി. മുഞ്ഞ, താറുതാവൽ, വാതമടക്കി.
തക്കോരകം. തക്കോലപ്പുട്ടിൽ.

തക്കോലകം. തക്കോലപ്പുട്ടിൽ.
തക്രം. നാലൊന്നു നീരു കൂട്ടിയ മോരു.
തഗരാ. തകരം.
തടാകശുക്തി. ഞമഞ്ഞി, കൊക്കാ.
തഡിത്വാൻ. മുത്തെങ്ങാ.
തണ്ടലർ. താമരപ്പൂവു.
തണ്ടാർ. താമരപ്പൂവു.
തണ്ഡുലിയം. ചെറുചീര.
തണ്ഡുലതോയം. കാടി.
തണ്ഡുലം. വിഴാലരി, നെല്ലരി.
തണ്ഡുലാംബു. കാടി.
തന്ത്രികാ. ചിററമൃതു.
തനയിത്നു. മുത്തെങ്ങാ.
തനൂനപാത്തു. കൊട്ടുവേലി.
തപനൻ. എരിക്കു.
തപനീയം. പൊന്നു. പൊൻവണ്ണച്ചാലി.
തപസ്യാ. മുല്ലപ്പൂവു.
തമരം ഈയം,
തമസ്വിനീ. മഞ്ഞൾ.
തമാലപത്രം. പച്ചിലമരത്തിന്റെ ഇല.
തമാലം. പച്ചിലമരം, പുണ്ഡ്രിനും പറയും.
തമിഴാമ. ചാരണ എന്നും വെളുത്തതിനു മൂത്രചാരണയെന്നും പറയും.
തമീ. മഞ്ഞൾ.
തരസം. മാംസം
തരുണി. എരിക്കു, ചെറുകുറുഞ്ഞി, കററാർവാഴ.
തർക്കാരി താറുതാവൽ, മുഞ്ഞ.
തലനീളി. പ്രസാരണി.
തവിഴാമ. തമിഴാമ.
തസ്സുരം. കച്ചോലക്കിഴങ്ങു
തളിരം ഒഴ.
തക്ഷടകം. ഞെരിഞ്ഞിൽ.

## താ.

താപസതരു ഓടവള്ളി.
താപസവൃക്ഷം ഓടൽത്തൊലി.
താപിഞ്ഛം. പച്ചിലമരം.
താപ്യം. മാക്കീരക്കല്ലു.
താമരവളയം. താമരത്തണ്ടു.
താമരസം. താമര.
താമലികി. കിഴകാനെല്ലി.
താംബൂലം. വെററില.
താംബൂലവല്ലി. വെററിലക്കൊടി.
താംബൂലി. വെററിലക്കൊടി.
താമ്രം. ചെമ്പു.
താമ്രചൂഡം. പൂവൻകോഴി.
താമ്രപുഷ്പം. പാതിരി.
താമ്രവല്ലി. മഞ്ചട്ടിപ്പൊടി.
താരം. വെള്ളി.
താർത്താവലതി. താറുതാവലിന്റെ അരി തന്നെ.
താർത്താവൽ. താറാവു, തമിഴിൽ നത്തച്ചുരി എന്നും പറയും.
താലപത്രം. കരിമ്പനയോല.
താലപർണ്ണി ചിററീന്തൽ, മുരം.
താലമൂലിക. നിലപ്പന.
താലം. കരിമ്പന, കുടപ്പന, അരിതാരം.
താലീഭവം. മാക്കീരക്കല്ലു.
താലീശപത്രം താലീശപത്രം തന്നെ.
താലീശം. താലീശവൃക്ഷം.
താളകം അരിതാരം, തുവര.
താളി കുടപ്പന, കീഴകാനെല്ലി.
താളിപ്പന. കുടപ്പന.
താളിമാതളം. മാതളനാരകം.
താറാവു. താർത്താവൽ.
താർക്ഷ്യം. മാക്കീരക്കല്ലു.
താർക്ഷ്യശൈലം. മാക്കീരക്കല്ലു, രസാഞ്ജനം, ശുക്ലരസാഞ്ജനം.

## തി.

തിക്തം. കുടകപ്പാല, ചുണ്ട.
തിക്തകം. പടവലം, നിലവേപ്പു.
തിക്തശാകം. കൈപ്പചീര, നീർമാതളം.
തിക്താദ്വയം. ചുണ്ടയും, പടച്ചുണ്ടയും
തിക്താലാ. കൈപ്പച്ചുര.
തിനിശം. തൊട്ടുകാര
തിന്ത്രിണി. പുളിവൃക്ഷം, പുളിരസം.
തിന്ത്രിണികം വാളൻപുളി.
തിന്ത്രിണികാമ്ലം. കോൽപുളി വാളൻപുളി.
തിന്ദുകം. പനച്ചി, ചെറുനാരകം.
തിന്ദുകി. പനച്ചി.
തിപ്പലിമൂലം. കാട്ടുതിപ്പലിവേർ, ഞറുക്കുമൂലം എന്നു തമിഴ.
തിമിശം. തൊട്ടുകാര.
തിരീടം. പാച്ചോററി.
തിരുമേനി വിഷ്ണുക്രാന്തി.
തിലകം. മഞ്ചാടിമരം, മൈലെള്ളു. കാരുപ്പു.
തിലപർണ്ണി രക്തചന്ദനം.
തിലപർണ്ണികാ. നെയ്യുണ്ണി.
തിലപിഞ്ജം. കായ്ക്കാത്ത എള്ളു.
തിലപുഷ്പം. എള്ളിൻപൂവു.

തിലം. എള്ള.
തിലിത്സം. പെരിമ്പാമ്പ.
തിലപകം. കമ്പിട്ടി, വെട്ടി.
തിലവം. പാച്ചോററി കുമ്മട്ടി, കമ്പിട്ടി.
തിഷ്യഫലാ. നെല്ലി.

## തീ.

തീ. കൊടുവേലി.
തീണ്ടാനാഴി മുക്കുററി, തൊട്ടാവാടി.
തീക്ഷ്ണകണ്ടകം. കാര.
തീക്ഷ്ണകന്ദകം. വെളുത്തുള്ളി.
തീക്ഷ്ണഗന്ധകം. മുരിങ്ങമരം.
തീക്ഷ്ണതണ്ഡുലം. തിപ്പലി.
തീക്ഷ്ണപത്രം. കൊത്തമ്പാലയരി.
തീക്ഷ്ണപുഷ്പം. കരയാമ്പു.
തീക്ഷ്ണഫലം. കൊത്തമ്പാലയരി.
തീക്ഷ്ണം മുളക, ഇരിമ്പ, ഉരുക്ക.
തീക്ഷ്ണരസം. വെടിയുപ്പ.
തീക്ഷ്ണവൃക്ഷഫലം. ഇകണക്കുരു, ഉക.
തീക്ഷ്ണാംശു. എരിക്ക.
തീക്ഷ്ണാഗ്രഫലവരാഗം. മുളകുകൊടി
തീക്ഷ്ണാഗ്രഫം. ചുക്ക, മുളക, തിപ്പലി.

## തു.

തുക. ക്രുവ.
തുകാ. ക്രുവന്നൂറ.
തുഗ. മുളവെണ്ണ.
തുംഗം. പുന്നാഗം.
തുംഗദ്രുമം. തെങ്ങ.
തുംഗീ. നായർവെണ്ണ.
തുടി. ചിറ്റേലം.
തുണ്ഡികാ. കോവൽ.
തുണ്ഡിലാക. കോവൽ.
തുണ്ഡികേരി. നൂൽപ്പരുത്തി. കോവൽ വള്ളി.
തുന്നം പൂവരശു
തുത്ഥനാകം. നാകം
തുത്ഥാ. ചിറ്റേലം, അമരി.
തുത്ഥകം. നീലത്തുരിശു, തുരിശു, തുത്ഥം
തുത്ഥം. നീലത്തുരിശു, ഒരുവക അഞ്ജനം
തുത്ഥാഞ്ജനം. നീലത്തുരിശു, മയിൽതുത്ഥം, മയൂരഗ്രീവവർണ്ണാഞ്ജനം.
തുന്ദുഭം. കടുക.
തുംബം. ചുരക്കാ.
തുംബീ. ചുരവള്ളി.
തുംബുരു. കൊത്തമ്പാലയരി, തുന്നൂണിയരി.

തുരംഗഗന്ധം. അമുക്കിരം.
തുരംഗം. കുതിര.
തുരംഗമം കുതിര.
തുരുഷ്കം. കുന്തിരിക്കം.
തുവരികാ. തുവര.
തുവച്ഛിലക്കാരം. തുവച്ചില ഉപ്പെന്നും പറയും.
തുഷം. താന്നി.
തുഷി. നായർവെണ്ണ.
തുളസി തൃത്താവെന്നും പറയും.
തുളസീജാതം. തുളസിക്കുരുന്നു, തൃത്താവു കുരുന്നു.
തുക്ഷീരി. ക്രുവന്നൂറ.

## തൂ

തൂണീയാംകം. അത്തിപ്പിശിൻ എന്നൊരു പക്ഷം.
തൂസ്തകം. ഇട്ടുഴിച്ചാലി.
തൂലം. ചെറുകമുങ്ങു, പഞ്ഞി.

## തൃ

തൃണഗ്രാഹി. വൈഡൂര്യം.
തൃണദ്രുമം ഒരംന്തൽ മുതലായ വൃക്ഷം
തൃണധാന്യം. ചാമ, തിന, വരക ഇത്യാദി.
തൃണധ്വജം മുള.
തൃണപഞ്ചമൂലം. ദർഭവേർ, ആററുദർഭവേർ, കരിമ്പിൻ വേർ അമവേർ, വരിനെല്ലിൻ വേർ.
തൃണപാദവം. തൃണദ്രുമം, നോക്കുക.
തൃണം. പുല്ല.
തൃണരാജം. കരിമ്പന.
തൃണശൂന്യം മുല്ല.
തൃണസാരം. വാഴ.
തൃത്താവു. തുളസിക്കു പറയും.

## തെ.

തെങ്ങ. തെന്നമരം.
തെച്ചി. ചെത്തിപ്പൂച്ചെടി അല്ലെങ്കിൽ തെററി.
തെജനകാ. അമപ്പുല്ല.
തെജനാ. മുള.
തെജനീ. പെരുംകുരുമ്പ.
തെളി. തേററാമ്പരൽ.
തെളുതാര. അഭ്രം.
തെള്ളി. പയിനിൻകറ.

## തേ.

തേകരാജം. കയ്യന്ന്യം.
തേജതകം. അമ്പോട്ടൽ.
തേജനം. മുള, ഇല്ലി.
തേജനി പെരുങ്കുരുമ്പ.
തേജസ്. പൊന്നു.
തേജോ. ചെറുപുന്നയരി.

## തൈ.

തൈലപർണ്ണികം ചെഞ്ചന്ദനം.
തൈലപീതകം. ഇണ്ണിയ ംകം.

## തൊ.

തൊഗമം. പച്ചിലനിറതൊവര.

## തോ.

തോണ്ട. ആവണക്കു.
തോത്രം. ആനവള്ളി.
തോയദം. മുത്തെങ്ങാ, ഉരുക്കനൈ.
തോയതിപ്പലി. നീർത്തിപ്പലി.
തോര. തോരപ്പയറു, പച്ചിലനിറത്തു വര.

## തൌ.

തൌരവം. മരോട്ടി.

## ത്ര.

ത്രപു. തകരം, വെള്ളീയം, ചെംപ്രാക്കൊടി.
ത്രപുലം വെള്ളീയം.
ത്രപുഷം. വെള്ളിയം.
ത്രപുസം. പുട്ടിൽപഴം, തവുക്ക.
ത്രായന്തി. ബ്രഹ്മി.
ത്രായമാണാ. ബ്രഹ്മി.
ത്രികടു. ചുക്കു, മുളകു, തിപ്പലി.
ത്രികണാ തിപ്പലി, അത്തിത്തിപ്പലി, കാട്ടുതിപ്പലി.
ത്രികണ്ടാ. ഞെരിഞ്ഞിൽ.
ത്രികോല്പക്കൊന്ന. ശിവത.
ത്രിഗന്ധാ. ത്രിജാതംനോക്കുക
ത്രിജാതം. ഏലം, എലവങ്ങം, പച്ചില.
ത്രിപടു. ഇന്തുപ്പു, വെടിയുപ്പു, കറുത്തുപ്പു.
ത്രിപാദി. ചെറുവുള്ളടി, നിലമ്പരണ്ട.
ത്രിപർണ്ണി. കാട്ടുപരുത്തി.
ത്രിപാദി. നിലമ്പരണ്ട, ചെറുവുള്ളടി.
ത്രിപുടാ. ചിറ്റേലം, ത്രികോല്പക്കൊന്ന.
ത്രിഫലാ. കടുക്കാ നെല്ലിക്കാ, താന്നിക്കാ.
ത്രിടിണ്ഡി. ത്രികോല്പക്കൊന്ന.
ത്രിവൃതാ. ത്രികോല്പക്കൊന്ന.
ത്രിവൃൽ. ത്രികോല്പക്കൊന്ന.
ത്രിവൃന്മഹം. ത്രികോല്പക്കൊന്ന.
ത്രിലവണം. ഇന്തുപ്പു. വിളയുപ്പു, വെടിയുപ്പു.
ത്രിലിംഗം. താന്നി.
ത്രിഹിമം. ചന്ദനം. വെൺചന്ദനം, ചെഞ്ചന്ദനം,
ത്രുടി. ചിറ്റേലം.
ത്ര്യൂഷണം. ത്രികടുനോക്കുക.

## ത്വ.

ത്വക്. എലവങ്ങത്തൊലി. കറുവാപ്പട്ടയ്ക്കും പറയും.
ത്വക്പത്രം. എലവങ്ങത്തില.
ത്വക്സാരം. മുള.
ത്വക്ക്ഷീരം. മുളവെണ്ണ.
ത്വചം. എലവങ്ങം.
ത്വചിസാരം. മുള.
ത്വക്ഷീരി. കൂവനൂറു.

## ദ.

ദണ്ഡാഹതം. മോരു.
ദദ്രുഘ്നം. തകര.
ദധി. തൈർ, തിരുവട്ടപ്പശ.
ദധിത്ഥം. വിളാമരം, വിളാമ്പഴം.
ദധിഫലം. വിളാമരം.
ദധിഭവം. തൈരിൻവെള്ളം
ദധിമസ്തു. തൈർവെള്ളം.
ദധിസ്വേദം. മോരു.
ദന്തധാവനം. കരിങ്ങാലി.
ദന്തപുഷ്പം. തേററാമ്പരൽ.
ദന്തശഠം. നാരകം നാരങ്ങാ, വടുകപ്പുളിനാരങ്ങാ, വിളാങ്ങാ, വിളാർ.
ദന്തശഠാ. പുളിയാരൽ, നാരകം.
ദന്തശാണം. ചെറുനാരങ്ങാ.
ദന്തഹർഷകം. ചെറുനാരങ്ങാ.
ദന്തി. കാട്ടുവെള്ളരി, നാഗദന്തി.
ദന്തികാ നാഗദന്തി.
ദന്തിബീജം. നീർവാളം.
ദമനസ്സ. കൊഴുവേലി.
ദദ്ദുരം. തവളപ്പുറവൻനെല്ലു.

ദംഷ്ട്രി. പന്നി.
ദൎഭാ ദൎഭപ്പുല്ലു.
ദൎഭേക്ഷു. കരുവികരിമ്പു.
ദശപുഷ്പം. പൂവൻകുറുന്തല, മുയൽച്ചെവിയൻ കറുക, കയ്യുണ്യം, നിലപ്പന, വിഷ്ണുക്രാന്തി, ചെറുവുള, ചുട്ടിതിരുതാളി ഉഴിഞ്ഞ, മുക്കുററി, ഇങ്ങിനെ പത്തു.
ദശമൂലം. ൧. കുമ്പിൾ, ൨. കൂവളം, ൩. മുഞ്ഞ, ൪. പാതിരി, ൫. പലകപ്പയ്യാനി ൬. ഞെരിഞ്ഞിൽ, ൭ ഓരില, ൮ മൂവില, ൯. കറുത്തചുണ്ട, ൰. വെളുത്തചുണ്ട.
ദഹനൻ കൊടുവേലി.
ദഹനോപലം സൂൎയ്യകാന്തക്കല്ലു.

ദാ.

ദാഡിമപുഷ്പകം. ചെമ്മരം, മാതളനാരകം.
ദാഡിമം. മാതളനാരക.
ദാരണം തേററാമ്പരൽ.
ദാരദം. രസം, ചായില്യം.
ദാരു. ദേവതാരം.
ദാരുഹരിദ്രാ. മരമഞ്ഞൾ.
ദാൎവ്വി. മരമഞ്ഞൾ.
ദാൎവ്വികാ. തോൽമുഞ്ഞി,കോലിഞ്ഞി എന്നും പറയും
ദാശപുരം. കഴിമുത്തെങ്ങാ
ദാസീ. നീലക്കുറുഞ്ഞി.
ദാസേരകം. ഒട്ടകം.

ദി.

ദിനകരൻ.
ദിനകൃൽ.
ദിനപതി.
ദിനമണി
ദിനേശം.
} എരിക്ക

ദിനേശവല്ലി. വേമ്പാട.

ദിവസകരൻ.
ദിവസേശ്വരൻ.
ദിവാകരൻ.
} എരിക്ക

ദിവ്യം. യവം.
ദിവ്യരസം. രസം.

ദീ.

ദീപികാ. കരിഞ്ചീരകം.
ദീപ്തോപലം സൂൎയ്യകാന്തക്കല്ലു.
ദീപ്യകം. കരിഞ്ചീരകം, അയമോദകം.
ദീപ്യം. കരിഞ്ചീരകം, അയമോദകം.
ദീപ്യയുഗ്മം. അയമോദകവുംകരിഞ്ചീരകവും.
ദീൎഘപത്രം. വെങ്കായം.
ദീൎഘമൂലം. മൂവില, തൊട്ടാൽചുരുങ്ങി എന്നു തമിഴിൽ.
ദീൎഘവൃന്തം. പലകപ്പയ്യാനി. പേരമരം.
ദീൎഘശൂകം. നെട്ടവാൽച്ചാലി.

ദു

ദുഗ്ദ്ധം. പാൽ.
ദുഗ്ദ്ധികാ. കിറുകിണ്ണിപ്പാല, കൈക്കൊത്തമ്പാല, എറിമക്കള്ളി.
ദുദ്രുമം. പച്ചിലയുള്ളി.
ദുരാലഭാ. കൊടിത്തൂവ.
ദുരാലംഭാ. കൊടിത്തൂവ.
ദുൎന്നാമാ. ഞമഞ്ഞി.
ദുല്ലഭാ. കൊടിത്തൂവ.
ദുൎവ്വൎണ്ണം. വെള്ളി
ദുൎവ്വാ കറുകാ
ദുഷ്പത്രം. കാട്ടുകച്ചോലം.
ദുഷ്പ്രധൎഷിണി. ചെറുവഴുതിന
ദുസ്സ്പൎശം. കൊടിത്തൂവ, കറുത്തചുണ്ട.
ദുസ്സ്പൎശാ. കണ്ടകാരി.

ദൂ.

ദൂൎവ്വാ. കറുക.

ദൃ.

ദൃഢമൂലം തെങ്ങു.
ദൃഢസൂത്രികാ പെരുങ്കുരുമ്പവള്ളി.

ദേ

ദേവകുസുമം എലവൎങ്ങപ്പൂവു.
ദേവജഗ്ദ്ധകം. കാട്ടുകണ്ട
ദേവതരു. ദേവതാരം.
ദേവതാളം പെരുംപീരം, ദേവതാളി
ദേവതാളി. പെരുംപീരമെന്നൊരു പക്ഷം.
ദേവദഗ്ദ്ധകം നാന്മുഖപ്പുല്ലു.
ദേവദാരു. ദേവതാരം.
ദേവവല്ലഭം. പുന്ന.
ദേവാ. പെരുങ്കുരുമ്പ.
ദേവശ്രേണി. പെരുങ്കുരുമ്പ.
ദേവീ. കാട്ടുവെള്ളരി, പെരിങ്കുരുമ്പ ചോനാകപ്പുല്ലു.

## ദൈ.

ദൈത്യാ. ചിററിന്തൽ, മുര.
ദൈവപ്പാല. എഴിലമ്പാല.

## ദോ.

ദോഷ്ഠിപ്പാഷാണം. ഒരു വകക്കല്ലു
ദോഷാ. പച്ചമഞ്ഞൾ.
ദോഷാകരൻ. കർപ്പൂരം.
ദോളാ. അമരി.

## ദ്യ

ദ്യുമണി. എരിക്കു.

## ദ്ര.

ദ്രപ്സം. തൈർ വെള്ളം
ദ്രപന്തി. എലിച്ചെവിയൻ, ചിലർ കട ലാവണക്കിന്നും പറയുന്നു.
ദ്രാവിഡകം. കച്ചോലം.
ദ്രാക്ഷാ. മുന്തിരിങ്ങാ.
ദ്രുകിളിമം. ദേവതാരവൃക്ഷം.
ദ്രുമം. ദേവതാരം.
ദ്രുമാമയം. കോലരക്കു.
ദ്രുമോല്പലം കൊങ്ങുമന്താരം.
ദ്രോണപുഷ്പി തുമ്പ.
ദ്രോണം. തുമ്പ.
ദ്രോണികാ. അമരി.
ദ്രോണീ. അമരി.

## ദ്വ.

ദ്വയമരീചി. മുളകും വാൽമുളകും.
ദ്വാസന്തി. കുരുക്കുത്തിമുല്ല.
ദ്വികരഞ്ജം. പുങ്ങിൻതൊലിയും, ആവി ത്തൊലിയും.
ദ്വികുണ്ഡലി. അമൃതും, തഴുതാമയും.
ദ്വിജൻ. ദ്വിജപൻ, ദ്വിജരാജൻ, കർപ്പൂ രം.
ദ്വിജാ. അരേണുകം.
ദ്വിതിക്താ. കടുകരോഹണിയും, അതി വിടയും, കാട്ടുചുണ്ടയും. ചെറുചുണ്ടയും എന്നും ഒരു പക്ഷം
ദ്വിദർഭ. ദർഭയും, ആററുദർഭയും.
ദ്വിനിശാ. മഞ്ഞളും മരമഞ്ഞളും.
ദ്വിബൃഹതി. ചെറുവഴുതിനയും വെൾ വഴുതിനയും.
ദ്വിരജനി. മഞ്ഞളും മരമഞ്ഞളും.
ദ്വിഷ്ടം. ചെമ്പു.
ദ്വിക്ഷാരം. തുവച്ചിലക്കാരവും ചവക്കാ രവും
ദ്വീപി. പുലിച്ചുവടി, ചെറുവഴുതിനയും വെൾവഴുതിനയും.
ദ്വീരജനി. മഞ്ഞളും മരമഞ്ഞളും.

## ധ

ധത്തൂരം. ഉമ്മത്തു.
ധനദനയനം. കഴഞ്ചി.
ധനഹരി. കാട്ടുകച്ചോലം.
ധനികം കൊത്തമ്പാലയരി.
ധനിയകം. കൊത്തമ്പാലയരി.
ധനുഷ്ക്കം മുരൾവൃക്ഷം.
ധനുഷ്ക്കടാ. മുരൾവൃക്ഷം.
ധന്നേയകം കൊത്തമ്പാലയരി.
ധന്യാകം. കൊത്തമ്പാലയരി.
ധന്വപഞ്ചദം. ചിററിന്തൽ.
ധന്വയാഷം. കൊട്ടുത്തുവ.
ധമനം. വേഴം.
ധമനി. പവഴക്കൊടി
ധരണീകന്ദം വെങ്കായം.
ധർമ്മപത്തനം. കുരുമുളകു.
ധവളാ. വെൺകറുക.
ധവകമ്പുകം. പെരിൻപയിൻ.
ധവം. ഞമഞ്ഞി, കൊഞ്ഞ.

## ധാ.

ധാതകി. താതിരിമരം.
ധാതുകാസീസം ഹരംസ്യം എന്നും, ഹരം സ്യത്തെ സംബന്ധിച്ച ഒരു വെപ്പുമരു ന്നെന്നു പക്ഷം.
ധാതുപുഷ്പികാ. താതിരി.
ധാതുമാരണി പൊൻകാരം.
ധാതുവൈരി ഗന്ധകം.
ധാത്രി. നെല്ലിക്കാ
ധാത്രിഫലം. നെല്ലിക്കാ.
ധാനാ. ഉമമൻമലർ, കൊത്തമ്പാലയരി.
ധാനാകം. കൊത്തൻപാലയരി. ഉമ ൻമലർ.
ധാന്യകം. കൊത്തമ്പാലയരി.
ധാന്യം. കൊത്തമ്പാലയരി, നെല്ലുമുത ലായതിനും പറയും
ധാന്യാകം. കൊത്തമ്പാലയരി.
ധാന്യാമ്ലം. വെപ്പുകാടി, കാടി.
ധാമാർഗ്ഗവം. വലിയകടലാടി, വീരകം, തുമ്മക്കാപീരം പേച്ചുര.

ധാരാധരം. മുത്തെങ്ങാ.
ധാൎത്തപത്തനം. കൊടിമുളക, നല്ല മുളക.
ധാൎമ്മപത്തനം. കൊടിമുളക, നല്ല മുളക.
ധാവനി. ഓരില, ചെറുവഴുതിന, കണ്ടൻകത്തിരി.
ധാവനികം. ചെറുവഴുതിന.

## ധു.

ധുത്തൂരം. ഉമ്മത്ത.
ധുസ്തൂരം. ഉമ്മത്ത

## ധൂ.

ധൂപനം. കുന്തുരുക്കം.
ധൂപവൃക്ഷം. ചരളം.
ധൂമകേതു. കൊട്ടവേലി.
ധൂമയോനി. മുത്തെങ്ങാ.
ധൂമ്രകം. കട്ടക്കാ.
ധൂൎത്തം. ഉമ്മത്തു.

## ധേ.

ധേനു. പശു.

## ധ്യാ.

ധ്യാമം. നാന്മുഖപ്പുല്ല.

## ധ്രു.

ധ്രുവാ. വയ്യങ്കതക, ഓരില, മൂവില.
ധ്രുവവൃക്ഷം. വയ്യങ്കതകവൃക്ഷം.

## ന.

നകുലം. കീരി
നകുലി. ഇലവു, കീരിക്കിഴങ്ങു, പട്ടപഞ്ഞിമരം.
നകുലേഷ്ടാ. അമൽപൊരി. വണ്ടവാഴി.
നക്തമാലം. പുങ്ങു.
നക്തം. മഞ്ഞൾ.
നക്രം. മുതല
നഖം. മുരൾ, മുരം, ചിപ്പിമരം, നാഗണം.
നഖി. മുരൾ.
നഞ്ചുവൃക്ഷം. നീൎവാളവൃക്ഷം.
നടമണ്ഡനം. പൊന്നരിതാരം.
നടം. പലകപ്പയ്യാനി.
നടി. പവിഴക്കൊടി.
നഡം. വേഴം.
നഡ്യാ. വേഴക്കൂട്ടം.
നതം. തകരം, താലകം എന്നും ചിലർ.
നദയന്തികാ. താതിരി.
നദീസജ്ജം. നീൎമരുതു.
നന്ദ്യാവട്ടം. നന്ദ്യാവൎത്തം എന്നും പറയും.
നന്ദി. നന്ദ്യാവട്ടം, നന്തിവള്ളി.
നന്ദിവൃക്ഷം. പൂവരശു, ഇകണ.
നന്ദീമാഷം. നീൎമ്മിക്കിഴങ്ങു, കുളച്ചേമ്പു.
നന്ദീമുഖി. ഞാങ്കോലി എന്ന നെല്ലു.
നന്ദ്യാവൎത്തം. നന്ദ്യാവട്ടം.
നന്നാറി. നറുനീണ്ടി.
നഭോമണി. എരിക്ക.
നമസ്കാരി. പറച്ചുണ്ട, തൊട്ടാവാടി, തീണ്ടാനാഴി.
നയനം. കഴഞ്ചി.
നയനൌഷധം. പാച്ചോററി.
നരാംബു. മനുഷ്യമൂത്രം, തമിഴിൽ അമരി എന്നും പറയും.
നരിവെങ്കായം. കാട്ടുവെങ്കായം, കാട്ടുള്ളി.
നല്ലമുളക. കൊടിമുളക.
നവദളം. താമരപ്പൂവിന്റെ അകത്തെ ദളം.
നവധാന്യം. യവം മുതലായി ഒമ്പതു
നവനീതം. പുതിയവെണ്ണ.
നവമല്ലിക. മുല്ല.
നവമാലികാ. ചെറുപിച്ചകം.
നവര. ഒരുമാതിരിനെല്ല, പനിക്കൂക്ക.
നവരത്നം. ഗോമേദകം പത്മരാഗം, പുഷ്യരാഗം, വജ്രം, വൈഡൂൎയ്യം, ഇന്ദ്രനീലം, മരതകം, മുത്തു, പവിഴം, ഇങ്ങിനെ ഒമ്പതു.
നവശാരം. ഒരുവകചാരം.
നവോദ്ധൃതം. വെണ്ണ.
നളദം. രാമച്ചവേർ, ഒരു പൂന്തേൻ.
നളം. വേഴം, നാഴ്കരിമ്പു, ആമ്പൽ.
നളി. പവഴക്കൊടി.
നളിനം. താമര.
നളിനി. താമരക്കൂട്ടം.
നറുഞ്ചണ്ണ. ഒരുവക ക്രുവ
നറുനീണ്ടി. നന്നാറി
നറുനെയി. വെണ്ണനെയി. പശുവിൻനെയി.

നറുത്തേൻ. ചെറുതേൻ.
നറുമ്പാണൽ നല്ലപാഞ്ചി, നറുപാഞ്ചി
നറുമ്പാൽ. പശുവിൻപാൽ.
നറുപിച്ചുകം. ചെറുപിച്ചകം.

## നാ.

നാകദന്തി നാഗദന്തി എന്നും പറയും.
നാകുലി. അരത്ത. ചുമന്ന അമൽപൊരി, കീരിക്കിഴങ്ങു എന്നൊരു പക്ഷം കീരിപുരണ്ടാൻ ചെടിയെന്ന തമിഴിൽ.
നാകുലിദ്വയം അരത്തയും ചിററരത്തയും കരളേകയും പാമ്പുനാറിയും.
നാഗകുസുമം നാഗപ്പൂവു.
നാഗകേസരം. നാഗപ്പൂമരം.
നാഗജിഹ്വികാ. മനയോല.
നാഗതാളി. വിക്ഷത്തിൻെറ ഒരു മരുന്നു.
നാഗപുഷ്പം നാകപ്പൂവു.
നാഗബല. ആനക്കുറുന്തോട്ടി.
നാഗം. നാകവൃക്ഷം, കാരീയം.
നാഗരംഗം. ആനവണക്കി, ആനവളർ, ചെറുനാരകം.
നാഗരം. ചുക്കു
നാഗവല്ലി വെററിലക്കൊടി.
നാഗാരി. കീരി, മയിൽ.
നാഗാഹ്വം. നാകപ്പൂവു.
നാടൻപുഴുക്കു. വെരിവിൻപുഴു.
നാടി. താമരത്തണ്ടു
നാഡി. താമരത്തണ്ടു
നാദേയം. ഉപ്പു, അഞ്ജനം.
നാദേയി. നീർവഞ്ചി, നീലഞാവൽ. ചെറുനാർകം, താറുതാവൽ.
നാന്മുഖം നാന്മുഖപ്പുല്ലു.
നാപുഷ്പം. നാകപ്പൂവു
നാഭി. കസ്തൂരി
നാരദൻ. മുത്തെങ്ങാ
നാരം. ഇരുവേലി.
നാരായണ്യാ. ശതാവരി.
നാരിക്ഷീരം. മുലപ്പാൽ.
നാല്ക്കോപ്പക്കൊന്ന. ശിവതയിൽ ഭേദം.
നാല്പാമരം. അത്തി, ഇത്തി, ആൽ, അരശു
നാളം. താമര മുതലായതിൻെറ തണ്ടു.
നാളികം. താമര. ചെറുവെള്ള
നാളികളായം. കരുമ്പുഞെരിഞ്ഞിൽ.
നാളികേരം തെങ്ങു. തേങ്ങാ
നാളീകം. താമര.
നാറാവുള്ളി. വെള്ളവെങ്കായം.

## നി.

നികുംഭം. നാഗദന്തി.
നികോചകം. അങ്കോലമരം, അഴിഞ്ഞിൽ, തുടരി പേർത്തി.
നിചുളം. നീർപ്പരുത്തി, നീർക്കടമ്പു ആററുവഞ്ചി
നിദിഗ്ധം. ചിറേറലം.
നിദിഗ്ധികാ ചെറുവഴുതിന, കണ്ടകാരിച്ചുണ്ട, പുത്തരിച്ചുണ്ട.
നിദ്രിശം. കോവൽ.
നിംബച്ഛദനം. വേപ്പില.
നിംബതരു. മുൾമുരിങ്ങ.
നിംബം. ആര്യവേപ്പു, വേപ്പുമരം.
നിംബബീജം. വേപ്പിൻകുരു.
നിർഗ്ഗന്ധപുഷ്പി. ഇലവു.
നിർഗ്ഗുണ്ഡി. കരിനൊച്ചി, ചേമന്തി.
നിർഗ്ഗുണ്ണി. കരിനൊച്ചി, ചേമന്തി.
നിർമ്മന്ഥദാരു. അരണി.
നിർയ്യാസം. വൃക്ഷത്തിൻെറ പശ, ചെഞ്ചല്യം, നറുംപശ.
നിവിഷം. മഞ്ഞക്കുവ, കസ്തൂരിമഞ്ഞൾ.
നിലമ്പരണ്ട. നിലമ്പാലയെന്നും ചിലർ.
നിലമ്പാല. ചിത്രപ്പാലയെന്നും മക്കിപ്പൂവെന്നും ചിലർ.
നിലവാക. ചുന്നാമക്കിയെന്നും പറയും.
നിലവേപ്പു. പുത്തരിച്ചുണ്ടയെന്നൊരു പക്ഷം
നിലവേമ്പു. നിലവേപ്പു കിരിയാത്തു എന്നും പറയും.
നിശാ. മഞ്ഞൾ, മരമഞ്ഞൾ, വറട്ടുമഞ്ഞൾ.
നിശാഖ്യാ. മഞ്ഞൾ, മരമഞ്ഞൾ.
നിശാനാഥൻ. കപ്പൂരം.
നിശാപതി. കപ്പൂരം.
നിശാമണി. കപ്പൂരം.
നിശീഥിനീ. മഞ്ഞൾ.
നിഷ്കുടി. ചിറേറലം, പേരേലം.
നിഷ്പാപം. അമര.
നിസാ. ആശാളി.

## നീ.

നീർ. ഇരുവേലി.
നീപം. നീർക്കടമ്പു, കടമ്പുമരം.
നീരജം. താമര.
നീരദം. മുത്തെങ്ങാ.
നീരം. മുത്തെങ്ങാ.
നീർമ്മരുതു. വെണ്ടകം.

നീവഞ്ചി. ആററുവഞ്ചി.
നീപ്പാളം. നഞ്ചുവൃക്ഷം
നീലകണ്ഠം. മയിൽ.
നീലക്കുറുഞ്ഞി കരിങ്കുറുഞ്ഞി.
നീലച്ചുണ്ട. കറുത്തച്ചുണ്ട.
നീലപുഷ്പം. കായാമ്പൂവു, വിഷ്ണുക്രാന്തി.
നീലപുഷ്പി. വട്ടപ്പൂത്താളി.
നീലംബാ കൈപ്പച്ചുര.
നീലാഞ്ജനം. തുരിശു.
നീലാംബുജന്മാ. കരിംകൂവളം
നീലാംബുജം കരിംകൂവളം.
നീലി. അമരി.
നീലികാ. അമരി, കറുത്തചേമന്തി.
നീലിനീ. അമരി, വട്ടപ്പൂന്താളി, കാക്കതിരുതാളി.
നീലോല്പലം. കരിംകൂവളം.
നീവാരം. വരിനെല്ലു.

## നു.

നുദം. ചെറുകവുങ്ങു.
നുരോൻ. കാട്ടുകാച്ചിൽ.

## നൃ.

നൃപദ്രുമം. കൊന്ന.

## നെ.

നെന്മേനിവാക. വാകയിൽ ഭേദം
നെയ്യുണ്ണി മുക്കാൽപിരം എന്നും ചിലർ.
നെയ്തൽ. നെയ്താമ്പൽ.

## നേ.

നേർവാളം. നീർവാളം, നഞ്ചിൻകുരു.
നേമി. തൊട്ടുകാര.

## നൈ.

നൈവാളി പിച്ചകം, മനയോല, ചേമന്തി, അമരി.
നൈയഗ്രോധം. വേങ്ങക്കുരു, പേരാൽക്കുരു.
നൈഷധം. ചെമ്മണ്ണിച്ചാലി.

## നൊ.

നൊങ്ങണംപുല്ലു. ആറാംവഴിഞ്ഞി എന്നും കുച്ചരിതുമ്പയെന്നും പറയും.
നൊച്ചി. കരിനൊച്ചിയെന്നും വെള്ള നൊച്ചിയെന്നും രണ്ടുണ്ടു.

## നോ.

നോപാനിവല്ലി പുല്ലാന്നി.

## ന്യ.

ന്യഗ്രോധം പേരാൽ
ന്യഗ്രോധി. എലിച്ചെവിയൻ എഴുത്താണിവച്ച.

## പ.

പകലോൻ. എരിക്കു.
പംകജബന്ധു. എരിക്കു.
പംകജം. താമര.
പങ്കേരുഹം. താമര
പചനവ്. കൊട്ടുവേലി.
പചംപചാ. മരമഞ്ഞൾ.
പച്ച. ഒരുമാതിരി തുളസി.
പച്ചില. തമാലവൃക്ഷം.
പഞ്ചകോലം കാട്ടുതിപ്പലി, കാട്ടുമുളകു, കൊടുവേലി, ചുക്കു, തിപ്പലി, ഇവയഞ്ചും.
പഞ്ചനിംബം. വേപ്പിൻെറ സമൂലം.
പഞ്ചമൂലം. മഹൽ, ഹ്രസ്വം, മദ്ധ്യമം, ജീവനം, തൃണം ഇങ്ങിനെ അഞ്ചുവിധ പഞ്ചമൂലം ഉണ്ടു അതാതു നോക്കുക.
പഞ്ചഭില്ലവണം. വിളയുപ്പു, മരക്കലയുപ്പു, കാരുപ്പു, വെടിയുപ്പു, ചീരുപ്പു, ഇങ്ങിനെ അഞ്ചു.
പഞ്ചവല്കം. നാല്പാമരത്തൊലിയും, കല്ലാലിൽ തൊലിയും.
പഞ്ചസുഗന്ധം. കരയാമ്പു, ജാതിക്കാ, പത്രി, കർപ്പൂരം, ഏലം, ഇവ അഞ്ചു.
പഞ്ചസ്നേഹം. നല്ലെണ്ണ, ആവണക്കെണ്ണ, വേപ്പെണ്ണ പശുവിൻനൈ, പന്നിനൈ, ഇവ അഞ്ചും, അഞ്ചെണ്ണ, എന്നും പറയും.
പഞ്ചാംകുരം. വെട്ടിത്തളിർ, ഞാറത്തളിർ, പാച്ചോററിത്തളിർ, ചെത്തിമൊട്ടു, കറുകനാമ്പും ഇവയഞ്ചും
പഞ്ചാംഗുലം. ആവണക്കു.

പഞ്ജുപുഷ്പ്പ. കുരവരക, കേഴവരക, കേപ്പ.
പടലീ. പൂപ്പാതിരി.
പടിക്കാരം. ചീനക്കാരം.
പടീരം. ചന്ദനം,
പട്ടുജലം. ഉപ്പുവെള്ളം.
പട്ടുപർണ്ണി. എരിമക്കള്ളി, മലയെരിമ.
പട്ടു. ഇഞ്ചിപ്പു, പടവലം.
പടോലം. കയ്പൻപടവലം.
പടോലകം. ഞമഞ്ഞി.
പടോലികാ. ചെറുകുമ്മട്ടി, പീച്ചി, ചെറുപീരകം.
പട്ടികാ. മലങ്കവുങ്ങു.
പട്ടികാഖ്യാ. മലങ്കവുങ്ങു.
പട്ടിലാക്ഷാ മലങ്കവുങ്ങു.
പട്ടിലോദ്ധ്രം. മലങ്കമുങ്ങു.
പതംഗൻ. എരിക്കു.
പതംഗം. കിളിവണ്ണച്ചാലി
പതുമുകം. പതുമുകം തന്നെ.
പത്തംഗം. ചപ്പങ്ങാ.
പത്തൂരം. മീനാങ്ങാണി.
പത്മകം. പതുമുകം.
പത്മകേസരം താമരയല്ലി.
പത്മചാരിണി. കരത്താമര, ഓരിലത്താമര.
പത്മനാളം. താമരത്തണ്ടു.
പത്മപത്രം പുഷ്കരമൂലം.
പത്മപർണ്ണം. പുഷ്കരമൂലം.
പത്മം. താമര.
പത്മരജസാ. താമരയല്ലി.
പത്മാ. ചെറുതേക്കു, ഓരിലത്താമര. തിരുതാളി.
പത്മാടം തകര.
പത്മാക്ഷം. താമരക്കുരു.
പത്രകം ഇലവങ്ങമരത്തിന്റെ ഇല, കറുവായില.
പത്രപുഷ്പം. തുളസി.
പത്രം. സമുദ്രാപ്പച്ച, പച്ചില, മുളയില; ഏലവങ്ങത്തില.
പത്രാംഗം. ചുവന്നചന്ദനം
പത്രി. ജാതിക്കയുടെ പുറത്തുള്ള തൊലി.
പത്രോർണ്ണം. പലകപ്പയ്യാനി.
പഥ്യാ. കടുക്കാമരം
പനക്കണ്ടം. കല്ലക്കാരം എന്നും പറയും.
പനച്ചകം. പനച്ചി എന്നും പറയും.
പനസം. പ്ലാവു, ചക്ക.
പനിക്കുർക്ക. നവരയെന്നും പറയും.
പനിമതി കർപ്പൂരം.
പഫണം പാവട്ട.
പയസ. പാൽ, വെള്ളം.
പയസ്യാ. അടകൊതിയൻ, ക്ഷീരകാകോളി.
പയോജം. താമരപ്പൂവു.
പയോദം. മുത്തങ്ങാ.
പയോധരം. നാളികേരം, മുത്തങ്ങാ.
പയോവാഹം. മുത്തങ്ങാ.
പയ്യാനി. പലകപ്പയ്യാനി.
പരാന്നു. ഠംഠംരയുള്ളി, ഠംഠംക്ഷയുള്ളി.
പരിധി. ഒരുവക ചമത.
പരിഭവലവം. കഴിമുത്തങ്ങാ.
പരിഭവലം. കഴിമുത്തങ്ങാ.
പരിവ്യാധം. നീർവഞ്ചി, കൊഞ്ചു.
പരു. കമ്പ.
പരുഷകം. ചിററീന്തൽ.
പർക്കടീ. ചിററീന്തൽ.
പർജ്ജനീ. മരമഞ്ഞൾ
പർജ്ജന്യം. മുത്തങ്ങാ.
പർണ്ണം. പ്ലാശു.
പർണ്ണാസം. തുളസി, കഞ്ഞുകം.
പർണ്ണി. ഓരില.
പർപ്പടകം. പർപ്പടകപ്പുല്ലു.
പർവ്വം. കമ്പ.
പർവ്വികാ. ചങ്ങലംപറണ്ട.
പലകപ്പയ്യാനി. വയ്യാഴാന്ത
പലങ്കഷാ. ഞെരിഞ്ഞിൽ, കുമ്പിൾ. അരക്കു. ഗുല്ഗുലു.
പലാണ്ഡു. ഉള്ളി.
പലാശം. പ്ലാശു, ചെറുകച്ചോലം, മുരിക്കു. പച്ചില.
പലാശവൃന്തം പ്ലാശിൻതണ്ടു.
പലാക്ഷാ. കുമിഴ.
പല്ലവീതം. കോലരക്കു.
പവിത്രം കുശ
പശുഗന്ധം ആട്ടുനാറിവേള.
പറങ്കിമാവ്. ചീനപ്പാവു.
പറങ്കിസാംബ്രാണി കുന്തിരിക്കം, സാംബ്രാണി.

## പാ.

പാകലം. കൊട്ടം.
പാക്യം. യവക്ഷാരം.
പാച്ചനൻ. കൊട്ടുവേലി.
പാഞ്ചി. പാണൽ.
പാടാ. പാടവള്ളി.
പാടക്കിഴങ്ങ. പാടവള്ളിക്കിഴങ്ങു, പാടത്താളി.
പാടലാ. പാതിരിമരം, പാതിരിപ്പൂവണ്ണൻ നെല്ലു.
പാടലം. നെല്ലു.

പാടലി. പാതിരി, പൂപ്പാതിരി, വെണ്പാതിരി
പാടവല്ലി. പാടത്താളി, പിള്ളത്താളി.
പാഠാ. പാടവള്ളി.
പാഠി. കൊടുവേലി.
പാണ്ഡുഫലം. പടവലം.
പാണൽ. പാഞ്ചി എന്നും പറയും.
പാഫസ്സ്. ഇരുവേലി.
പാപചേലി. പാടവള്ളി, പാല്പയറു, ചെറുമ്പയർ.
പാംസു. പൊടിച്ചാലിനെല്ലു.
പാംസൂത്ഥം. പൊടിയുപ്പു.
പാരതം. രസം
പാരന്തി. ചെത്തി.
പാരാപതം. ചെറുനാരകം, പ്രാവണ്ണൻ നെല്ലു.
പാരാവതാംഘ്രി വാലുഴവം.
പാരിജാതകം. മുൾമുരിക്കു, പവഴമല്ലി
പാരിഭദ്രകം. ദേവതാരവൃക്ഷം, മുൾമുരിക്കു, വേപ്പു.
പാരിഭദ്രം. ദേവതാരവൃക്ഷം, മുൾമുരിക്കു, വേപ്പു
പാരിഭാവ്യം. കൊട്ടം.
പാർത്ഥൻ. നീർമരുതു.
പാർവ്വതം. വാലുഴവം, വാലുള്ളുഴവ.
പാർവ്വതിശുക്ലം. അഭ്രം.
പാർവ്വതേയം അഞ്ജനക്കല്ലു.
പാലക്യം. ചെഞ്ചീര.
പാലങ്കം. കുന്തുരുക്കം.
പാലങ്ക്യാ. കുന്തുരുക്കം.
പാലന്തികാ. ബ്രഹ്മി, കൽക്കത്തൻ.
പാലാശം. പ്ലാശുവൃക്ഷത്തെസംബന്ധിച്ചതു.
പാലിന്ദീ. നാല്ക്കോല്പ്പക്കൊന്നു, കരിഞ്ഞുവര.
പാലീയം. തകരം.
പാവകൻ. കൊടുവേലി, ചേരു, വിഴാൽ.
പാവനീ തുളസീ.
പാശുപതം. വെള്ളെരുക്കു.
പാശുപതീ വെള്ളരുക്കു.
പാഷാണഭേദി. കല്ലൂർവഞ്ചി.
പാറകം. തേരകം.
പാറക്കി. ഒരുപശ.

## പി.

പിംഗം. ഗോരോചന, കായം. മഞ്ഞൾ
പിംഗലം. മനയോല.
പിംഗലൻ. എരിക്കു, കൊടുവേലി.
പിചു. പഞ്ഞി.
പിചുമന്ദം. വേപ്പുവൃക്ഷം.
പിചുമർദ്ദം. വേപ്പുവൃക്ഷം.
പിചുളം. കാഞ്ഞിമരം.
പിച്ഛടം. വെള്ളീയം, കാരീയം, ചെമ്പ്രാക്കൊടി.
പിച്ഛാ. ഇലവിൻപശ.
പിച്ഛിലാ. ഇലവുവൃക്ഷം, ഇരുവിള്ള.
പിഞ്ഛം. മയിൽപീലി
പിഞ്ജം. മഞ്ഞൾ.
പിഞ്ജരം. അരിതാരം, ഗോരോചന, പൊന്നു
പിഠരം. മുത്തങ്ങാ.
പിന്നമ്പുളി. കൊടമ്പുളി.
പിണ്ഡകം. കുന്തുരുക്കം.
പിണ്ഡഗോസം. നറുംപശ.
പിണ്ഡം. ഇരിമ്പു, നറുംപശ, സാംബ്രാണി, വെണ്ണ.
പിണ്ഡാലു. പീണ്ഡാലിച്ചേമ്പു, ംരംഴച്ചേമ്പു.
പിണ്ഡീതകം. മലങ്കാര.
പിണ്യാകം. കുന്തുരുക്കം, പിണ്ണാക്കു.
പിത്തളം. പിച്ചള
പിത്താ. കടുകരോഹണി.
പിപ്പലം. അരയാൽ.
പിപ്പലി തിപ്പലി
പിപ്പലീമൂലം. കാട്ടുതിപ്പലിവേർ, തിപ്പലീമൂലം, ഞെറുക്കമൂലം.
പിലാശു. പ്ലാശു.
പിശംഗം. ഗോരോചന.
പിശുനാ. ചോനാകപ്പുല്ലു.
പിശുനം. പഞ്ഞി
പിശുമന്ദം വേപ്പു.
പിഷ്ടം. ംരംഷ്ടം.

## പീ.

പീച്ചുകം. പീച്ചിവള്ളി.
പീച്ചി. പീച്ചിവള്ളി.
പീതം. മഞ്ഞൾ, ചെങ്കുറുമെഴി, പൊന്നിറം ചെങ്കുറുഞ്ഞി
പീതകം. പൊന്നരിതാരം, മഞ്ഞൾ, പൊന്നു, മഞ്ഞപ്പീരം.
പീതകതൈലം. കുന്നി.
പീതതൈലം. കാക്കത്തൊണ്ടി, ചരളം, ചെറുപുന്നയരി
പീതദാരു. ദേവതാരം.
പീതദ്രു. മരമഞ്ഞൾ, ചരളം, പൂതികാക്കു
പീതനം അമ്പഴം, അരിതാരം.
പീതരോഹിണി. പീതരോഹിണി തന്നെ.

പീതസാരകം. വേങ്ങവൃക്ഷം, മഞ്ഞച്ച
ന്ദനം.
പീതികം. മഞ്ഞൾ, ചെങ്കുറുമൊഴി.
പീനാറിമരം. പൂതവൃക്ഷം.
പീയൂഷം. പാൽ.
പീരുതൈലം. ചെറുപുന്നയരിയെണ്ണ.
പീലു. ഉക.
പീലുപർണ്ണി. പെരുങ്കുരുമ്പ, കോവൽ.
പീവാ. ഇരുവേലി.

## പു.

പുടികാ. ഏലത്തരി.
പുണ്യാ. പാലുഴവം, തുളസി.
പുണ്ഡരീകം. വെൺതാമര, ഒരു വക
കരിമ്പു, വെള്ളക്കരിമ്പു താമര.
പുണ്ഡ്രകം. കുരുക്കുത്തിമുല്ല, പുണ്ഡരീകക്ക
രുമ്പു.
പുണ്ഡ്രം. നൽക്കരിമ്പു, നീലക്കരിമ്പു, വെ
ൺതാമര, ചെറുവിടക്കോൽ, പെരുംപു
ണ്ഡരീകം.
പുത്രജീവം. പുത്തിലഞ്ഞിവൃക്ഷം
പുത്രഞ്ചാരി. മാഞ്ചി.
പുനൎന്നവാ. തമിഴാമ.
പുനൽ. ഇരുവേലി.
പുന്നപുംസകം. പവഴം, വിഴാൽ.
പുന്നാഗം. പുന്ന.
പുന്നാമം. പുന്ന.
പുംഭ്രമിനി. ആററുദർഭ.
പുംഭ്ലി. മലർ.
പുംസാ. പവഴം.
പുരന്ദരയവം കുടകപ്പാലയരി.
പുരം. ഗുല്ഗുലു.
പുരാണകിട്ടം പഴയഇരിമ്പുകിട്ടം.
പുരികുഴൽ. ഇരുവേലി.
പുരുഷം. പുന്നാഗമരം.
പുലിഉദരി. വ്യാഘ്രനഖം.
പുലിച്ചുവടി. പൂനക്കാലി.
പുഷ്കരം. താമര, പുഷ്കരമൂലം, ഇരുവേ
ലി.
പുഷ്പകം. കുസുമാഞ്ജനം.
പുഷ്പകേതു. പിച്ചളയിൽനിന്നുണ്ടാക്കു
ന്ന ഒരഞ്ജനം.
പുഷ്പദ്രവം. പനിനീർ.
പുഷ്പം. ഉണ്ണിയാംകം.
പുഷ്പഫലം. വിളാർ പ്ലാവു.
പുഷ്പരസം. പൂന്തേൻ.
പുഷ്പാഞ്ജനയുഗ്മം. അഞ്ജനവും പു
ഷ്പാഞ്ജനവും.
പുഷ്പാഞ്ജനം. കുസുമാഞ്ജനം.
പുളകം. പൊന്നരിതാരം.
പുളിയാരൽ. പുളിയാരില, ചടച്ചിയെ
ന്നതമിഴ. ദാഹ മടക്കിയെന്നും പറയും.
പുള്ളടി ചെറുപുള്ളടി.
പുഴക്കൊല്ലി ആട്ടുതിന്നാപ്പാള.

## പൂ.

പൂഗം. കമുകു.
പൂതനാ. കടുക്കാമരം.
പൂതി. ആവി.
പൂതികം. ആവി.
പൂതികരഞ്ജം ആവി.
പൂതികാഷ്ഠം. ചരളം, ദേവതാരം.
പൂതിഗന്ധം. ഗന്ധകം,
പൂതിഗന്ധി. പീനാറി, പൂതവൃക്ഷം.
പൂതിഫലി. കാകോലരി.
പൂതിമണ്ണത്തി. പീനാറി.
പൂതിയുണ്ണത്തി. പീനാറി.
പൂതിവല്കം. ആവിത്തൊലി.
പൂനക്കാലി. പുലിച്ചുവടി.
പൂനീർ. പനിനീർ.
പൂന്തെങ്ങാ. ആമ്പൽക്കായ.
പൂന്തേൻ. ചെറുതേൻ.
പൂപ്പരുത്തി. ചെമ്പരുത്തി.
പൂരണി. ഇലവു.
പൂവരശു. പ്ലാന്തി.
പൂവാൻകുരുന്തൽ. തിരുദേവി, ശ്രീ
ദേവീ.
പൂഷാവു. എരുക്കു.
പൂളവൃക്ഷം. ഇലവു.

## പൃ

പൃഥക്പർണ്ണി. ഓരില.
പൃഥു. കരിഞ്ചീരകം, പെരുങ്കായമരം, ക
രിപ്പു.
പൃഥുലം. പെരിങ്കായം.
പൃഥ്വീകം ചിററേലം, പേരേലം.
പൃശ്നിപർണ്ണി. ഓരില, മൂവില.

## പെ.

പെരുക്കു. പെരുകലം, ഒരുവേരൻ.
പെരുമരം. പീനാറി, പെരുകലം, ഒരു
വേരൻ.

## പൈ.

പൈത്തുമ്പൽ. ഗോരോചനം

പൈമന്തേൻ. നല്ലതേൻ.

## പൊ.

പൊന്നാങ്ങാണി. ഒരുവക കൊഴപ്പ, കൊട്ടപ്പയെന്ന തമിഴ.

## പോ.

പോടഗലം. നാങ്കണ, അടക്കാമണിയൻ; വേഴം, ആററുദർ.
പോത്രി. പന്നി.

## പൌ.

പൌണ്ഡരിയം. പൂവരശു, വീരപൌണ്ഡൎയ്യം.
പൌണ്ഡ്രം. വെളുത്തകരിമ്പു.
പൌരം. ചുണ്ടപ്പുല്ല.
പൌഷ്കരം. പുഷ്കരമൂലം.
പൌഷ്പകം. പുഷ്പാഞ്ജനം.

## പ്ര.

പ്രകീൎയ്യം. ആവിവൃക്ഷം, പുങ്ങ.
പ്രചേദിനി. കണ്ടകാരിച്ചുണ്ട.
പ്രചോദിനി. കണ്ടകാരിച്ചുണ്ട.
പ്രതാപനം. വെള്ളെരുക്ക.
പ്രതിവിഷാ. അതിവിടയം
പ്രതിഹാസം. കണവീരം.
പ്രത്യക്ശ്രേണി. നാഗദന്തി, എലിച്ചെവിയൻ.
പ്രത്യക്പൎണ്ണി. വലിയകടലാടി.
പ്രത്യക്പുഷ്പി. കടലാടി.
പ്രദ്യോതനൻ. എരിക്ക.
പ്രത്ഥികാ. അരേണുകം.
പ്രത്ഥിപുഷ്പം. മണികഞ്ജകം.
പ്രഥുകം. അവിൽ.
പ്രഥ്വികാ. ഏലം, അരേണകം.
പ്രപുന്നാടം. തകര.
പ്രപൌണ്ഡരീകം. പെരുംപുണ്ഡരീകം, വീരപൊണ്ഡരിയം.
പ്രഭാകരൻ. എരിക്ക, കൊട്ടവേലി, കപ്പൂരം.
പ്രരോഹി. ഇകണ, പൂവരശു.
പ്രവാളം. പവഴം.
പ്രശ്നിലാ. തമിഴാമ
പ്രസാദനം മലങ്കവുങ്ങ
പ്രസാരണി. പ്രസാരണി എന്നു തന്നെ, തിരുപ്പൻപുല്ല തിരുച്ചടപ്പുല്ല, കെട്ടിയാർക്രന്തൽ എന്നു തമിഴ. കുതിര വാൽപ്പുല്ല, തലനീലി.
പ്രസ്രാവം മൂത്രം.
പ്രസ്ഥപുഷ്പം മണികഞ്ജകം.
പ്രാചീനം പാടവള്ളി.
പ്രാണം. നറുംപശ.
പ്രാണദാ. കടുക്കാ.
പ്രാവൃഷായണി നായ്ക്കുരുണ.
പ്രാവൃഷേണ്യം കട്ടമ്പുവൃക്ഷം.
പ്രാപുന്നാടം. തകരയതി.
പ്രിയകം. ഞാഴൽ, നീക്കടമ്പു, വേങ്ങമരം, ഒരുമാൻ.
പ്രിയംഗു. ഞാഴൽ, കറുത്തകടുക, തിന.
പ്രിയാളം. മുരൾ, ഠരംന്തൽ.
പ്രുഷ്ഠം. എരുക്ക.

## പ്ല.

പ്ലവം. കാക്കപ്പനച്ചി, കഴിമുത്തെങ്ങാ, ഇത്തിമരം തകരം, കിടേശു
പ്ലക്ഷം. താന്നിവൃക്ഷം, അത്തി.
പ്ലാക്കാ. ചക്ക.
പ്ലാശു. ചമതക്കോൽ, ചിലർ മുരിക്കിനും പറയുന്നു.
പ്ലാക്ഷം. കല്ലാൽ, ചിററാൽ, ഇത്തിക്കരു.
പ്ലീഹശത്രു. ചെമ്മരം.

## ഫ.

ഫണജ്ഝകം. മണികഞ്ജകം.
ഫണിജ്ഝകം ഒരുവകതുളസി, മണികഞ്ജകം.
ഫണിജ്ഝം മണികഞ്ജകം, തുളസി.
ഫണിഹാരി. കൊടിത്തൂവ.
ഫലത്രയം. ത്രിഫലനോക്കുക.
ഫലത്രികം. ത്രിഫല നോക്കുക.
ഫലപൂരം. വള്ളിനാരകം, മാതളനാരകം.
ഫലം. മദനഫലം, മലംകാരക്കാ, ജാതിക്കാ, ത്രിഫലാ.
ഫലദലം. ജാതിപത്രി.
ഫലാദ്ധ്യക്ഷാ. പഴമുണ്ണാല.
ഫലാന്തം. മുള, ഇല്ലി.
ഫലാമ്ലം. മാതളനാരകം.
ഫലി. ഞാവൽ.
ഫലിനി. ഞാവൽ.
ഫലേരുഹം. പാതിരിവൃക്ഷം.
ഫല്ഗു. പേയത്തി.

## ഫാ.

ഫാണിതം. കണ്ടശക്കര, മുറിയൻശക്കര.

## ഫേ.

ഫേനം. കടൽനാക്ക.
ഫേനിലം. ഇലന്തമരം, പുളിഞ്ചി.
ഫേനിലാ. ശീതഫേനവൃക്ഷം.

## ബ.

ബകുളം ഇലഞ്ഞിവൃക്ഷം.
ബദരജാ. ഇലന്തയില.
ബദരം. ഇലന്ത, ഇലന്തക്കുരു, പഞ്ഞിക്കുരു.
ബദരാ. പഞ്ഞിപരുത്തി.
ബദരി. ഇലന്ത ബ്രഹ്മി, പഞ്ഞി.
ബന്ധുജീവകം. ഉച്ചമലരി.
ബന്ധൂകപുഷ്പം വേങ്ങ, ഉച്ചമലരി.
ബന്ധൂകം. വേങ്ങ, ഉച്ചമലരി.
ബഭ്രു. കീരി
ബർബ്ബകം ചെറുതേക്ക.
ബർബ്ബരം ചെറുതേക്ക, ഒരുവക തുളസി,
ബർബ്ബരാ. നായർവെണ്ണ, ചെറുതേക്ക.
ബർഹം. മയിൽപ്പീലി, തുണിയാംകം, ചോനാകപ്പുല്ല.
ബർഹി മയിൽ, കുശ.
ബർഹിശിഖാ. മയിൽപീലി, മയിലോചന.
ബർഹിണം മയിൽ.
ബർഹിഷ്ഠം ഇരുവേലി
ബർഹസ്സ കൊട്ടവേലി.
ബലാത്രയം. കുറുന്തോട്ടിയും, വെൺകുറുന്തോട്ടിയും, ഊർപ്പവും
ബലാദ്വയം. കുറുന്തോട്ടിയും വെൺകുറുന്തോട്ടിയും.
ബലാ. കുറുന്തോട്ടി.
ബലഭദ്രികാ. ബ്രഹ്മി.
ബല്ബജം. ആറ്റുദർഭ
ബലി നെല്ലിക്കാഗന്ധകം,
ബസ്താന്ത്രി. മറുതുടരി
ബഹളം. അരിക്കാടി, പുനൽമുരിങ്ങ, കരിമ്പു
ബഹുപടം. പൃതണക്കാ, അഭ്രകം.
ബഹുപത്രം ഉള്ളി.
ബഹുവാൽ. പേരാൽ.
ബഹുവാദം. പേരാൽ.
ബഹുപുത്രി. ശതാവരി.
ബഹുമൂലാ. ശതാവരി.
ബഹുരൂപം ചെഞ്ചല്യം, ഇരുവേലി.
ബഹുരസം. കരിമ്പു.
ബഹുലൻ. കൊട്ടവേലി.
ബഹുലാ. ഏലം.
ബഹുവചനം. ശതാവരി.
ബഹുവാരകം. നറുവരി.
ബഹുവേദസ്സ വഞ്ചിവൃക്ഷം.
ബഹുസുതാ. ശതാവരി.

## ബാ.

ബാണാ. നീലക്കുറുഞ്ഞി, പുംഖം, കൊഴിഞ്ഞിൽ.
ബാണപുംഖം. കൊഴിഞ്ഞിൽ.
ബാരിഹതം. വഴുതനങ്ങാ.
ബാർഹതം. വഴുതനങ്ങ.
ബാർഹതിദ്വയം. കറുത്തചുണ്ടയും വെളുത്തചുണ്ടയും.
ബാലാ. ചിറ്റേലം, ചെന്നിനായകം മഞ്ഞൾ, ഒരുവക മുല്ല, തെങ്ങു.
ബാലതൃണം. പൃതണക്കപ്പുല്ലു.
ബാലഡാഡിമം. മാതളനാരകത്തിൻെറ ഇളയ കായ.
ബാലതനയം. കരിങ്ങാലി.
ബാലം ഇരുവേലി.
ബാലി. ഉടുമ്പു.
ബാലേയം. ചെറുതേക്ക.
ബാലേയശാകം. ചെറുതേക്ക.
ബാലേയം. കഴുത.
ബാല്ഹികം. കായം, പെരിങ്കായം.
ബാഷ്പം. ഇരിമ്പു.
ബാഷ്പികം. പെരിങ്കായമരം.

## ബി.

ബിദുലം. കാനാഞ്ചി, ആററുവഞ്ചിയെന്നും ചിലർ.
ബിംബം. കോവൽപ്പഴം, തൊണ്ടിപ്പഴത്തിനും പറയും.
ബിംബി. കോവൽ, തൊണ്ടി.
ബിംബികാ. കോവൽവള്ളി.
ബിലപം. ക്രുവളം.

## ബീ.

ബീജകം. വേങ്ങക്കാതൽ.
ബീജകോശം. താമരപ്പൂവിന്നകത്തെ മൊട്ടു.

ബീജപൂരം. മാതളനാരകം, വള്ളിനാരകം.
ബീജാഹ്വം. മാതളനാരകം, വേങ്ങ.

## ബൃ.

ബൃഹതി. ചെറുവഴുതിന, കണ്ടകാരിച്ചുണ്ട.
ബൃഹതിദ്വയം. ചെറുവഴുതിനയും വെൾവഴുതിനയും.
ബൃഹൽഭാനു. കൊടുവേലി.

## ബോ.

ബോധം. അടക്കാമണിയൽ.
ബോധനീ. തിപ്പലി.
ബോധിദ്രുമം. അരയാൽ.
ബോളം. നറുംപശ.
ബോളകം. നറുംപശ.

## ബ്ര.

ബ്രധ്നൻ. എരുക്ക.
ബ്രഹ്മണ്യം. ചെറുകമുക.
ബ്രഹ്മദണ്ഡം. ചമതക്കോൽ എന്നൊരു പക്ഷം.
ബ്രഹ്മദർഭ. അയമോദകം.
ബ്രഹ്മദാരു. ചെറുകമുകു.
ബ്രഹ്മദ്രുമം പ്ലാശു.
ബ്രഹ്മവൃക്ഷം. പ്ലാശു.
ബ്രഹ്മാണി. അരേണുകം.
ബ്രഹ്മീ. ബ്രഹ്മിതന്നെ, പരാലീ എന്നു തമിഴിൽ.
ബ്രാഹ്മണയഷ്ടികാ. ചെറുതേക്ക.
ബ്രാഹ്മണി. ചെറുതേക്ക, വേട്ടാവേളിയൻ
ബ്രാഹ്മി ബ്രഹ്മി, മീനാങ്ങാണി മുത്തിൽ.

## ഭ

ഭക്തം അന്നം, ചോറു.
ഭഗൻ. എരുക്ക.
ഭംഗ. ചണം
ഭംഗാ. ചെറുകമ്പു നെല്ലു.
ഭംഗുരാ. അതിവിടയം.
ഭഞ്ജികം. ചെറുതേക്ക.
ഭണ്ഡാകീ. ചെറുവഴുതിന.
ഭണ്ഡീ. മഞ്ചട്ടി.
ഭണ്ഡിലം. നെന്മേനിവാക.
ഭണ്ഡീരി. മഞ്ചട്ടി.
ഭദ്രം. പൊന്നു, ഇരിമ്പു, ഉരുക്ക.
ഭദ്രകം. പെരുങ്കോരപ്പുല്ലു, ദേവതാരം.
ഭദ്രദാരു. ദേവതാരം.
ഭദ്രപർണ്ണി. പെരിങ്കുമിൾ
ഭദ്രബലാ പ്രസാരണി, വിഷ്ണുക്രാന്തിക്കും ചിലർ പറയുന്നു.
ഭദ്രമുസ്തകം. പെരുങ്കോരപ്പുല്ലു.
ഭദ്രശ്രീ. വെളുത്തചന്ദനം.
ഭദ്രാ. കീരിക്കിഴങ്ങു അരത്ത, അമരി, ചെറുപൂള നറുനീണ്ടി
ഭരദ്വാജൻ. ചെമ്പോത്തു, ഉപ്പൻ.
ഭർമ്മം പൊന്നു.
ഭല്ലാതകം. ചേക്കുരു, ചേരുവൃക്ഷം.
ഭല്ലാതകി ചേരുമരം.
ഭല്ലുകാ. പലകപ്പയ്യാനി, തിരുപ്പൊരുൾ
ഭവ്യം. തിപ്പലി. വട്ടകപ്പുളിനാരകം
ഭസ്മഗന്ധിനീ. അരേണുകം.
ഭസ്മഗർഭാ. ഇരുവിള്ള

## ഭാ.

ഭാണ്ഡി. മഞ്ചട്ടി, നിലവാക, നെന്മേനിവാക,
ഭാനു. എരുക്ക.
ഭാനുമാൻ. എരുക്ക.
ഭാമാൻ. എരിക്ക.
ഭാരതൻ. കൊടുവേലി.
ഭാരദ്വാജി. കാട്ടുപരുത്തി.
ഭാർഗ്ഗവീ. വെളുത്തകറുക, ചെറുതേക്ക.
ഭാർങ്ങി. ചെറുതേക്ക.
ഭാസുരം. പൊന്നു.
ഭാസുരൻ. എരുക്ക.
ഭാസ്വരൻ. എരുക്ക.
ഭാസ്വാൻ. എരിക്ക

## ഭീ.

ഭീരു. മുല്ല, ശതാവരി
ഭീരുകാ. പീതരോഹിണി.
ഭീരുപത്രി. ശതാവരി.

## ഭു.

ഭുജഗഭുക്. മയിൽ.

ഭുജംഗാക്ഷി. വണ്ടവാഴി.
ഭുജപത്രം. പൃതണക്കുവൃക്ഷം.
ഭുവനം. ഇരുവേലി.

### ഭൂ.

ഭൂകദംബം. കൃഞ്ഞിതിക്ക.
ഭൂകന്ദം കുമിഴ.
ഭൂജംബു. നീലഞാവൽ, ചെറുനാരകം
ഭൂജ്ജം. പൃതണാക്കുവൃക്ഷം.
ഭൂതകേശം. വയമ്പു.
ഭൂതകേശി. മാഞ്ചി. ഗന്ധമാഞ്ചി. ഇരുവെലി.
ഭൂതാവാസം. താന്നിവൃക്ഷം.
ഭൂതവൃക്ഷം. പിനാറി.
ഭൂതപേശി. വെളുത്തചേമന്തി.
ഭൂതികം. നിലവേപ്പു, പൃതണക്കപ്പുല്ലു, കവിട്ടപ്പുല്ലു.
ഭൂദാരാ പന്നി.
ഭൂനാഗം. ഞാഞ്ഞൂൽ, നിലവേരെന്നും പറയും.
ഭൂനിംബം. നിലവേപ്പു, പുത്തരിച്ചുണ്ട, കാട്ടുചുണ്ട. ശിവനാർവേമ്പു.
ഭൂപതി. മുല്ല.
ഭൂപീലു. പുനൽമുരിങ്ങ.
ഭൂമിജംബുകാ. നിലഞാവൽ, ചെറുനാരകം.
ഭൂമിതാലം. നിലപ്പന.
ഭൂമിതൈലം. മണ്ണെണ്ണ.
ഭൂമിഃഫനം ചമ്മലന്ത.
ഭൂരുണ്ഡി. വേനപ്പച്ച, ആനച്ചെവിയൻ, വേലിപ്പരുത്തി.
ഭൂജ്ജപത്രം പൃതണക്കവൃക്ഷം.
ഭൂജ്ജം. പൃതണക്കവൃക്ഷ, പെരുമരം.
ഭൂലതാ. ഞ ഞ്ഞൂർ.
ഭൂസ്തൃണം. ഞൊങ്ങണംപുല്ല, പൃതണക്കപ്പുല്ല.

### ഭൃ

ഭൃംഗം. ഏലവംഗം. കയ്യുന്ന്യം.
ഭൃംഗരാജം. കയ്യുന്ന്യം.
ഭൃഷ്ടയവം. ഊമൻമലര

### ഭേ.

ഭേകപർണ്ണി. കുടകൻ, കുടങ്ങൽ

### ഭ്ര

ഭ്രാമരം പെരുന്തേൻ.

### മ

മകരന്ദം. പൂന്തേൻ.
മകുഷ്ഠകം. കാട്ടുപയറു,
മക്കിപ്പൂവു. മരുക്കൊഴുന്നു.
മഗധജാ. തിപ്പലി,
മഗധാ. തിപ്പലി.
മഗധമൂലം. കാട്ടുതിപ്പലി, തിപ്പലിമൂലം.
മഗധോത്ഭവം. തിപ്പലി.
മംഗല്യകം. വെള്ളത്തുവര.
മംഗല്യം. മുല്ലപ്പൂന റിയകിൽ, പൊന്നു വെള്ളത്തുവര
മഞ്ജിഷ്ഠ. മഞ്ചട്ടി.
മഞ്ജിരികാ. ഒരുവക തുളസിയതി.
മട്ടിപ്പാൽ. ഒരു വക സാംബ്രാണി മരത്തിൻെറകറ.
മണലീ. മരുക്കൊഴുന്നു.
മണികഞ്ജകം. ഒരു മാതിരി തുളസി.
മണിക്കുന്തുരുക്കം. കറുത്ത കുന്തിരിക്കമെന്നും പറയും. ശുദ്ധി ചെയ്യ കുന്തിരിക്കം.
മണിഗന്ധകം. ശുദ്ധിചെയ്യ ഗന്ധകം, ചുവന്ന ഗന്ധകം, എന്നും ഒരു പക്ഷം.
മണ്ഡം. തൈരിൻവെള്ളം.
മണ്ഡലം. ഇരുവിട്ട.
മാണ്ഡൂകപർണ്ണം പലകപ്പയ്യാനി.
മണ്ഡൂകപർണ്ണി. മഞ്ചട്ടി, കുടകൻ.
മണ്ഡൂരം. ഇരുമ്പിൻകിട്ടം.
മണൽതൈലം. മണ്ണെണ്ണ.
മതുലകം. നാഗദന്തി, കടുകരോഹണി
മത്സ്യണ്ഡി. കണ്ടിശക്കര, ശുദ്ധിചെയ്യ ശക്കര.
മത്സ്യാക്ഷി. മീനാങ്ങാണി.
മദ്ധ്യപഞ്ചമൂലം. കുറുന്തോട്ടിവേർ തഴുതാമവേർ, ആവണക്കിൻവേർ കാട്ടുഴുന്നിൻവേർ, കാട്ടുപയററിൻവേർ.
മദനം. ഉന്മത്തം, മലങ്കാര മെഴുക.
മദനഫലം. മലങ്കാരക്കാ.
മദനീയഹേതു. താതിരിപ്പൂവു,പാതിരി
മദയന്തി. കഞ്ചവ.
മധു ഇരട്ടിമധുരം, അശോക വൃക്ഷം പാൽ, ശക്കര, വെള്ളം. പൂന്തേൻ മദ്യം ഇരിപ്പ, ഇരുവേലി
മധുകം. ഇരട്ടിമധുരം, തകരം, ഇരിപ്പക്കാതൽ.
മധുകരം. തിരുനാമപ്പാല.
മധുകേതു. ഇരിപ്പ.
മധുതൃണം. കരിമ്പു.
മധുദ്രുമം. ഇരിപ്പവൃക്ഷം.
മധുപർണ്ണി. ചിററമൃതു.
മധൂപർണ്ണികാ. അമരി, പെരുങ്കുമിൾ.

മധുഫലാ. മുന്തിരിങ്ങാ.
മധുമൂലം. ഇരട്ടിമധുരം.
മധുയഷ്ടികാ. ഇരട്ടിമധുരം.
മധുരാ. ഒരുമാതിരിചതക്കുപ്പ, കണ്ടിവെണ്ണ, തകരം.
മധുരകം. തിരുനാമപ്പാല.
മധുരസം. പെരുങ്കുരുമ്പ, പുന്നൽമുതിങ്ങ.
മധുരസാ. മുന്തിരിങ്ങാ, പെരുങ്കുരുമ്പ.
മധുരികാ കണ്ടിവെണ്ണ.
മധുശിഗ്രു. ചെൻമുരിങ്ങ.
മധുശ്രേണി. പെരുങ്കുരുമ്പ.
മധുഷ്ഠിലം ഇരിപ്പവൃക്ഷം
മധുസ്രവം അടകൊതിയൻ.
മധൂകം ഇരിപ്പക്കാതൽ.
മധൂച്ഛിഷ്ടം. മെഴുക.
മധൂലകം. മലയിരിപ്പ.
മധൂലി. പെരുങ്കുരുമ്പ.
മധൂലികാ. പെരുങ്കുരുമ്പ, കുറുച്ചൂലി.
മനയോല. അരിതാരംഎന്നുംപറയും.
മനശിലാ. മനയോല,
മനശ്ശിലാലാ. മനയോല.
മനോഗുപ്താ. മനയോല.
മനോജവാ. മേന്തോന്നി.
മനോജ്ഞാ. മനയോല.
മനോലാ. മനയോല.
മനോഹ്വാ. മനയോല
മന്ദരം. മന്ദാരവൃക്ഷം.
മന്ദാരം. മുൾമുരിക്ക, എരുക്ക.
മന്ദഥാ. വിളാർ
മന്ഥാൻ. എരുക്ക.
മയിൽതുത്ഥം. തുരിശു.
മയുഷ്ടകം. കാട്ടുപയറു.
മയൂരം. കരിഞ്ചീരകം, മയിൽ
മയൂരകം. വലിയകടലാടി, തുരിശു, ചെറിയകടലാടി, മയൂരഗ്രീവാഞ്ജനം.
മയൂരഗ്രീവാഞ്ജനം. ഒരുവകഅഞ്ജനം.
മയൂരശിഖാ. പാടവള്ളി, മയിൽപീലി മയിലോചന
മയൂരി. ചെഞ്ചീര.
മരാളം. മുത്തെങ്ങാ.
മരീചം. കുരുമുളക, വാൽമുളക.
മരീചകം. മണികഞ്ജകം.
മരീചം. നല്ലമുളക.
മരുത്വാൻ. മുത്തെങ്ങാ.
മരുത്ഭവം. പച്ചമുകം.
മരുന്മാല. ചോനകപ്പുല്ല
മരുവകം. മണികഞ്ജകം, മലങ്കാര, തമരകം.

മർക്കടം മുത്തെങ്ങാപ്പുല്ല.
മർക്കടി. നായ്ക്കുരുണ, കഴഞ്ചി, കുരുകിത്തലച്ചി. തമിഴിൽ പൂനക്കാലിക്കും പറയും.
മലതാങ്ങി. കുന്നമുക്കി എന്നും ഒരു പക്ഷം.
മലത്താമര. കൽത്താമര.
മലപൂ. പേയത്തി.
മലയജം. വെളുത്തചന്ദനം.
മലയത്തി. കാട്ടത്തി.
മലയം. ചന്ദനവൃക്ഷം.
മലയുക എണ്ണയുള്ള കുരുവുണ്ടാകുന്ന ഒരു മാതിരി വൃക്ഷം എന്നും കാണുന്നു. കാപ്പിയെന്നും ഒരു പക്ഷം.
മലയൂ. പേയത്തി.
മലയെരുമ. ചതുരക്കള്ളിയെന്ന ഒരുപക്ഷം കുങ്കുട്ടം എന്നും പറയും.
മലീനം. പൊൻകാരം.
മല്ലം. അഞ്ജനം.
മല്ലി. മുല്ല, കൊത്തമ്പാലയരിക്കും ചിലർ പറയും, പഞ്ഞിയുടെപശ
മല്ലികാ. മുല്ല.
മല്ലിഗന്ധി. മുല്ലപ്പൂനാറിഅകിൽ.
മസൂരം. വെളുത്തന്തമര, വെൺചണ്ണായി, ചണ്ണപ്പയറു.
മസൂരവിദലാ. നാല്പ്പോപ്പക്കൊന്ന.
മസ്തുരം. മുള.
മസ്തു തൈരിൻവെള്ളം.
മഹത്തി. ചെറുവഴുതിന.
മഹൽപഞ്ചമൂലം കൂവളം, കുമ്പിൾ, പാതിരി, പയ്യാഴാന്ത, മുഞ്ഞ, ഇവ അഞ്ചും.
മഹാ. പുറക്കൈനാറി.
മഹാകന്ദം. ഉള്ളി
മഹാഗ്രീവം. ഒട്ടകം.
മഹാഗ്രീവി ഒട്ടകം.
മഹാജാലി. മഞ്ഞപ്പീരം.
മഹാതിക്തം വേപ്പുവൃക്ഷം.
മഹാതിക്തം ചേക്കുരു.
മഹാൻ. പെരുഞ്ചൊലി.
മഹാനിംബം. മലവേപ്പ.
മഹാ പഞ്ചമൂലം. മഹൽപഞ്ചമൂലം നോക്കുക.
മഹാബലാ. വലിയകടലാടി.
മഹാബലം. ഠരംയും.
മഹാരജതം. സ്വർണ്ണം.
മഹാരജനം. സ്വർണ്ണം കയുമ്പപ്പൂവു.
മഹാലോഹം. കാന്തക്കല്ല.
മഹാവൃക്ഷം കള്ളി.
മഹാവ്രീഹി. പെരുനെല്ല.

മഹാശ്രൃദ്രി നറുനീണ്ടി.
മഹാശ്വേതാ. വെൺമുതക്ക, പാൽമുതക്ക, വെളുത്തവയമ്പ.
മഹാസഹാ. വാടാക്കുറുഞ്ഞി, പെരുംകാണം, കാട്ടുഴുന്ന.
മഹിഷം. പോത്ത.
മഹിളം ഞാഴൽ.
മഹിളാഹ്വയം. ഞാഴൽ.
മഹീലത. ഞാഞ്ഞൂൽ.
മഹേരുണാ. ഒരംന്തൽ, മലയീന്തൽ.
മഹോല്പലം. താമര. ആമ്പൽ.
മഹൌഷധം. ചുക്ക, അതിവിടയം, നാറാഉള്ളി.
മഹൌഷധി. ചുക്ക, ഉള്ളി.

## മാ.

മാകന്ദം. തേൻമാവ.
മാഗധി തിപ്പലി, കുറുമുഴി.
മാംഗല്യകാ. ഒരുവക പയറ, വെണ്ണ്ഞായി.
മാഹല്യം. കുരുണപ്പൂവ.
മാചികാ. മായക്കാ.
മാഞ്ചീവി. എരിമക്കള്ളി, ഇലക്കള്ളി.
മാണം. വാഴക്കിഴങ്ങ.
മാണിമന്ഥം. ഇന്തുപ്പ.
മാതുലം. ഉമ്മത്ത.
മാതുലാനി. ചെറുകമ്പനെല്ല.
മാതുളുംഗകം. വള്ളിനാരകം, മാതളനാരകം.
മാദ്രി. അതിവിടയം
മാധവി. കുരുക്കുത്തിമുല്ല, ഒരുവകശക്കര.
മാധവിലതാ. കുരുക്കുത്തിമുല്ല.
മാനധാനികാ. വെള്ളെരിക്കായ.
മാംസി ജടാമാഞ്ചി, പുത്രഞ്ചാരി.
മായാക്കു. മായക്കായെന്നും പറയും.
മായാതികം. കടലാടി.
മായൂരം. വലിയകടലാടി.
മായൂരി വലിയ കടലാടി.
മാൎദ്ദവം. കയ്യന്ന്യം
മാൎച്ചനം. പാച്ചോററി.
മാൎജ്ജനം. പാച്ചോററി.
മാൎത്താണ്ഡൻ. എരിക്ക.
മാലകം. വേപ്പുവൃക്ഷം.
മാലതി. പിച്ചകം.
മാലാതൃണകം. കണ്ടപ്പുല്ല.
മാലൂരം. കൂവളം.
മാലേയപങ്കം ചന്ദനക്കൂട്ട.
മാലേയം. ചന്ദനം, ഏലത്തരി.
മാശികാ. മായാക്ക.
മാഷപൎണ്ണി. പെരുങ്കാണം, കാട്ടുഴുന്ന.
മാഷം. ഉഴുന്ന, ചുണ്ടിൽ.
മാഹേയം. പവിഴം.
മാക്ഷികം. തേൻ, മാക്കീരക്കല്ല

## മി.

മിസി. കണ്ടിവെണ്ണ, ചതകുപ്പ.
മിശ്രേയ. കണ്ടിവെണ്ണ.
മിഹിരൻ. എരുക്ക.

## മു.

മുകുന്ദം. കുന്തുരുക്കം.
മുകുളം. നാഗനന്തി, നാഗദന്തി.
മുക്കടി. ചുക്ക, മുളക, തിപ്പലി.
മുക്കടു. ചുക്ക, മുളക, തിപ്പലി.
മുക്കാപ്പീരം. മുശു മുശുക്ക.
മുക്കുറത്തി. തീണ്ടാനാഴി എന്നും തൊട്ടാവാടി എന്നും പറയുന്ന.
മുക്താ. മുത്ത, മുത്തുച്ചിപ്പിപ്പുട്ടിൽ.
മുക്താഫലം. മുത്തുമണി.
മുക്താസ്ഫോടാ. മുത്തുച്ചിപ്പി.
മുണ്ഡം. കുടകൻ, അല്ലെങ്കിൽ കുടങ്ങൽ.
മുണ്ഡാ. മഞ്ചെട്ടി, കുടകൻ, അല്ലെങ്കിൽ കുടങ്ങൽ.
മുതിര. കാണം എന്നും കൊള്ളു എന്നും പറയും.
മുത്തിൾ. കുടകൻ കുടങ്ങൽ, വല്ലാര, എന്നിങ്ങിനെ പല നാമം പറയും.
മുത്തെങ്ങാ. കോരക്കിഴങ്ങെന്ന തമിഴ.
മുദിരം. മുത്തെങ്ങ.
മുദ്ഗപൎണ്ണി. കാട്ടുപയറ, ചെറുവിടക്കോൽ.
മുദ്ഗം ചെറുപയറ
മുനിവൃക്ഷം. അകത്തിമരം.
മുരാ. ചിററീന്തൽ.
മുരടം. കരിമ്പിൻവേർ.
മുരൾ. ഒരംന്തെന്നൊരു പക്ഷം.
മുരിംഗ്യാ. പുനൽമുരിങ്ങ.
മുരിങ്ങാ. ഒരു വൃക്ഷത്തിനും ഞെമഞ്ഞിക്കും പറയും.
മുരിങ്ങ. ഞെമഞ്ഞി.
മുരുന്താ. കടൽനാക്ക.
മുല്ഗപൎണ്ണി. ചെറുവിടക്കോൽ, കാട്ടുപയറ.
മുല്ഗം. ചെറുപയറ.
മുഷ്കക. വെണ്ണാതിരി.

മുഷ്കകം. വെണ്ണൊതിരി, മുമ്മംപിലാശ, വിടത്തൽ
മുസ്രുമുസ്രുക്കാ. മുകാപ്പീരം.
മുസലി നിലപ്പന.
മുസ്താ. മുത്തെങ്ങാ.
മുസ്തകം കഴിമുത്തെങ്ങാ, മുത്തെങ്ങാ.
മുള. തമിഴിൽ മുംകിൽ എന്നും പറയും.
മുളക്കു. നല്ലമുളകു.
മുള്ളൻപന്നി. എയ്യൻ.
മുള്ളി. ഒരു മാതിരി ചുണ്ട.
മുറൾ. ഒരു സുഗന്ധവസ്തു.

## മൂ

മൂത്രം. ഗോമൂത്രം
മൂലം. കരിമ്പിൻ വേർ
മൂലകം. കാനകവാഴ, മൂലകവ്വരി, മുള്ളങ്കി, കിഴങ്ങിന്നംപറയും.
മൂലാതുള്ള. പെരുമരത്തൊൽ.
മൂർവ്വാ പെരുങ്കുരുമ്പ.
മൂഷികപൎണ്ണി. എലിച്ചെവിയൻ, ആവണക്കു.
മൂഷികപാഷാണം. എലിപ്പാഷാണം.

## മൃ

മൃഗനാഭി. കസ്തൂരി.
മൃഗനാഭിജം. കസ്തൂരി.
മൃഗനാവി. വെരികിൻപുഴ.
മൃഗമദം കസ്തൂരി.
മൃഗലണ്ഡികം. ഓടൽ.
മൃഗാംകൻ. കപ്പൂരം.
മൃണാളം. നീർക്കിഴങ്ങു, താമരവളയം.
മൃണാളി. താമര.
മൃൽ. തുവര.
മൃത്യുപുഷ്പം. കരിമ്പു
മൃത്യുഫലം. വാഴ.
മൃൽ. തുവര,
മൃത്സ്നാ. തുവര.
മൃദുത്വക്. പൂതണക്കുവൃക്ഷം.
മൃദുഫലം. ചിററിന്തൽ.
മൃദ്വീകാ. മുന്തിരിങ്ങാ.

## മെ

മെരുകിൻചട്ടം. വെരുകിന്റെ പുഴുക്കു ഇരിക്കുന്ന സ്ഥലം.
മെഴുക്കു. പൊൻമെഴുക്കു.

## മേ

മേഘനാദാനലാസി. മയിൽ.
മേഘനാമാവ്യ. മുത്തെങ്ങാ.
മേഘപുഷ്പം. ഇരുവേലി.
മേഘം. മുത്തെങ്ങാ.
മേഘവൎണ്ണം. അമരി.
മേചകം. കാരുപ്പു, മയിൽപീലിക്കണ്ണു.
മേത്തോന്നി മേത്തോന്നി, കലപ്പക്കിഴങ്ങെന്നു ചിലർ
മേദാഭ്യം. മേദയും, മഹാമേദയും.
മേദോത്ഥം. കറുത്തകരിങ്ങാലി.
മേധ്യം. യവം, ആടു.
മേധ്യാ. വയമ്പു.
മേന്ധാന്നി. മേത്തോന്നി നോക്കുക.
മേഷശൃംഗീ. ആട്ടുകൊട്ടപ്പാല, പുഴക്കൊല്ലി.
മേഷാ. ചിററേലം.
മേഹാരി. ഏകനായകം, അല്ലെങ്കിൽ പൊൻകുറണ്ടി.

## മോ.

മോച. ഇലവിൻപിശിൻ, ഒരംററപ്പന
മോചകം മുരിങ്ങാ.
മോചം. വാഴപ്പഴം.
മോചരസം. ഇലവിൻപശ.
മോചാ. വാഴ.
മോദകത്വക്. കരിങ്കോരത്തൊലി.
മോദകം. കരിങ്കോര, മോടകം.
മോരടം. കരിമ്പിൻവേർ.
മോരടാ. പെരുങ്കുരുമ്പ.
മോക്ഷകം വിടത്തൽ.
മോക്ഷാ. വെണ്ണൊതിരി.

## മൌ.

മൌക്തികാ. മുത്തുചിപ്പി, മുത്തു.
മൌക്തികശുക്തി. മുത്തുച്ചിപ്പി

## മ്ര.

മ്രാൽ. ഒരുമാതിരി പേരാൽ.

## മ്ലേ.

മ്ലേച്ഛം. ചായില്യം.
മ്ലേച്ഛമുഖം. ചെമ്പു.

## യ.

യജ്ഞാംഗം. അത്തിവൃക്ഷം.
യട്ടകണ്ണി. എലിച്ചെവിയൻ.
യമളപത്രകം. കൊങ്ങുമന്താരം.
യലിയാൻ. കടലാവണക്കു.
യവകം. യവം, യവച്ചാലി.
യവതിക്താ. ശംഖുപുഷ്പി.
യവനികാ. വെളുത്ത ശംഖുപുഷ്പം.
യവഫലം. മുള, ജടാമാഞ്ചി കുടകപ്പാല,
യവം. യവംതന്നെ. തൊമരപ്പയറു കോതമ്പു.
യവശാകം. അറക്കീര.
യവസം. വയറ, പൈപ്പുല്ലു.
യവക്ഷാരം. ചവൽക്കാരം, യവത്തിന്റെ ഓക ചുട്ടുകരിച്ചു എടുത്ത ഉപ്പു
യവാഗ്രജം. യവക്ഷാരം.
യവാനകം. ജീരകം, കൊത്തമ്പാലരി.
യവാനീ. ജീരകം. അയമോദകം.
യവാനികാ. ജീരകം, അയമോദകം.
യവാഷകം. കൊടുത്തൂവ.
യഷ്ടി. ഇരട്ടിമധുരം.
യഷ്ടിമധു. ഇരട്ടിമധുരം.
യഷ്ട്യാഹ്വാ. ഇരട്ടിമധുരം.
യക്ഷദ്രുകൾ. കഴഞ്ഞി.
യക്ഷധൂപം. ചെഞ്ചല്യം.
യക്ഷാക്ഷി. കഴഞ്ഞി.

## യാ.

യാമിനീ. മഞ്ഞൾ.
യാമീ. മഞ്ഞൾ.
യാമുനം കപോതവർണ്ണാഞ്ജനം.
യാവകം. കുറുന്തോര.
യാവനം. കുന്തുരുക്കം.
യാവം. കോലരക്കു.
യാവശൂകം. ചവക്കാരം.
യാഷം. കൊടിത്തൂവ.

## യു.

യുക്തരസാ. ചിററീന്തൽ.
യുക്താ. അരത്ത, താഴൽ.
യുഗപത്രം. കൊങ്ങുമന്താരം.

## യൂ

യൂഥികാ. കുറുമുഴി, കാട്ടുമുല്ല.
യൂപം. ചെറുകവുങ്ങു.
യൂഷം. ചെറുകവുങ്ങു.

## യോ.

യോഗേഷ്ടം. ഒരംശം. കാരീയം.
യോഗ്യം. കാട്ടുമുതിര, ചന്ദനം, ഇരുത്തി,
യോജനഗന്ധം. കസ്തൂരി
യോജനവല്ലി. മഞ്ചട്ടി, ചൊവ്വള്ളി കൊടി, വല്ലാരെയ്യും പറയും.

## ര.

രക്തകം. ഉച്ചമലരി.
രക്തകാഷ്ഠം. രക്തചന്ദനം, ചുവന്ന ചന്ദനം.
രക്തകേസരം. ചുവന്ന ചന്ദനം.
രക്തച്ഛദം. തേക്കു.
രക്തധാതു. കാവിമണ്ണ ചെമ്പു.
രക്തപാരതം. ചായില്യം
രക്തപുഷ്പം. കണവീരം.
രക്തഫലാ. കോവൽവള്ളി.
രക്തബീജം. മാതളനാരങ്ങാ.
രക്തം. ചെമ്പു, ചായില്യം, ചെഞ്ചാലി നെല്ലു.
രക്തമഞ്ജരി. ഞാഴൽ.
രക്തമന്താരം. ചുവന്ന മന്താരം,
രക്തമൂലം. പടച്ചുണ്ട.
രക്തസന്ധ്യകം. ചേന്താമര, ചെങ്കഴ്നീർ.
രക്തസരോരുഹം. ചെന്താമര.
രക്താ. ചെമ്മുരിങ്ങ, കോലരക്കു.
രക്താംഗം. കമ്പിപ്പാല, പവഴം.
രക്താംഗി, കമ്പിപ്പാല.
രക്തോല്പലം. ചെന്താമര.
രംഗം. തകരം, ചെമ്പ്രാക്കൊടി.
രജതം. വെള്ളി, പൊന്നു.
രജതകം. കമ്പിപ്പാല
രജനികം. ആനമഞ്ഞൾ.
രജനീ. മഞ്ഞൾ, മരമഞ്ഞൾ.
രജനീകരൻ. കപ്പൂരം.
രജനീനാഥൻ. കപ്പൂരം.

രഞ്ജനം. രക്തചന്ദനം.
രഞ്ജനീ. അമരി.
രട്ടിമധുരം. ഇരട്ടിമധുരം.
രണ്ഡാ. എലിച്ചെവിയൻ.
രഥദ്രു. തൊട്ടുകാര.
രഥാ. വഞ്ചി.
രമണപ്പൂവു. പൂമീരാ.
രമ്യാ. മഞ്ഞൾ.
രംഭാ. വാഴ, മുള,
രവണം. ഓട്ടുകം, വെങ്കലം.
രവികാന്തം. സൂൎയ്യകാന്തക്കല്ലു.
രവിപത്രം. എരിക്കില.
രസകൎപ്പൂരം. രസം സ്ഫുടം വെച്ചെടുത്തതു എന്നൊരു പക്ഷം.
രസഗന്ധം. നറുംപശ.
രസഗൎഭം. ചായില്യം, മാക്കീരക്കല്ലു.
രസനികാ. ഫയിൻ, മരാമരം.
രസപ്രിയം. മുറൾ.
രസഭസ്മം രസകൎപ്പൂരം നോക്കുക.
രസം. വെള്ളം, ചാറു, രസം എന്ന മരുന്നു, നിരിയാസു, നറുംപശ.
രസസിന്ദൂരം രസഭസ്മം.
രസാ. പാടവള്ളി, ഒരംന്തൽ, ഉള്ളി.
രസാഞ്ജനം. ലോഹപാത്രത്തിൽ മരമഞ്ഞൾകൊണ്ടു കഷായം വെച്ചു ചമച്ചതു.
രസായനം. മോരു.
രസാലം. മാവു, കരിമ്പു, പ്ലാവു, കോതമ്പു, കുന്തുരുക്കം, മൂരു.
രസാളം. കരിമ്പു.
രസികം. പാൽതുത്ഥം.
രസികാ. കരിമ്പിൻനീർ. കുതിര, ആന.
രസോനകം. നാററുള്ളി.
രസോനം. ഉള്ളി.
രസ്യാ. അരത്ത.
രഹസ്യൌഷധം നല്ലമുളക എന്നൊരു പക്ഷം.
രക്ഷോവല്ലം. കടുക.

## രാ.

രാ. മഞ്ഞൾ.
രാഗി. പഞ്ഞപ്പുല്ലു
രാജകശേരു. കഴിമുത്തങ്ങാ.
രാജബലാ. പ്രസാരണി.
രാജമാഷം. പെരുംപയറു.
രാജക്ഷവം. ചക്രവൎത്തം.
രാജവൃക്ഷം. കൊന്ന
രാജാദനം. പഴമുണ്ണാല. മുരൾ.
രാജാൎഹം അകിൽ ചെന്നിനായകം.
രാജാഹ്വം. പഴമുണ്ണാല, കൊന്ന.
രാജികം. കറുത്തകടുക.

രാജീവം. താമര.
രാഞ്ജീ. വെള്ളോട്ടു, പിച്ചള.
രാഠം. മലങ്കാരക്കാ.
രാത്രി. മഞ്ഞൾ, മരമഞ്ഞൾ.
രാമം. കായം, കുതിര.
രാമഠം. പെരിങ്കായം.
രായം പൊന്നു.
രാവ. മഞ്ഞൾ.
രാഷ്ട്രികാ. കണ്ടകാരി
രാസഭം. കഴുത.
രാസ്നാ. അരത്ത ചിററരത്ത.
രാക്ഷസീ. കാട്ടുകച്ചോലം, അടവിക്കച്ചോലം എന്നും പറയും.
രാക്ഷാ. അരക്കു.

## രി.

രിഷ്ടം. പുമിഞ്ചി.

## രീ.

രീതി. പിച്ചള.
രീതിപുഷ്പം. പിച്ചളഭസ്മം, പുഷ്പാഞ്ജനം.

## രു.

രുൿ. കൊട്ടം.
രുഗ്മം. പൊന്നു.
രുചകാ. ആവണക്കു, മാതളനാരകം.
രുചകം. മാതളനാരകം, തോച്ചിലപ്പു
രുജാകരം. ചേക്കുരു, കൊട്ടം,
രുദ്രപുഷ്പം ചെമ്പരുത്തി.
രുഹാ. കറുക.

## രൂ.

രൂപ്യം. വെള്ളി.

## രെ.

രെചനീ. കമ്പിപ്പാല.
രെല്ലകം. പെരുച്ചാഴിത്തുകൽ.

## രേ.

രേചകം. രേരകപ്പുല്ലു, കടൽപ്പുല്ലു.

രേചകീ. കട്ടക്കാമരം.
രേചനാ. ത്രികോല്പക്കൊന്ന.
രേചനീ. ത്രികോല്പക്കൊന്ന.
രേണുകാ. അരേണുകം.

### രോ.

രോചനം. കണ്ടിലവു.
രോചനീ. ഗോരോചന, ചെന്താമര, മുളയരി.
രോചനം. പഞ്ഞിമരം, ചോനകനാരകം, കട്ടകപ്പുളിനാരകം.
രോദനീ. കൊട്ടത്തൂവ.
രോഹീ. ചെമ്മരം.
രോഹിണീ. കട്ടകരോഹണി.
രോഹിതകം. ചെമ്മരം, വെണ്മാരിക്ക.
രോഹിതാശ്വരൻ. കൊട്ടവേലി.

### രൌ.

രൌമകം. പടനയിൽ വിളയുന്ന ഉപ്പു, മെരുപ്പു.

### ല.

ലംകോയികാ ചോനാകപ്പുല്ലു
ലകുചം. ആയിനി, ആഞ്ഞിലി.
ലഘു. കാരകിൽ, രാമച്ചം, ചോനാകപ്പുല്ലു.
ലഘുപത്രാചില്ലി. ചെറുകിളിച്ചിര.
ലഘുലയം. രാമച്ചം
ലട്വാകം കരിങ്കുമ്പളം.
ലതാ. ഞാവൽ, കുരുക്കത്തിമുല്ല, വാലുഴവം, ചോനാകപ്പുല്ലു.
ലതാക്ഷം. പച്ചിലനിറമുള്ളി.
ലന്ത. ഇലന്ത എന്നും പറയും.
ലന്തക്കുരു. ഇലന്തക്കുരു.
ലംബാ. പേച്ചുര.
ലവംഗകം ചുക്കു
ലവങ്കം. ഇലവങ്ങപ്പൂവു.
ലവങ്ഗം. ഇലവങ്ഗം.
ലവണം. ഇന്തുപ്പു, കടലുപ്പു.
ലവം കരയാമ്പുവു.
ലശുനം. വെള്ളുള്ളി, നാറാവുള്ളി
ലസാ. മഞ്ഞൾ.
ലക്ഷ്മണാ. അട്ടിമധുരം, ചുട്ടിത്തിരുതാളി എന്നും ചിലർ.
ലക്ഷ്മീ. തിരുതാളി, മഞ്ഞൾ, ഇരുത്തി.

### ലാ.

ലാംഗലം ഒരുവകപ്പന.
ലാംഗലികീ. മേന്തോന്നി.
ലാംഗലി. നീർത്തിപ്പലി, തെങ്ങു.
ലാജം. മലർ.
ലാമ്പാക്ഷം. ചിവൽക്കണ്ണിനെല്ലു.
ലാമജ്ജകം. രാമച്ചം
ലാക്ഷാ. കോലരക്കു, മലങ്കവുങ്ങു.
ലാക്ഷാതരു. പ്ലാശുവൃക്ഷം.
ലാക്ഷാപ്രസാദനം. മലങ്കവുങ്ങു.
ലാക്ഷാരസം. കോലരക്കിന്റെ ചായം.

### ലി.

ലികുചം. ആയിനി, ആഞ്ഞിലി.

### ലേ.

ലേപം. ചുണ്ണാമ്പു.

### ലോ.

ലോചകം വാഴ.
ലോചമസ്തകം. കരിഞ്ചീരകം.
ലോണികാ. ഉപ്പുററി, നീണ്ടോനാഴികം, മുക്കുററി എന്നും, ചിലർ.
ലോധ്രം. പാച്ചോററി, വെളുത്തപാച്ചോററി, കമ്പിട്ടി.
ലോധ്രയുഗ്മം വെട്ടിയും പാച്ചോററിയും
ലോധ്രശൂകം നറുഞ്ചാലിനെല്ലു.
ലോമശം ചടാമാഞ്ചി.
ലോഷ്ടം. ഇരിമ്പുകിട്ടം.
ലോഹകാന്തം അയസ്കാന്തം, കാന്തക്കല്ലു.
ലോഹകിട്ടം. ഇരിമ്പുകിട്ടം,
ലോഹദ്രാവി പൊൻകാരം.
ലോഹം. ഇരുമ്പു, ഉരുക്കു, അകിൽ,
ലോഹസ്യകിട്ടം. ഇരിമ്പുകിട്ടം.
ലോഹിതചന്ദനം. രക്തചന്ദനം.
ലോഹിത. അരക്കു, ചുവന്ന അകിൽ കുങ്കുമം.
ലോഹിതകാ പത്മരാഗം.
ലോഹിതാ. പാൽവള്ളിക്കിഴങ്ങു.
ലോഹിതാശ്വൻ. കൊട്ടവേലി.

### വ.

വകുളം. ബകുളം, ഇലഞ്ഞി.

വങ്കം. ഠരംയം.
വക്രാംഗീ. കടുകരോഹണി
വംഗം. കറുത്തീയം, വെളുത്തീയം, പഞ്ഞി. ചെമ്പ്രാക്കൊടി.
വചാ. വയമ്പു, യവം.
വജ്രകണ്ടകം ചതുരക്കള്ളി.
വജ്രകം. ചതുരക്കള്ളി.
വജ്രദ്രു. ചതുരക്കള്ളി.
വജ്രപുഷ്പം. എള്ളിൻപൂവു.
വജ്രം. വൈരക്കല്ലു, എള്ളിൻപൂവു.
വജ്രവല്ലി. ചങ്ങലംപറണ്ട, ഉഴിഞ്ഞ.
വഞ്ചി. ആററുവഞ്ചി.
വഞ്ജുളം. ആററുവഞ്ചി, തൊട്ടുകാര, അശോകവൃക്ഷം.
വഞ്ജി. നാങ്കണപ്പുല്ലു.
വടം. പേരാൽ.
വടവൃക്ഷം. പേരാൽ.
വടശൃംഗം പേരാൽമൊട്ടു.
വട്ടച്ചാണായി. ഒരുവകപയറു.
വർദ്ധ്രുലം വലിയഏലത്തരി.
വണ്ടപാട്ടി. ഒരുമാതിരി അരത്ത.
വണ്ടാഴ. ഒരു ചെടി.
വത്സകം. കുടകപ്പാല.
വത്സനാഭം. വിഷം.
വത്സനാഭി. വിഷം.
വത്സാദിനീ. ചിററമൃത.
വധൂ. ചോനാകപ്പുല്ലു
വനജം. മുത്തെങ്ങാ, താമര.
വനരീക്തകാ. പാടവള്ളി, ചുണ്ട.
വനമല്ലിക. കാട്ടുമല്ലി.
വനമുദ്ഗം. കാട്ടുപയറു.
വനം. ഇരുവേലി.
വനസ്സൂരണം. കാട്ടുചേന.
വനശൃംഗാടം. ഞെരിഞ്ഞിൽ.
വനസ്സ്ഥലി അത്തി.
വനോത്ഭവം കാട്ടുമല്ലി.
വന്ദനീയം ഗോരോചന.
വന്ദാ. ഇത്തിൾക്കണ്ണി.
വന്ദ്യം. ഇത്തിൾക്കണ്ണി.
വന്യം. കഴിമുത്തെങ്ങാ.
വപ്രം. കാരിയം.
വംശം. മുള.
വംശകരീരം മുളങ്കാമ്പു.
വംശജം. മുളയരി.
വംശരോചനം. മുളവെണ്ണ, ഗോരോചന.
വംശാങ്കുരം. ഇല്ലിക്കുമ്പു.
വംശികം. അകിൽ.
വയച്ചുള്ളി. പൊരിപ്പുണ്ട.
വയനം. നാട്ടുക [illegible]
വയസ്ഥാ. മീനാങ്ങാണി, കടുക്കാ, നെല്ലി.
വയ്യങ്കതക്കു. സ്രുവവൃക്ഷം.
വയസ്യാ കടുക്കാ.
വരകൻ കുറുവനെല്ലു.
വരണം. നീർമരുളു, നീർമാതളം,
വരദാരു. തേക്കു.
വരവൎണ്ണിനീ. മഞ്ഞൾ, ഗോരോചന.
വരാ. ത്രിഫല.
വരാംഗകം. ഇലവങ്ഗം.
വരാടകം താമരപ്പൂവിന്റെ അകത്തെ മൊട്ടു, കവടി.
വരാഹം. മുത്തെങ്ങാ, പന്നി.
വരാഹി. നിലപ്പന
വരാഹികം. നിലപ്പനക്കിഴങ്ങു
വരി. വരിനെല്ലു, ശതാവരി
വരിഷ്ടം. നല്ലമുളകു, ചെമ്പു, തിപ്പലി.
വരുണം. നീർമാതളം
വരുഷാ. ചിററീന്തൽ.
വൎജ്ജുരീ. മരമഞ്ഞൾ.
വൎണ്ണകം ചന്ദനം
വൎത്തകം. വെള്ളോട്ടു.
വൎദ്ധമാനം. ആവണക്കു.
വൎവ്വരം തുളസി.
വൎഷാഭ്രൂ. തമിഴാമ, ചാരണ
വൎഷാഭ്വീ. തമിഴാമ.
വലാഗകം മുത്തെങ്ങാ.
വല്ലകം. ചന്ദനം.
വല്ലിജം. കൊടിമുളകു.
വത്സകം കുടകപ്പാല.
വശള വശളച്ചീര.
വശികാ. ചെന്നിനായകം.
വശിനീ. ഇത്തിക്കണ്ണി, ശമീ.
വശ്യം. കരയാമ്പൂവു.
വസതി. മഞ്ഞൾ.
വസന്തപുത്രി. പാതിരിപ്പൂവു.
വസ്തകം പടനയിൽ വിളയുന്ന ഉപ്പു.
വസിരം. അത്തിത്തിപ്പലി, കടലുപ്പു.
വസു. ഇരുവേലി, പൊന്നു, കൊടുവേലി, വെള്ളെരിക്കു.
വസുകാ. താറുതാവൽ.
വസുകം. എരിക്കു.
വഹ്നി. കൊടുവേലി, വന്നിവൃക്ഷം.
വഹ്നിച്ചുമത. വന്നിമരത്തിന്റെ കൊമ്പു.
വഹ്നിശിഖം. കുസുംഭപ്പൂവു.
വഹ്നിസംജ്ഞകം. കൊടുവേലി.
വളർ. ആനവണങ്ങി,
വഴന വയണയെന്നും, വയനയെന്നും നാട്ടുകറുവാ എന്നും ചിലർ.
വഴുതിന. ചുണ്ടയിൽ ഭേദം.

വാക്ഷചി. കാർവ്വോകിലരി
വാക്യം. ചമച്ച ഉപ്പ്.
വാജം. നെയി.
വാജി. ആടലോടകം.
വാജിഗന്ധം. അമുക്കിരം.
വാജിദന്തകം. ആടലോടകം.
വാടംഭളം. പേരാൽമൊട്ട.
വാട്യാലകം. കുറുന്തോട്ടി
വാതപോഥം. പ്ലാശ്.
വാതസാരഥി. കൊട്ടുവേലി.
വാതാമം. തുറമാവു.
വാനപ്രസ്ഥം ഇരിപ്പവൃക്ഷം. പ്ലാശ്.
വാനമല്ലിക. ഒരുവക മുല്ല.
വാനീരം. ആററുവഞ്ഞി കല്ലാൽ.
വാനേയം കഴിമുത്തെങ്ങാ.
വാപ്യം. കൊട്ടം, കൈരവച്ചാലി.
വാംശി മുളവെണ്ണ.
വായസം. തിരുവട്ടപ്പയൻ.
വായസി. കരിന്തകാളി, കാക്കക്കുറുച്ചുലി.
വായസോളി കാകോളി.
വായസവൻ. കൊട്ടുവേലി.
വാരണം. വാഴ.
വാരാഹി. നിലപ്പന. ബ്രഹ്മി.
വാരി ഇരുവേലി.
വാരിജം. താമര, ഉപ്പ്, ശംഖു.
വാരിദം. മുത്തെങ്ങാ.
വാരിപർണ്ണി. നീർച്ചീര.
വാരിപ്രസാദനം. തേററാമ്പരൽ.
വാരിദവ്യം. കൊട്ടം.
വാരിവാഹം. മുത്തെങ്ങാ.
വാർത്താകം. ചെറുവഴുതിന, പടച്ചുണ്ട, കണ്ടകാരി, കണ്ടങ്കത്തിരി.
വാർത്താകി ചെറുവഴുതിന, പടച്ചുണ്ട.
വാർദ്ധിപത്രികാ കാട്ടുമുതിരയില.
വാഷ്ടികം. ബ്രഹ്മി.
വാഹതം. വഴുതിനങ്ങാ.
വാല്യകം. ഏലാവാല്യകം, ഏലത്തിൽ ഒരു ഭേദം.
വാശ. ആടലോടകം.
വാശകം. ആടലോടകം.
വാശികാ. ആടലോടകം.
വാശി. കൊട്ടുവേലി.
വാശ്രുര. മഞ്ഞൾ.
വാഷ്ഠം. ഇരിമ്പു
വാസകം ആടലോടകം.
വാസന്തി. തിപ്പലി, കുരുക്കുത്തിമുല്ല.
വാസുനിഷണ്ണം. നീരാരൽ.
വാസ്തുകം. വസ്തുച്ചീര.
വാഹ്ലികം കായം.
വാഹസം. പെരുമ്പാമ്പു.
വാളകം. ഇരുവേലി.
വാളം ഇരുവേലി.
വാഴ. കദളിവാഴ.

## വി.

വികംകതം. വയ്യങ്കതവൃക്ഷം
വികസാ. മഞ്ചട്ടി.
വികാരം ഉരുക്ക.
വികിരണം. എരിക്ക.
വികൃതി പാൽ.
വിജയം. കഞ്ചാവു.
വിടം. ചമച്ച ഉപ്പ്.
വിടവി. പേരാൽ.
വിടയം. അതിവിടയം.
വിടംഗം. വിഴാൽ, വിഴാലരി.
വിഡം. ചമച്ചഉപ്പ്.
വിട്ഖദിരം. പച്ചിലം.
വിതണ്ഡം. സാംബ്രാണി.
വിതുന്നം. നീരാരൽ, താതിരി.
വിതുന്നകം. കീഴകാനെല്ലി, കൊത്തമ്പാലയരി, താലീശപത്രം, നിലത്തുരിശ്ശ മയിൽതുത്ഥം.
വിദരം. ഇലക്കള്ളി.
വിദലം. മാതളനാരകത്തിൻ തൊലി.
വിദാരി വെണ്മുതക്ക, പാൽമുതക്ക, ഓരില.
വിദാരിഗന്ധം. ദീർഘമൂലി, ഓരില.
വിദുലം. ആററുവഞ്ഞി, നീർവഞ്ഞി, നീർക്കാഞ്ഞിരം.
വിദുലാ. ലന്തക്കരു.
വിദുളം. ആററുവഞ്ഞി.
വിദ്ധകർണ്ണം. പാടവള്ളി.
വിദ്രുമം. പവഴം.
വിദ്രുമലതാ. പവഴക്കൊടി.
വിധു. കപ്പൂരം.
വിപാകവം. ഉള്ളി.
വിഭാകരൻ. എരിക്ക, കൊട്ടുവേലി.
വിഭാവരി. മഞ്ഞൾ.
വിഭാവസു. എരിക്ക, കൊട്ടുവേലി.
വിഭീതകം. താന്നിവൃക്ഷം.
വിമലാ. ചമ്മലന്ത.
വിമളം. മാക്കീരകല്ല.
വിംബം. ബിംബം. കോവൽപ്പഴം.
വിംബികാ. കോവൽവള്ളി
വിരളം. ചെറുപനച്ചി.
വിരി. നറുവരി.
വിരോചനൻ. എരിക്ക, കപ്പൂരം, കൊട്ടുവേലി.
വിർദ്ധി. ചെറുവിടക്കോൽ.
വിലാസി. കപ്പൂരം, കൊട്ടുവേലി.

വില്വപേശികാ. ഇളയ കൂവളങ്കായ.
വില്വമജ്ജാ. ഇളയ കൂവളങ്കായ.
വില്വം. കൂവളവൃക്ഷം.
വില്വശലാഡു. പച്ച കൂവളങ്കായ.
വിവസ്വാൻ. എരിക്കു.
വിശം. താമരവളയം.
വിശല്യാ. ചിററമൃതു, നാഗദന്തി, മേന്തോന്നി ത്രികോല്പക്കൊന്ന, ഒരുശാഖഭേദം.
വിശാലാ. കാട്ടുവെള്ളരി, കുമ്മട്ടി, മെത്തുക്കു.
വിശാലത്വക്. ഏഴിലമ്പാല.
വിശ്വാ. അതിവിടയം.
വിശ്വം. ചുക്കു.
വിശ്വഭേഷജം. ചുക്കു.
വിശ്വസാരകം. ഇലക്കള്ളി.
വിഷാ. അതിവിടയം.
വിഷഖണ്ഡചൂഡാമണി. വിഷത്തിനുള്ള ഒരു മരുന്നു.
വിഷഘ്നീ. കുട്ടക്കൂലി.
വിഷദം. പച്ചഉരിശു, മുത്തെങ്ങാ.
വിഷദംഷ്ട്രം. ഒരു പച്ചമരുന്നു.
വിഷമച്ഛദം. ഏഴിലമ്പാല.
വിഷമുഷ്ടി. പുറക്കൈനാറി, കാട്ടുതിപ്പലി, കാട്ടുപ്പു, കക്കൊടി, തമിഴിൽ കാഞ്ഞിരത്തിന്നും പറയും.
വിഷം. ഇരുവേലി, വത്സനാഭി.
വിഷസൂചകം. ചെമ്പോത്തു.
വിഷാഖ്യം. അതിവിടയം, നെന്മേനി വാക.
വിഷാണം. കൊട്ടം.
വിഷാണി. ആട്ടുതൊടാപ്പാലാ.
വിഷാദ്വന്ദ്വം. വിടയവും, അതിവിടയവും.
വിഷാദ്വയം. വിടയവും, അതിവിടയവും.
വിഷാണികാ. ആട്ടുതൊടാപ്പാല, ആട്ടുകൊട്ടപ്പാല.
വിഷി. നൈ.
വിഷ്ണുക്രാന്താ. വിഷ്ണുക്രാന്തി.
വിഷ്ണുദയിതാ. വിഷ്ണുക്രാന്തി.
വിഷ്വക്സേനാ. ഞാഴൽ.
വിഷ്വക്സേനപ്രിയം. ബ്രഹ്മി.
വിസപ്രസൂനം. താമരപ്പൂവു.
വിസം. താമരവളയം.
വിസ്രഗന്ധി. മനയോല.
വിഹഗം. മുത്തെങ്ങാ, എരിക്കു, കർപ്പൂരം.
വിളംഗം. വിഴാൽ വൃക്ഷം.
വിളംഗസാരം. വിഴാലരി.
വിളം. വിളയുപ്പു.
വിളാ. പനിച്ചം.
വിൾഖദിരം. വെളുത്ത കരിങ്ങാലി, പവ്വേലം

## വീ.

വീജകോശം. താമരക്കായ.
വീടികാ. വെററിലക്കൊടി.
വീതിഹോത്രൻ. എരിക്കു, കൊട്ടുവേലി.
വീരാ. നായ്ക്കുണ, ഇഞ്ചി, കുരുമുളകു.
വീരണം. രാമച്ചപ്പുല്ലു.
വീരതരം. രാമച്ചം, വിടത്തൽ.
വീരതരു. നീർമരുതു, വയച്ചുള്ളി.
വീരതൃണം. രാമച്ചപ്പുല്ലു.
വീരവൃക്ഷം. ചേരുമരം.
വീരാ. കോവൽ, കാകോളി.
വീസം. താമരവളയം.

## വു.

വുഞ്ജ. പുഞ്ജവൃക്ഷം.

## വൃ.

വൃകധൂപം. തിരുവട്ടപ്പയൻ കുന്തുരുക്കം.
വൃദ്ധം. സാംപ്രാണി, ചേലേയകം.
വൃദ്ധദാരകം. മറികുന്നി.
വൃദ്ധി. വലിയ കാട്ടുമുതിര, വിരുത്തി.
വൃശ്ചികാളി. തേൾക്കട.
വൃശ്ചിവം. തമിഴാമ.
വൃഷകം. ആടലോടകം.
വൃഷകർണ്ണി. എലിച്ചെവിയൻ.
വൃഷഗന്ധാ. മറുതുടരി.
വൃഷഭം. ഇടവകം.
വൃഷമൂലകം ആടലോടകത്തിൻവേർ.
വൃഷം. ആടലോടകം, ഇടവകം
വൃഷാ. എലിച്ചെവിയൻ. ആടലോടകം, മയിൽപ്പീലി
വൃഷലം. വെള്ളുള്ളി
വൃഷാകപി. കൊട്ടുവേലി.
വൃഷ്യകന്ദാ. പാൽമുതക്കു.
വൃഹതി ചെറുവഴുതിന.
വൃഹതികാ. ചെറുവഴുതിന.
വൃക്ഷം പ്ലാശു, ഇത്തി.
വൃക്ഷരുഹം ഇത്തിൾക്കണ്ണി.
വൃക്ഷാദനം. പേരാൽ.
വൃക്ഷാദനീ. ഇത്തിൾക്കണ്ണി.
വൃക്ഷാമ്ലം അമ്പഴം, മരപ്പുളി.

## വെ

വെൺകഞ്ചുകം. വെളുത്ത തുളസി.
വെൺചണ്ണായി വെളുത്ത അമര.
വെണ്ടകം നീർമരുതു.
വെപ്പുകാടി. ഔഷധികൾ ഇട്ടു വെച്ച കാടി.
വെല്ലം. ശർക്കര.
വെല്ലന്തരം വിടത്തൽ.
വെള്ളില. പറത്തോൽ എന്നും വെള്ളൊട്ടി എന്നും പറയും.

## വേ

വേങ്ങ. വേങ്കമരം.
വേണി. ദേവതാമി, ഇരുവേലി.
വേണു. മുള.
വേണുകം. ആനവള്ള.
വേണുജം മുളയരി
വേരനം. വെള്ളി.
വേതസം. ആററുവഞ്ചി.
വേതസ്വാൻ. വഞ്ചിവൃക്ഷം.
വേത്രാഗ്രം. പിരമ്പുംതല, ചൂരൽ.
വേധമുഖ്യകം. കച്ചോലം.
വേല്ലജം. നല്ലമുളക, വിഴാലരിക്കും പറയും.
വേള തൈവേളക്കും ആട്ടുനാറിവേളക്കും വെലിപ്പൂവിന്നും പറയും, നായിവേള.

## വൈ.

വൈകുണ്ഠം. തുമ്പ.
വൈകുണ്ഠജം. തുമ്പ
വൈജയന്തി. നിലനാരകം.
വൈജയന്തികം. താറുതാവൽ. മുഞ്ഞ. വാതമടക്കി.
വൈണവം. മുളനെല്ല.
വൈദ്യാ. കാകോളി
വൈദ്യമാതാ. ആടലോടകം.
വൈധ്യകതരു. ശ്രുവവൃക്ഷം
വൈരക്കള്ളി ചതുരക്കള്ളിക്കും പറയും കള്ളിയിൽ ഒരു ഭേദം
വൈരി ഏകനായകം, പൊൻകുറണ്ടി
വൈശ്വാനരൻ. കൊടുവേലി.

## വോ.

വോളം. നറുംപശ.

## വ്യ.

വ്യാഘ്രപാത്തു. വയ്യങ്കതക. പുലിച്ചുവടി.
വ്യഡംബകം. ആവണക്ക.
വ്യളംബകം. ആവണക്ക.
വ്യാഘാതം. കൊന്നവൃക്ഷം.
വ്യാഘ്രനഖം. പുലിച്ചുവടി, പുലിമദരി.
വ്യാഘ്രപാൽ. വയ്യങ്കതക, പുലിച്ചുവടി
വ്യാഘ്രപാദം. വയ്യങ്കതക, പുലിച്ചുവടി
വ്യാഘ്രപുഛം. ആവണക്ക.
വ്യാഘ്രം. ആവണക്ക, പുലിച്ചുവടിവേർ
വ്യാഘ്രാദം. ചെമ്പോത്തു.
വ്യാഘ്രി. ചെറുവഴുതിന, കണ്ടകാരി.
വ്യാധി. കൊട്ടം.
വ്യാധിഘാതം. കൊന്ന.
വ്യാധിനാശകം. കൊന്ന.
വ്യാപ്യം. കൊട്ടം.
വ്യാളായുധം. പുലിച്ചുവടി.
വ്യോമം. ഇരുവേലി.
വ്യോഷം ചുക്ക, മുളക, തിപ്പലി. ത്രികടു എന്നും പറയും.

## വ്ര.

വ്രജിനം. എരിക്ക.
വ്രീഹി നെല്ല മുതലായ ധാന്യങ്ങൾക്ക പറയും.

## ശ.

ശകടാക്ഷം. ഞമഞ്ഞി.
ശകുനാഹൃതം. കിളിക്കാൽച്ചാലി.
ശകുലാദിനി. കടുകരോഹിണി, നീർതിപ്പലി.
ശകുലാക്ഷകം. വയൽച്ചുള്ളി, അമ്മുമൻ മുത്തെങ്ങാ.
ശക്രാ. കുടകപ്പാല.
ശക്രപാദപം. ദേവതാരം
ശക്രപുഷ്പി ശാകഭേദങ്ങൾക്ക പറയും.
ശക്രൽ. കുടകപ്പാല.
ശക്രയവം. കുടകപ്പാലയരി.
ശക്രലതാ ഉഴിഞ്ഞ.
ശക്രവല്ലരി. ഉഴിഞ്ഞ.
ശക്രവല്ലി. ഉഴിഞ്ഞ.
ശംകിനി. കറുത്തശംഖപുഷ്പം.
ശംഖനഖം. ഞമഞ്ഞി.
ശംഖപാലൻ. എരിക്ക.
ശംഖപാഷാണം. പാഷാണത്തിൽ ഒന്നു, വെള്ളപ്പാഷാണം
ശംഖപുഷ്പം. ശംഖപുഷ്പം കറുത്തതിനും വെളുത്തതിനും പറയും.
ശംഖപുഷ്പി. ശംഖപുഷ്പം.

ശംഖം. ചിപ്പിമരം.
ശംഖിനി. ചണ്ണ, ശംഖപുഷ്പം.
ശചീ. ശതാവരി.
ശടി. കച്ചോലം, വയച്ചുള്ളി.
ശഢി. പാവൽ.
ശണപുഷ്പികം. നിലക്കാപ്പൂട്ടിൽ, തന്തലക്കൊട്ടി.
ശതക്രതു. ഉഴിഞ്ഞ.
ശതപത്രം. താമര, മയിൽ; മുരിങ്ങയില.
ശതപത്രി. ആട്ടുതിന്നാപ്പാല,
ശതപർവ്വാ. കറുക, മുള; വയമ്പു.
ശതപർവ്വികാ. കറുക, വയമ്പു, യവം.
ശതപുഷ്പാ. ചതകുപ്പ
ശതപ്രാസം. കണവീരം.
ശതമൂലി. ശതാവരി, തണ്ണീർവിട്ടാൻ എന്നു തമിഴ.
ശതവീൎയ്യാ. വെണ്കറുക, അമ്മാമൻ മുത്തെങ്ങാ, കറുകവിത്തു.
ശതവേധി. പുളിയാരൽ.
ശതഹ്രാസം. കണവീരം
ശതാവരീ. ശതമൂലി എന്നും പറയും തണ്ണീർവിട്ടാൻ എന്നു തമിഴ.
ശതാഹ്വാ. ചതകുപ്പ.
ശദ്രി. മുത്തെങ്ങാ.
ശബള്ളം. ഇരുവേലി
ശമനീ. മഞ്ഞൾ
ശമീ. വഹ്നിവൃക്ഷം.
ശമീരം. ചെറുവന്നിവൃക്ഷം.
ശംബരം. ഇരുവേലി.
ശംബരി. എലിച്ചെവിയൻ.
ശമ്യാകം. കൊന്ന.
ശമ്യാമം. കൊന്ന.
ശംവരം ഇരുവേലി.
ശയാലു. പെരുമ്പാമ്പു.
ശയു. പെരുമ്പാമ്പു.
ശരം. അമ്പുപുല്ലു, അമ്പോട്ടൽ, ഇരുവേലി,
ശരവീ. തിപ്പലി.
ശരപുംഖാ. കൊഴിഞ്ഞിൽ.
ശൎക്കരാ. പഞ്ചസാര.
ശൎവരി. മഞ്ഞൾ.
ശൎവരീനാഥൻ. കൎപ്പൂരം.
ശൎവരീശൻ. കൎപ്പൂരം
ശലം. എയ്യൻ, മുള്ളൻ.
ശലലം. എയ്യൻമുള്ളു, മുള്ളൻകോൽ.
ശലലീ. എയ്യൻ.
ശലാകാ. മലങ്കാര.
ശല്മലീ മുള്ളിലവു, ഇലവിൻപശ.
ശല്മലിവേഷ്ടം. ഇലവിൻപശ .
ശല്മലിപിഞ്ഛം. ഇലവിൻപശ .
ശല്യം. മലങ്കാര,

ശല്ലകി മുള്ളൻ, എയ്യൻ.
ശശം. മുയൽ.
ശശധരൻ. കൎപ്പൂരം
ശശാങ്കൻ. കൎപ്പൂരം.
ശശി. കൎപ്പൂരം.
ശശിമണി. ചന്ദ്രകാന്തം.
ശശിമണിശില. ചന്ദ്രകാന്തക്കല്ലു.
ശസ്ത്രകം. ഇരിമ്പു.

## ശാ.

ശാകം. കാട്ടുഴന്നു, പെരുകാണം; ചെറുതേക്കു.
ശാഡ്വകം. ഞമഞ്ഞി.
ശാണ്ഡില്യം. കൂവളം
ശാതകുംഭം. പൊന്നു, കണവീരം.
ശാബരം. പാച്ചോററി.
ശാബരലോധ്രം. വെട്ടി
ശാമ്യാകം. കൊന്ന.
ശാരദം. ഏഴിലംപാല, മൊട്ടൽനെല്ലു.
ശാരദീ. നീർതിപ്പലി, എഴിലമ്പാല.
ശാരാമുഖം വിടച്ചാലി.
ശാരിബാ. നറുനീണ്ടി.
ശാൎങ്ഗാഷ്ടം. കുറു ചൂലി, കാക്കത്തൊണ്ടി.
ശാൎങ്ങേരി. പുളിയാരൽ.
ശാൎവ്വരി. മഞ്ഞൾ.
ശാലി. വരിനെല്ലു, നെല്ലുകൾക്കും പറയും
ശാലൂകം. ആമ്പൽകിഴങ്ങു.
ശാലേയം കണ്ടിവെണ്ണ.
ശാല്മലീ. ഇലവു.
ശാല്മലിവേഷ്ടം. ഇലവിൻപശ.

## ശി.

ശിഖണ്ഡകം. മയിൽപ്പീലി.
ശിഖണ്ഡം. മയിൽപ്പീലി.
ശിഖണ്ഡീ. മയിൽ.
ശിഖണ്ഡികാ. പുല്ലാന്നി, വെളുത്ത കുന്നി.
ശിഖരീ. വലിയകടലാടി.
ശിഖാവളം മയിൽ.
ശിഖാവാൻ. കൊട്ടുവേലി.
ശിഖിഗ്രീവം. മയൂരഗ്രീവപണ്ണാഞ്ജനം, നീലത്തുരിശു, മയിൽതുത്ഥം.
ശിഖിതുത്ഥം. തുരിശു.
ശിഖിപിഞ്ഛം മയിൽപ്പീലി.
ശിഖീ. കൊട്ടുവേലി, മയിൽ
ശിഗ്രു. മുരിങ്ങമരം, ചീര.

ശിഗ്രുജം. മുരിങ്ങക്കുരുന്നു.
ശിഗ്രുപത്രം. മുരിങ്ങയില.
ശിഗ്രുപല്ലവം. മുരിങ്ങത്തളിർ.
ശിഗ്രുമൂലം. മുരിങ്ങവേർ.
ശിപ്പി. മുത്തുച്ചിപ്പി.
ശിഫം. താമരക്കിഴങ്ങ.
ശിഫാകന്ദം. താമരക്കിഴങ്ങ.
ശിംശപം. ഇരുവിള്ള, ഇരുവിട്ട, അശോകം.
ശിരീഷം നെന്മേനിവാകമരം.
ശിലാ. മനയോല.
ശിലാജതു. കന്മതം.
ശിലാജം. കന്മതം.
ശിലാജിൽ. കന്മതം.
ശിലാത്മജം. ഇരിമ്പു.
ശിലാപുഷ്പം. കുന്തുരുക്കമരം.
ശിലാരസം. കുന്തുരുക്കം.
ശിലീ ഞാഞ്ഞൂൽ, മയിൽ.
ശിലേയം. കുന്തുരുക്കമരം, ചേലേയകം.
ശിലോൽഭേദം. കല്ലൂർവഞ്ചി.
ശിവാ. കടുക്കാ, നെല്ലിക്കാ, കിഴുകാനെല്ലി.
ശിവം. പൊൻകാരം, ഇരുവേലി,
ശിവമല്ലി. വെളുത്തഎരിക്ക എന്നൊരു പക്ഷം, കൊക്കമന്താരയെന്നു തമിഴ.
ശിശിരം ചന്ദനം, വെളുത്തചന്ദനം.
ശിശിരദ്വയം. ചന്ദനവും രക്തചന്ദനവും.
ശിശിരപ്രിയം. ചെങ്ങഴനീർക്കിഴങ്ങ

## ശീ.

ശീതപാകീ. പുല്ലാന്നി, വെളുത്തകുന്നി
ശീതഫേനവൃക്ഷം. (അസിക്ഷം; വേപ്പിൽ ഒരു ഭേദം എന്നും ചിലർ.
ശീതം. ചന്ദനം, ഇരുവേലി.
ശീതഭീരു. മുല്ല.
ശീതരശ്മി. കർപ്പൂരം.
ശീതശിവം. കുന്തുരുക്കം, ഇന്തുപ്പു, ശതകുപ്പ, ചേലേയകം, കണ്ടിവെണ്ണ.
ശീതളം. മയിൽതുത്ഥം, ചന്ദനം, വെളുത്തചന്ദനം, താമര, മുത്തു, രാമച്ചം, നറുവരി, കർപ്പൂരം, ചെമ്പകം.
ശീതാംശു. കർപ്പൂരം.
ശീരം. രാമച്ചം.
ശീരസാധിതം. രാമച്ചം.

## ശു.

ശുകനാസം. പലകപ്പയ്യാനി.
ശുകം. നെന്മേനിവാകക്കുരു, ചോനാകപ്പുല്ലു, തുണിയാംകം.
ശുക്തം. കാടി.
ശുക്താ. കടുക.
ശുക്തി. മുത്തുച്ചിപ്പി, ചെറിയ കക്കാ, ചിപ്പിമരം, ഞമഞ്ഞി.
ശുക്തികാ. മുത്തുച്ചിപ്പി.
ശുക്തിജം മുത്തു.
ശുക്രൻ. കൊടുവേലി.
ശുക്ലാ. വെളുത്തവയമ്പു, ഉണ്ടശ്ശർക്കര.
ശുക്ലം വെള്ളി, പഴമുണ്ണിപ്പാല.
ശുക്ലപുഷ്പം. വെളുത്തവാടാമല്ലി.
ശുകേഷ്ടം. താളിമാതളം.
ശുണ്ഠി. ചുക്ക,
ശുഭാ. കടുക്കാ.
ശുഭ്രം. ചന്ദനം, വെള്ളി, അഭ്രം.
ശുഭ്രാംശു. കർപ്പൂരം.
ശുല്ബം. ചെമ്പു
ശുല്ബഭസ്മം താമ്രഭസ്മം.
ശുഷ്മാ. കൊടുവേലി.

## ശൂ.

ശൂകകം. യവം.
ശൂകം. കടൽച്ചുര.
ശൂകശിംബി. നായ്ക്കുരണ.
ശൂരണം. ചേന, പലകപ്പയ്യാനി.
ശൂർപ്പമൂലം. വലിയകടലാടി.

## ശൃ.

ശൃാഗം. തിരുനാമപ്പാല.
ശൃംഗാടകം. വൻകൊട്ടക്കിഴങ്ങ.
ശൃംഗാരം. കരയാമ്പൂ.
ശൃംഗി. ഇടവകം, അതിവിടയം; കർക്കടകശൃംഗി.
ശൃംഗിവേരം. ഇഞ്ചി, ചുക്ക.

## ശേ.

ശേഖരികം. വലിയകടലാടി.
ശേഫാലികാ. ചേമന്തി.
ശേഫാളം. കടലാവണക്ക. കാട്ടാവണക്കെന്നും ചിലർ.
ശേലു. നറുവരി.

## ശൈ.

ശൈഖരികം. വലിയകടലാടി.
ശൈരിഷബീജം. നെന്മേനിവാകക്കുരു.

ശൈലകം മലയിരുവേലി, സാംബ്രാണി.
ശൈലം സാമ്പ്രാണി.
ശൈലൂഷം. കൂവളം.
ശൈലേയം. സാമ്പ്രാണി, മുരം, ചേലേയകം, കാവിമണ്ണു. കന്മതം.
ശൈഗ്രവം. മുരിങ്ങക്കുരു.

## ശോ.

ശോണം ചെങ്കരിമ്പു.
ശോണരത്നം. പത്മരാഗം.
ശോഫഘ്നി. തമിഴാമ.
ശോഭാഞ്ജനം. മുരിങ്ങ.
ശോചിഷ്കേശൻ. കൊടുവേലി.

## ശൌ.

ശൌണ്ഡി. തിപ്പലി.
ശൌനകാ. പലകപ്പയ്യാനി.

## ശ്യാ.

ശ്യാമം. ഉമ്മത്തു, മുത്തെങ്ങാ.
ശ്യാമാ. നാല്പ്പോപ്പക്കൊന്ന, ചാമ; നറുനീണ്ടി ഞാവൽ, ഞാഴൽ.
ശ്യാമളം. കറുപ്പു.
ശ്യാമാകം ചാമ, നാല്പ്പോപ്പക്കൊന്ന,
ശ്യോനാകം. പലകപ്പയ്യാനി, പയ്യഴാന്ത.

## ശ്ര.

ശ്രവണി പെരുങ്കുമിൾ.
ശ്രാവണി. കാട്ടുമുതിര.
ശ്രീ. കരയാംപൂവു.
ശ്രീഖണ്ഡം. ചന്ദനം.
ശ്രീനിവാസം. തിരുവട്ടപ്പശ.
ശ്രീപർണ്ണം താമരപ്പൂവു, മുഞ്ഞ.
ശ്രീപർണ്ണി. പെരുങ്കുമിഴ, ഇലവു.
ശ്രീപർണ്ണികാ. കായാപ്പാല, കുമ്പിൾ.
ശ്രീഫലം. കൂവളം.
ശ്രീഫലി. അമരി, നെല്ലി.
ശ്രീമാൻ. മൈലെള്ളു.
ശ്രീവർണ്ണം. താമരപ്പൂവു, മുഞ്ഞ
ശ്രീവാസം. തിരുവട്ടപ്പയൻ.
ശ്രീവൃക്ഷം. അരയാൽ.
ശ്രീവേഷ്ടം. തിരുവട്ടപ്പയൻ.
ശ്രീസംജ്ഞം. ഇലവങ്ഗം.
ശ്രീഹസ്തിനി. ആനച്ചെവിയൻ.
ശ്രുഷാ. നിലവാക.
ശ്രേയസി കടുക്കാമരം, അത്തിത്തിപ്പലി പാടവള്ളി.
ശ്രേഷ്ഠാ. ത്രിഫല
ശ്രേഷ്ഠസംജ്ഞരസം. ചെഞ്ചല്യം.
ശ്രോണി. കാട്ടാവണക്കു.

## ശ്ലേ.

ശ്ലേഷ്മാതകം. നറുവരി.

## ശ്വ.

ശ്വദംഷ്ട്രാ. ഞെരിഞ്ഞിൽ.
ശ്വസനം. മലങ്കാര.
ശ്വാപദം. മുള്ളൻ, എയ്യൻ.
ശ്വാവിൾ. മുള്ളൻ.
ശ്വേതകുസുമം. വെള്ളെരിക്കാ.
ശ്വേതലോദ്ധ്രം. വെളുത്തപാച്ചോററി
ശ്വേതമരിചം. മുരിങ്ങക്കുരു.
ശ്വേതയുഗം വയമ്പു, വെളുത്തവയമ്പു; കില്ലുകില്ലപ്പൻ തണ്ടും എന്നും ചിലരിടെ പക്ഷം.
ശ്വേതവാഹം. നീർമരുതു.
ശ്വേതസുരസാ വെളുത്തജെമന്തി.
ശ്വേതാഭ്രകം. വെളുത്തഅഭ്രം.

## ഷ.

ഷഡീ കച്ചോലം.
ഷഡ്ഭൂഷണം. ഷൾഫലം.
ഷൾഗ്രന്ഥാ. വയമ്പു
ഷൾഗ്രന്ഥം. കുരുകത്തലച്ചി, വയമ്പു.
ഷൾഗ്രന്ഥാ കുരുകത്തലച്ചി.
ഷൾഗ്രന്ഥികാ. ചെറുകച്ചോലം.
ഷൾഫലം. കാട്ടുതിപ്പലി, കാട്ടുമുളകു. കൊടുവേലി, ചുക്കു. തിപ്പലി, ഇന്തുപ്പു. ഇവ ആറും ഇന്തുപ്പിനു പകരം ചവക്കാരം എന്നും കാണുന്നു.

## സ.

സകുംഭരാ. ആടുനാറിവേള.
സക്തുഫലാ. വഹ്നിവൃക്ഷം.
സഗോസ്തനാ. മുന്തിരിങ്ങാപ്പഴം.
സതീനകം വട്ടച്ചണ്ണായി.

സതീനം. ചണം.
സതീനിജം. ചണം.
സതീലകം. പയറു.
സത്രുടം. ചമിർ കാരം
സൽഫലം. മാതളനാരകം
സദാഫലം. അത്തിവൃക്ഷം.
സന്നകദ്രു. മുരൾവൃക്ഷം.
സപ്തച്ഛദം. ഏഴിലമ്പാല.
സപ്തപൎണ്ണം. ഏഴിലമ്പാല.
സപ്തലാ. ചെറുപിച്ചകം.
സപ്തലാഭം മന്ദാരം
സപ്താൎച്ചിസ്സ കൊടുവേലി.
സപ്താശ്വൻ. എരിക്ക.
സപ്താശ്വം. ഏഴിലമ്പാല.
സമംഗാ. മഞ്ചട്ടി, പാച്ചുണ്ട.
സമന്തദുഗ്ദ്ധാ. ചതുരക്കള്ളി.
സമഷ്ഠകം അകിൽ.
സമഷ്ഠീലാ വൎത്തകൊടി.
സമാ. നറുംപശ.
സമീരണം. മണിമരുക്കം.
സമുദ്രകഫം. കടൽനാക്ക.
സമുദ്രലവണം. കടലുപ്പു.
സമുദ്രാന്താ. കൊട്ടത്തൂവ, പഞ്ഞിപ്പരു ത്തി ചോനാകപ്പുല്ല.
സമുദ്രാപ്പച്ച. പച്ചില, പച്ച, വങ്കാള പ്പച്ച എന്നും ചിലർ.
സംബരം. ഇരുവേലി.
സംബളം. ഇരുവേലി.
സംവൎത്തം. മുത്തങ്ങ.
സംവൎത്തികം. താമരപ്പൂവിന്റെ അക ത്തെ ഇതൾ.
സംസ്പൃശം. പേക്കച്ചോലം.
സരം. ഇരുവേലി.
സരസം ഇരുവേലി.
സരസീ. കരയാമ്പൂവു.
സരസിജം. താമരപ്പൂവു.
സരസീരുഹം. താമരപ്പൂവു.
സരളം. ചരളം, ഒരുമാതിരി പയൻ വൃക്ഷം.
സരളദ്രുമം. ചരളവൃക്ഷം തിരുവട്ടപ്പ യൻ.
സരളാ. ത്രികോല്പകൊന്ന
സരോജം. താമരപ്പൂവു.
സരോരുഹം താമരപ്പൂവു.
സൎജ്ജകം. മുളപ്പൂമരുതു, സാലവൃക്ഷം. വേങ്ങമരം.
സൎജ്ജം മുളപ്പൂമരുതു, സാലവൃക്ഷം, വെ ങ്ങ, പയനിൻ പശ.
സൎജ്ജരസം. ചെഞ്ചല്യം, പയനിന്റെ പശ.
സൎജ്ജിക. സൎജ്ജികക്ഷാരം.
സൎജ്ജികക്ഷാരം. ഒവങ്ങ ചുട്ട വെണ്ണീ ർ കൂട്ടി ചമച്ചതു. ചോച്ചിലക്കാരം.
സൎപ്പിസ്സ. നെയ്.
സൎവ്വഗാ. ഞാഴൽ.
സൎവ്വഗം. വെള്ള ഇരുവേലി.
സൎവ്വതോഭദ്രം വേപ്പുവൃക്ഷം.
സൎവ്വതോഭദ്രാ പെരിങ്കുമിൾ, ഇല്ലി.
സൎവ്വതോമുഖം ഇരുവേലി
സൎവ്വരസം. ചെഞ്ചല്യം.
സൎവ്വാനുഭൂതി. ത്രികോല്പകൊന്ന, ശി വത.
സൎഷപം ചെറുകടുക.
സൎഷപാദി. ചെറുകടുക.
സലിലം. ഇരുവേലി.
സല്ലകീ. ഒരംന്തവൃക്ഷം, ഇലവങ്ങം, തേ ൾക്കൊട്ടക്കി. ഇലവു, അത്തി.
സവം. ഇരുവേലി, പൂന്തേൽ.
സവിതാവു. എരിക്ക.
സക്ഷീരം. ഇലന്തമരം.
സസ്യസംബരം. മുളംപൂമരുതു.
സഹകാരം. തേന്മാവു.
സഹാ. കാട്ടുപയറു, ചെറുകുറുഞ്ഞി, ചെ റുവിടക്കോൽ.
സഹചരം. കരിങ്കുറുഞ്ഞി.
സഹചരീ ചെറുകുറുഞ്ഞി, പൊന്നിറം ചെങ്കുറുഞ്ഞി.
സഹചാപ്യാ കാട്ടുമുളക.
സഹദേവി പൂവാൻകുറുന്തൽ തിരുദേ വീ എന്നും പറയും.
സഹസ്രകിരണൻ. എരിക്ക.
സഹസ്രാക്ഷി. എരിക്ക.
സഹസ്രവീൎയ്യ. കറുക.
സഹസ്രവേധി. സഹസ്രവേധികല്ലു, പെരിങ്കായം, പുളിയാരൽ.
സഹസ്രാംശു. എരിക്ക.

## സാ.

സാഗരെരണ്ഡം. കടലാവണക്ക.
സാതലാ. ചമ്മലന്ത, ബ്രാഹ്മി.
സാനസീ. പൊന്ന.
സാമുദ്രം. കടലുപ്പു, കടൽനാക്ക, മരക്ക ലുപ്പു.
സാരംഗം കൎപ്പൂരം, പൊന്നു, മയിൽ. രത്നം. തമിഴിൽ കുറിഞ്ചായും പറയും.
സാരണി പ്രസാരണി.
സാരം. വേങ്ങക്കാതൽ, ഇരുവേലി എല്ലാ വൃക്ഷങ്ങളിടെയും കാതലിനും എല്ലാവക കൊഴുപ്പിനും പറയും.
സാരസം. ആമ്പൽ, താമര.
സാൎഷപം കടുകില.
സാലദ്രുമം. പയൻവൃക്ഷം.

സാലപൎണ്ണി. ഓരില, നൂൽപ്പരുത്തി.
സാലം. പയൻവൃക്ഷം, മരാമരം.
സാലാ. മുളപ്പൂമരുതു.
സാവിത്രസ. എരിക്കു.

## സി.

സിക്തകം മെഴുകു.
സിതം. വെള്ളി, ചന്ദനം.
സിതഛത്രാ. ശതകുപ്പ.
സിതശിവം കല്ലുപ്പു.
സിതശൂകം തൊമര, യവം.
സിതാ. പഞ്ചസാര, മുല്ല.
സിതാഭ്രം കൎപ്പൂരം.
സിതാംഭോജം വെളുത്തതാമര.
സിതാപലം ചെറുകടുകു.
സിദ്ധാൎത്ഥം വെൺകടുകു.
സിദ്ധധാതു. രസം, പാരതം.
സിദ്ധി. ഇരുത്തി.
സിന്ദുകം. കരിനൊച്ചി.
സിന്ദുവാരം. കരിനൊച്ചി.
സിന്ധൂജം ഇന്തുപ്പു.
സിംഹപുഛി ഓരില.
സിംഹളം. വെളുത്തിയ്യം, പിച്ചള, ഇലവങ്ങത്തൊലി.
സിംഹാനം. ഇരിമ്പിൻകിട്ടം.
സിംഹാസ്യം. ആടലോടകം.
സിംഹീ. ചെറുവഴുതിന, ആടലോടകം.
സിംഹീഫലം. മലങ്കാരക്കാ.
സിംഹുണ്ഡം. ചതുരക്കള്ളി.
സിരം. കാട്ടുതിപ്പലിവേർ.
സില്ഹം. കുന്തുരുക്കം, പിണ്ണാക്കു
സിപ്രം. കൎപ്പൂരം.
സിഹ്ലകം. കുന്തുരുക്കം.

## സീ

സീസകം. കാരീയം.
സീസം. ഒരംയ്യം
സിംഹുണ്ഡം ചതുരക്കള്ളി.

## സു

സുകന്ദകം. വെളുത്തുള്ളി.
സുകുമാരം. വാഴ, ഒരുവകമുല്ല, ചെമ്പകം ഒരുവക കരിമ്പു.
സുഖവച്ചലകം. തുവച്ചിലക്കാരം
സുഖവച്ചലം. തുവച്ചിലക്കാരം.
സുഗന്ധം. ചെറുകടുകു, ചന്ദനം, ഗന്ധകം.
സുഗന്ധാ. വണ്ടുവാഴി, നറുംചണ്ണ.
സുഗന്ധി. എലവാലുകം, തിപ്പലിവേർ.
സുഗന്ധികം. ചെമ്മണിച്ചാലി.
സുതശ്രേണി. എലിച്ചെവി.
സുദാമാവു. മുത്തെങ്ങാ.
സുധാ. അമൃതു, ഇലക്കള്ളി. ഇരുവേലി.
സുധാകരൻ. കൎപ്പൂരം.
സുധാംശുതൈലം. കൎപ്പൂരതൈലം.
സുധാംശു. കൎപ്പൂരം.
സുനിഷണ്ണം നീരാരൽ.
സുന്ദരി. മഞ്ഞൾ.
സുപാൎശ്വകം. കല്ലാൽ.
സുപുഷ്പം. കരയാംപൂ, പവഴമരം.
സുഭഗാ. ഒരു മുല്ല, മഞ്ഞൾ, ഒരുവക തുളസി
സുഭഗം. പൊൻകാരം. അശോകവൃക്ഷം.
സുഭിക്ഷാ. താതിരിമരം.
സുമനാ. പിച്ചകം
സുമുഖം. അനിച്ചം, ഒരുമാതിരി ചീര.
സുമനം. ഉമ്മത്തു, കോതമ്പു, പിച്ചകം.
സുരകാഷ്ഠം ദേവതാരം.
സുരതരു. ദേവതാരം.
സുരംഗം ചായില്യം, മാതളനാരങ്ങാ, ചെമ്മരം.
സുരദാരു. ദേവതാരവൃക്ഷം.
സുരൻ. എരിക്കു.
സുരണം. മക്കിപ്പൂവു
സുരഭി. ജാതിക്കാ, ഒരംന്തൽ, തുളസി, പൊന്നു, ഗന്ധകം, തേൾക്കൊട്ടക്കി, ബ്രഹ്മി, മല്ലികാ.
സുരസം. എലവങ്ങത്തൊലി, തുളസി, മുരു, തുത്താവു.
സുരസയുഗ്മ. തുത്താവും, കാട്ടുതുത്താവും.
സുരസാ. അരത്ത
സുരാംഷ്ട്രിപാ ദേവതാരം.
സുരാഷ്ട്രാ. തുവര
സുരാഹ്വാ. ചെഞ്ചല്യം
സുരാളം. ചെഞ്ചല്യം, അതിവിടയം.
സുവച്ചലം ചെമ്പൂന്തെരിഞ്ഞിൽ.
സുവൎണ്ണകം. കൊന്നവൃക്ഷം.
സുവൎണ്ണം. പൊന്നു, ചന്ദനം, കൽച്ചുണ്ണാമ്പു, കൊന്നവൃക്ഷം
സുവല്ലി. കാൎക്കോകിൽ.
സുവഹം. ചിററരത്ത, ഒരംന്ത, ചേമന്തി, വണ്ടുവാഴി, ഉഴിഞ്ഞ.
സുവീരാ. പവഴക്കൊടി.
സുവീരം. ഇരുവേലി.
സുഷവീ. പാവൽ, കരിഞ്ചീരകം, ചീരകം, പുല്ലാന്നി, പെരുഞ്ചീരകം. പാൽവള്ളി.
സുഷീമം. ചന്ദ്രകാന്തക്കല്ലു.
സുഷേണം. പെരിങ്കുമാവു.
സുഷേണി. നാല്ക്കോപ്പക്കൊന്ന.

## സൂ

സൂകരം. പന്നി, പന്നികൂട്ടൻനെല്ല.
സൂചികാന്തം. അയസ്കാന്തം.
സൂതകം. രസം, പാരതം.
സൂതം. രസം.
സൂനം. എരിക്ക.
സൂപധൂപനം. കായം.
സൂപ്യപൎണ്ണി. കാട്ടുപയറ.
സൂപ്യപൎണ്ണിദ്വയം കാട്ടുപയറും, കാട്ടുഴുന്നും.
സൂരണം. ചേന.
സൂരി. എരിക്ക.
സൂൎയ്യൻ. എരിക്ക.
സൂക്ഷ്മാ. ചിറ്റേലം, ഏലാവാലുകം, ഒരു വക മുല്ല.
സൂക്ഷ്മതണ്ഡുലം തിപ്പലി
സൂക്ഷ്മപത്രം. കൊത്തമല്ലി.

## സേ.

സേതു. നിൎമ്മാതളം.
സേവ്യം രാമച്ചം, ഇത്തിക്കണ്ണി.

## സൈ.

സൈന്ധവം. ഇന്തുപ്പ.
സൈൎയ്യകം. കരിങ്കുറുഞ്ഞി.
സൈൎയ്യകയുഗ്മം. കരിങ്കുറുഞ്ഞിയും വെങ്കുറുഞ്ഞിയും.
സൈരേയകം. ചെറുകുറുഞ്ഞി,

## സോ

സോമം. കൎപ്പൂരം, കഞ്ഞി, ഇരുവേലി, വെള്ളം.
സോമരാജി. കാൎക്കോകിലരി.
സോമവല്ലരി. മീനാങ്ങാണി, പൊന്നാങ്കാണി എന്നു തമിഴ.
സോമവല്ലി ചിററമൃത.
സോമവല്ലികാ. കാൎക്കോകിലരി.
സോമവല്ക്കം. കുമ്പിൾ, വെൺകരിങ്ങാലി, കരിങ്കാരവൃക്ഷം, മേന്തോന്നി, ഓമത്തോൽ.
സോമസാരം. ഓമ.

## സൌ.

സൌഗന്ധി. വയമ്പ.
സൌഗന്ധികം. ഗന്ധകം, കവിട്ടപ്പുല്ല, ചെങ്ങഴനീൎപ്പൂവ.
സൌഭഞ്ജനം. മുരിങ്ങ.
സൌവീരം. ഇലന്തമരം, ചിററീന്തൽ, കാടി, സൌവീരാഞ്ജനം.
സൌവീരാഞ്ജനം. ഒരു വക അഞ്ജനം.
സൌവൎച്ചലം. സൌൎച്ചിലഉപ്പ.
സൌൎച്ചിലഉപ്പ. സൌൎച്ചലക്ഷാരം.
സൌരാഷ്ട്രീ. ചുവട്ടുരോഹണി.
സൌഭാഗ്യം. ചായില്യം.

## സ്യ.

സ്യന്ദനകം തൊട്ടുകാര.
സ്യന്ദനം. തൊട്ടുകാര, ഇരുവേലി.
സ്യൂനൻ. എരിക്ക.
സ്യോനാകം, പലകപ്പയ്യാനി, തിരുപ്പൊരുൾ.

## സ്ര.

സ്രംസി. ഉക.
സ്രുവാ. പെരുങ്കുരുമ്പ.
സ്രുവവൃക്ഷം. വയ്യങ്കതക, തിരുപ്പൊരുൾ.
സ്രോവിതാഞ്ജനം. സൌവീരാഞ്ജനം.

## സ്വ.

സ്വാദി. മുരിങ്ങ.
സ്വൎച്ചികാ. സുവൎച്ചലക്ഷാരം.
സ്വൎണ്ണപുഷ്പം. ചെമ്പകം.
സ്വൎണ്ണം. പൊന്ന, ഉമ്മത്തിനും പറയും
സ്വൎണ്ണക്ഷീരി. എരുമക്കള്ളി, മലയെരിമ.
സ്വൎണ്ണഹരിതാരം. പൊന്നരിതാരം.
സ്വയംഗുപ്താ. നായ്ക്കുരുണ.
സ്വാപഹരം വണ്ടുവാഴി, ഉഴിഞ്ഞ.
സ്വാദു. ജീരകം, മുന്തിരിങ്ങ.
സ്വാദുകണ്ടകം. വയ്യങ്കതക, ഞെരിഞ്ഞിൽ.

സ്വാദുരസം. കാകോളി, മുന്തിരിങ്ങാപ്പഴം, ഒരംന്തപ്പഴം.
സ്വാദ്വീ. മുന്തിരിങ്ങാപ്പഴം.

## സ്ത.

സ്തബ്ധരോമം. വന്നി.
സ്തംബകണ്ണം. കരിമരുതു.
സ്തനയിത്നു. മുത്തങ്ങാ.
സ്താലഹിന്താലൌ. പനയും ഒരംന്തപ്പനയും
സ്ത്രീരഞ്ജനം. വെററില.

## സ്ഥ

സ്ഥാപനീ. പാടവള്ളി.
സ്ഥിരകൾ. ഓരിലയും മൂവിലയും.
സ്ഥിരപുഷ്പം. ചെമ്പകം.
സ്ഥിരാ. ഓരില.
സ്ഥിരാദ്വയം. ഓരിലയും മൂവിലയും.
സ്ഥിരായു. ഇലവു
സ്ഥൂലജീരകം. പെരിഞ്ജീരകം.
സ്ഥൌണേയം. ഉണിയാംകം.

## സ്നു.

സ്നുക്. ഇലക്കള്ളി, ചതുരക്കള്ളി, കള്ളി.
സ്നുഹാ. ചതുരക്കള്ളി, വാതക്കൊടി.
സ്നുഹി. ചതുരക്കള്ളി.
സ്നുഹ്യം. കള്ളി.

## സ്പ.

സ്പാന്താ. എരിക്കു.
സ്ഫൂർജ്ജകം. പനിച്ചിവൃക്ഷം.
സ്പൃക്. ചോനാകപ്പുല്ലു.
സ്പൃക്കാ. ചോനാകപ്പുല്ലു. സ്വർണ്ണകപ്പുല്ലു,
സ്പൃശി കണ്ടകാരി, കണ്ടകത്തരി.
സ്മരസഹാ. കപ്പൂരം.

## ഹ.

ഹട്ടവിലാസിനീ. പവഴക്കൊടി.
ഹം പച്ചനെല്ലിക്ക.
ഹഠം. കറുകപ്പുല്ലു.
ഹനു. പവഴക്കൊടി.
ഹപുഷം. അടക്കാമണിയൻ.

ഹംസൻ. എരിക്കു.
ഹംസപാദം. ചായില്യം.
ഹംസപാദി ചെറുപുള്ളടി.
ഹംസപാദികാ. ചെറുപുള്ളടി.
ഹയപുഛി പെരുംകാണം, കാട്ടുഴുന്നു.
ഹയമാരകം. കണവീരം.
ഹയംഗവീനം. പുതിയവെണ്ണ.
ഹരണം. പൊന്നു. കവടി.
ഹരബീജം രസം.
ഹരി. കപ്പൂരം, എരിക്കു, കൊടുവേലി, മയിൽ.
ഹരിക്രാന്തി. വിഷ്ണുക്രാന്തി.
ഹരിചന്ദനം. ചെഞ്ചന്ദനം.
ഹരിണൻ. എരിക്കു.
ഹരിണീ. മഞ്ഞമുല്ല.
ഹരിതാ. മഞ്ഞൾ, കരുമാതിരി മുരിങ്ങ.
ഹരിതം. പച്ചിലനിറം തൊമര.
ഹരിതമഞ്ജരി കുപ്പമേനി.
ഹരിതാരം. അരിതാരം.
ഹരിതാലം. അരിതാരം.
ഹരിദ്രുവാ. മരമഞ്ഞൾ
ഹരിദ്രാ മഞ്ഞൾ.
ഹരിദ്രാദ്വയം മഞ്ഞളും മരമഞ്ഞളും.
ഹരിപർണ്ണികാ. കുപ്പമഞ്ഞൾ.
ഹരിപ്രിയം. തുളസി.
ഹരിപ്രിയാ. കടമ്പുമരം, ചന്ദനം.
ഹരിമഞ്ജരി. കുപ്പമഞ്ഞൾ.
ഹരിമന്ഥകം. കടലെക്കാ, ചണായി.
ഹരിന്മണി. മരതകം.
ഹരിവാലുകം. ഏലാവാലുകം.
ഹരീതകി. കടുക്കാമരം, കടുക്കാ.
ഹരേണു. വട്ടച്ചണായി, അരേണുകം.
ഹലിപ്രിയം. നീർക്കടമ്പു.
ഹലീയം. നീർക്കടമ്പു.
ഹല്ലകം. ചെന്താമര, ചെങ്കഴുനീർ.
ഹവിസ്സ. നൈ.
ഹവ്യം. നൈ,
ഹവ്യവാഹനൻ. കൊടുവേലി.
ഹസ്തിവക്ത്രം. നറുവിരക.

## ഹാ.

ഹാടകം പൊന്നു.
ഹായനം. ആണ്ടുവിളച്ചാലി.
ഹാരീതം. പൂമപ്രാവു.
ഹാരീ. മുത്തു

## ഹി.

ഹിംഗു. പെരിങ്കായം.
ഹിംഗുലി. ചെറുവഴുതിന.

ഹിംഗുനിൎയ്യാസം. വേപ്പുമരം, കായം.
ഹിംഗുപത്രി. അരേണ്ണകം.
ഹിംഗുലം. ചായില്യം.
ഹിംഗുലി. ചെറുവഴുതിന.
ഹിംഗുലു. ചായില്യം.
ഹിജ്ജുലം നീൎക്കടമ്പു.
ഹിന്താലം ഒരംന്തപ്പന, ചേക്കുരു.
ഹിമം. ചന്ദനം, ഒരംശ്യം, മുത്തു, താമര, കപ്പൂരം. വെണ്ണനൈ.
ഹിമവാലുകം കപ്പൂരം.
ഹിമദ്വയം. ചന്ദനംരണ്ടും.
ഹിമാ. ചിറ്റേലം, അരേണ്ണകം.
ഹിമാപത്രി. മലയെരിമ, കപ്പൂരം.
ഹിമാംശു. കപ്പൂരം.
ഹിമാംബു. പനിനീർ.
ഹിമാഹ്വയം. ചന്ദനം.
ഹിംസ്രാ. ജടാമാഞ്ചി, കാറത്തോട്ടി.
ഹിരണ്യം പൊന്നു, വെള്ളി.
ഹിരണ്യതേജസ്സ്. കൊട്ടുവേലി, എരിക്കു.
ഹിലമോചികാ. കറ്റാവാഴ.

## ഹു.

ഹുതാശ കൊടുവേലി.
ഹുതഭുക് കൊടുവേലി.

## ഹൃ.

ഹൃദ്യം. വൃദ്ധി, ഇരുത്തി.
ഹ്രസ്വഗവേധുകം. ആനക്കുറുന്തോട്ടി.
ഹ്രസ്വപഞ്ചമൂലം ചെറുവഴുതിന, വെൾവഴുതിന, ഓരില, മൂവില, ഞെരിഞ്ഞിൽ. ഇവയഞ്ചും.
ഹ്രസ്വാംഗം. തിരുനാമപ്പാല.

## ഹേ.

ഹേമദുഗ്ദ്ധകം. അത്തിവൃക്ഷം.
ഹേമദുഗ്ദ്ധം. ചതുരക്കള്ളി, കുങ്കുമം, എരിമക്കള്ളി.
ഹേമപത്മം. പത്മകം.
ഹേമപുഷ്പം. ചെമ്പകം.
ഹേമപുഷ്പികാ. ചെങ്കുറുമൊഴി.
ഹേമപുഷ്പികം. ചെമ്പകം.
ഹേമബീജം. പൊന്നുമ്മത്തിൻ കുരു.
ഹേമം. പൊന്നു, ഉമ്മത്തു.
ഹേമാ. പൊന്നുമ്മത്തു.

## ഹൈ.

ഹൈമവതി. കടുക്കാമരം. വെളുത്ത വയമ്പു, മലയെരിമ, ചെറുവള്ളിക്കൊടി, വേൽവേലം
ഹൈയംഗവം. തലനാളത്തെപാൽ കടഞ്ഞെടുത്ത വെണ്ണ

## ഹോ.

ഹോമി. നൈ, ഇരുവേലി.

## ഹ്ര.

ഹ്രസ്വഗവേധുകാ. ആനക്കുറുന്തോട്ടി
ഹ്രസ്വപഞ്ചമൂലം. ഹ്രസ്വപഞ്ചമൂലം നോക്കുക.
ഹ്രാദിനീ. ഒരംന്തമരം.
ഹ്രീകു. വെള്ളീയം, അരക്കു.
ഹ്രീബേരാ. ഇരുവേലി.

## ഹ്ല.

ഹ്ലാദിനി ഒരംന്തവൃക്ഷം.

## ക്ഷ.

ക്ഷണദം. ഇരുവേലി.
ക്ഷണദാ. മഞ്ഞൾ.
ക്ഷവകം. കരിന്തുമ്പ, ചെറിയ കരിഞ്ഞാലി.
ക്ഷവാ. കറുത്തകടുകു, മഞ്ഞൾ, കരിന്തുമ്പ.
ക്ഷപാകരൻ. കപ്പൂരം.

## ക്ഷാ.

ക്ഷാരം. പൊൻകാരം, പപ്പടകക്കാരം, ചവക്കാരം, ഉവച്ചിലക്കാരം മുതലായതു.
ക്ഷാരമദ്ധ്യം വലിയകടലാടി.
ക്ഷാരമൃത്തികാ. ഉവർമണ്ണു.
ക്ഷാരദ്വയം. ചവക്കാരവും, ഉവച്ചിലക്കാരവും.

## ക്ഷീ.

ക്ഷീരജം. തൈർ.
ക്ഷീരജത്വക്. നാല്പാമരത്തോൽ.
ക്ഷീരദലം. എരിക്ക.
ക്ഷീരവിദാരി. പാൽമുതക്ക, പാടവള്ളി.
ക്ഷീരവൃക്ഷം നാല്പാമരം.
ക്ഷീരശുക്ലാ. മുതക്ക.
ക്ഷീരാവി. കിറുകിണ്ണിപ്പാല.
ക്ഷീരി, പാൽമുതക്ക, പാൽവള്ളി.
ക്ഷീരീകം. വഴമുന്നാല.
ക്ഷീരോദം. ഉള്ളി.

## ക്ഷു.

ക്ഷുണ്ണം. പുളിഞ്ചിമരം.
ക്ഷുദ്രവർഷാഭ്രൂ. ചാരണ, തമിഴാമ.
ക്ഷുദ്രാ. കറുത്തചുണ്ട, കണ്ടകാരി, പുളിയാരൽ.
ക്ഷുദ്രവാർത്താകി. ചെറുവഴുതിന.
ക്ഷുദ്രാമ്ലാ. പുളിയാരൽ.
ക്ഷുദപിബോധനം. കരിഞ്ഞുമ്പ.
ക്ഷുധാഭിജനനം. കറുത്തകടുക.
ക്ഷുമാ. ചെറുചണം, മുതിര, അമരി.
ക്ഷുരകം. മൈലെള്ള.
ക്ഷുരം. വയച്ചുള്ളി, ഞെരിഞ്ഞിൽ.

## ക്ഷേ.

ക്ഷേമം. അടവിക്കച്ചോലം.

## ക്ഷൌ.

ക്ഷൌദ്രം. തേൻ, ഇരുവേലി.
ക്ഷൌളി. ചണം.

# അനുബന്ധം.

അഞ്ജനയുഗ്മം. സൌവീരാഞ്ജനവും സ്രോതോഞ്ജനവും
അക്ഷിഭൈഷജ്യം. വെള്ളത്തപാച്ചോററി.
അഗരു. അകിൽ.
അഗാരധൂമം. പുകയിറ.
അഗ്നികം. മുഞ്ഞ,
അഗ്നിമന്ഥനം. മുഞ്ഞ.
അംഗലോദ്ധ്യം. താമരമൊട്ട.
അജലോമി. ആട്ടിൻമയിർപ്പട്ട.
അജാജി. ആശാളി.
അതിഗുഹാ. മൂവില.
അതിചരാ. ഓരിലത്താമര.
അതിഛത്രാ. ആട്ടുകൊട്ടപ്പാല.
അതിമധുരം. കുന്നിവേരെന്നൊരു പക്ഷം.
അത്രികാ. അപ്പ.
അദ്രികൎണ്ണിക. മലംകടമ്പ.
അദ്രിജതു. കല്മദം.
അദ്രിജം. കല്മദം.
അനന്തം. സ്വൎണ്ണം
അഭയാഹ്വ. കണവീരം.
അഭിഷുകം. മരവെട്ടി, നീരട്ടി എന്നു വടക്കൻ.
അമരരോദിക. ഉല്ലല്ല.
അമരാ. കരുനൊച്ചി.
അമോഘാ. പാതിരി, വിഴാൽ
അമ്ലവേതസം. ഞെരിഞ്ഞൻപുളി.
അമ്ലികാ. പിണംപുളി.
അരിഷ്ടം. ഒരുവകമദ്യം.
അൎക്കജടാ. എരിക്കിൻവേർ.
അൎക്കപുഷ്പി. ശംഖപുഷ്പം.
അലംബുഷം. അടക്കാമണിയൻ.
അശോകരോഹിണി. കടുരോഹിണി.
അശ്മന്തകം. മലയാരൽ, യമളപത്രകം
അശ്വഖുരം. മലയമുക്കി. കുന്നമുക്കി.
അശ്വഘ്നം. കണവീരം.
അസിതഷഷ്ടികം. കറുത്തഞവര.

## ആ

ആരുഷ്കരം. ചേരെണ്ണ.
ആൎത്തഗളം. അടക്കാമണിയൻ എന്നും ചിലർ പറയുന്നു.
ആൎദ്രകം. ഇഞ്ചി.
ആൎദ്രികാ. ക്രുക്കിലെന്നും ചിലർ പറയുന്നു
ആവൎത്തനീ. കണവീരം.
ആവികം. കരിമ്പടം.
ആശ്വത്ഥം. അരയാൽക്കുരു.
ആസ്ഫോതം വെള്ളെരുക്കു.
ആളൂപങ്ങൾ. തോട്ടച്ചേമ്പും, വാകച്ചേമ്പും, നീർച്ചേമ്പും, പെരിഞ്ചേമ്പ, നീലച്ചെമ്പ, ചെറുചേമ്പ ഇങ്ങിനെ പലതിന്നും പറയും.

## ഇ.

ഇൽക്കടം. ഇറുങ്ങ.
ഇക്ഷുഗന്ധികാ. കരിമ്പിൻ തടി.
ഇക്ഷ്വാലികാ. ചെംകരിമ്പ
ഇംഗുദം. ഓടൽ.
ഇന്ദുരേഖാ. കാൎക്കോലരി.
ഇന്ദ്രവൃക്ഷം. ഇകണ, അടക്കാവണിയൻ അല്ലംകിൽ, അടക്കാമണിയൻ.
ഇന്ദ്രാണിശാകം. ഉഴിഞ്ഞ.
ഇന്ദ്രാഹ്വം ഉഴിഞ്ഞ.
ഇഭപിപ്പലി. അത്തിതിപ്പലി.
ഇക്ഷുരസം. കരിമ്പിൻനീരു.

## ഈ.

ഈശ്വരബിന്ദു. രസം.

## ഉ.

ഉഗ്രയഷ്ടി. പാൽ മുതക്കു.
ഉൽക്കാരികാ. വാഴത്തുഴാകി.
ഉത്തമകാരിണി. ഉമ്മത്തു, വേലിപ്പരുത്തി.
ഉത്തുണ്ഡികാ. പരത്തി.
ഉദമന്ഥം. വെള്ളത്തിൽ കലക്കിയ അരിമാവു,

ഉന്ദുരു. എലി.
ഉപകുഞ്ചികാ. ഞൊട്ടഞൊട്ട.
ഉപലഭേദം കല്ലുവഞ്ചി.
ഉപോദകാ. വശള.
ഉല്പലം. കരിംകുവളപ്പൂവ.
ഉല്പലകുഷ്ഠം. കൊട്ടം.

ഊ.

ഊരുമാണം. മരവാഴ.

ഋ.

ഋസിംഹി. ആടലോടകം,

എ.

എകൈഷികാ. ക്രികോല്പക്കൊന്ന, നലക്കടമ്പു.

ഐ.

ഐന്ദ്രി. കാട്ടുവെള്ളരി, ശംഖപുഷ്പം.
ഐരാവതം. പെരുനാരകം എന്നുംപറയും.

ഔ.

ഔൽഭിദം. ഉവരുപ്പു.
ഔഷധം. ചുക്ക.

ക.

കംസം. വെള്ളോട.
കച്ഛൂദാരം. കൊഞ്ഞു, വേങ്ങാ.
കച്ഛുരം നായിക്കരുണ.
കച്ഛുരം. നായിക്കരുണ.
കടംഭരാ വെള്ളത്തകുന്നി.
കടുകദൌഗ്ധികം. പേച്ചുര.
കടുകമത്സ്യം. കടുക.
കടുകഫലം. പേച്ചുരക്കാ.
കടുകാലാബു. പേച്ചുര.
കടുഫലം. പേച്ചുരക്ക.
കടുവാസ്തു. പെരുംചീര.
കട്ഫലം. കുമ്പിള, കുമിഴി എന്നും പറയും.
കട്വി. കടുകരോഹിണി.
കഠിഞ്ജരം. ക്രുക്കിൽ.
കണ്ടകാരി ചെറുവഴുതിന.
കണ്ടകാരിദ്വയം. ചെറു വഴുതിനയും വെളുത്തവഴുതിനയും.
കദംബം. കടമ്പു.
കപോതവങ്കാ. പ്രാപ്പുട്ടിൽ എന്നും അടക്കാമണിയൻ എന്നും ചിലരു.
കപോതാ. കരിന്തകാളി.
കമ്പുകം. കവുങ്ങു.
കമലകിഞ്ജൽകം. താമരയല്ലി.
കരംഭം. ഉമ്മത്തു.
കൎക്കടിക. അത്തി.
കൎക്കേതനം. മാണിക്യം.
കൎക്കോടം. പാവൽ.
കലി. താന്നി.
കശേരുകം കുരുവിക്കിഴങ്ങു, കഴിയ്ക്കൂ എന്നും ചിലർ.
കസ്തു. കസ്തൂരി.

കാ.

കാകജംഘാ. കാക്കത്തൊണ്ടി.
കാകദനീ. കരിന്തകാളി
കാകമലകം, പെരുഞ്ചെണ്ടിപ്പയറു.
കാകാഹ്വം. കരിന്തകാളി.
കാകോദുംബരികാ. കറുത്തകാക്കോളി
കാങ്ക്ഷി പുല്ലാന്നി.
കണ്ണവികാ. കുന്നിയും, വെൺകുന്നിയും കാകോളി രണ്ടും.
കാണ്ഡദാരു ദേവതാരം
കാമ്ലീ. ചുരുട്ടരോഹിണി.
കാമ്ലികാ കുരുക്കത്തിമുല്ലാ.
കാലകേക്ഷു. നല്ലകാട്ടുകറിമ്പു.
കാലമാലകം. കരിംകഞ്ജകം.
കാലിംഗകാ. ചെവ്വള്ളി, കുമ്മട്ടിക്ക
കാലേയകം. ചെവ്വള്ളി.
കാസമൎദ്ദം. പൊന്നാവീരം.
കാസഘ്നം. പൊന്നാവീരം.
കാളം കറുത്തഉപ്പു.
കാളമുഷ്കകം. കറുത്തപൂവുള്ള കള്ളി.
കാളലോഹം. ഉരുക്ക.
കാളാ വട്ടപ്പുന്താളി. അമരി.

കി.

കിണിഹി. വെൽവയമ്പു.
കിണ്വം. കള്ളുറൽ.
കിലാടം പാലിൽ അധികംമോരൊഴിച്ച തൈരു.

കു.

കുക്കുടാണ്ഡം. മലംകായൻ നെല്ലു.
കുങ്കുമം. കുംകുമപ്പൂവ
കുശാദ്വയം. കുശയും, ദൎഭയും.

കുസുംഭം. കുശുമ്പം. കൊയമ്പ എന്നും പറയും.
കുസ്തുംബുരി. കൊത്തമ്പാലരി.

കൂ.

കൂർച്ചികാ. ചൂടുള്ള പാലിൽ ഉറ ഒഴിച്ചുണ്ടായ തൈരു.

കൃ.

കൃഷ്ണലവണം. കറുത്തുപ്പു.
കൃഷ്ണമൂലം. തിപ്പലിമൂലം.
കൃസരം. എൾച്ചോറു.

കേ.

കേബുകം. തിങ്ങളരി.
കേലൂടം. നിമിനിക്കിഴങ്ങു, നീർപെരുഞ്ചേമ്പു.

കോ.

കോപനാ. തിരുവട്ടപ്പശ.
കോലാമ്ലം. ലന്തപ്പുളി.
കോശാതകികൾ. പുട്ടൽവീരവും, ചെറുവീരവും, പെരുമ്പീരവും, ഇളക്കാവീരവും.

ക്ര.

ക്രമുകം കവുങ്ങു.
ക്രിമിജിൽ. വിഴാലരി.
ക്രമിരിപു. ക്രിമിശത്രു.
ക്രോഡാ. പന്നി.

ക്ലി.

ക്ലിതകം. ഇരട്ടിമധുരം.

ഗ.

ഗണ്ഡീരികാ. വാതക്കൊടിക്കം പറയും.
ഗന്ധപലാശം. മുഞ്ഞ
ഗന്ധോപല. ഗന്ധകം.
ഗർഭമണി. പുകവർണ്ണക്കല്ലു.

ഗാ.

ഗാംഗേയി. മുത്തങ്ങ
ഗാരുത്മദം. മരതകക്കല്ലു.

ഗു.

ഗുന്ദ്രാ. കമ്പൻപുല്ലു.
ഗുല്ഗുലു. ഗുല്ഗുലു തന്നെ.
ഗുഹ്യപ്രീളം. പൂതണക്കം

ഗൃ.

ഗൃഞ്ജനം. പുനൽമുരിങ്ങ.
ഗൃഹധൂമം. പുകയറ.

ഗോ.

ഗോജിഹ്വാ. പൊന്നാങ്ങാണി.
ഗോലോമി. കറുക.

ഗൌ.

ഗൌരദണ്ഡാ. വാമാഗ്ഗാ തണ്ടുചുവന്ന ചെറുകടലാടി.
ഗൌരാമലകം. പച്ചനെല്ലിക്കാ.

ഘ.

ഘനസാരം. കർപ്പൂരം, ഇരുവേലി.

ച.

ചക്രമർദ്ദകം. തകരമല്ലാ. തകരയാകുന്നു
ചന്ദനം. ചന്ദനം തന്നെ.
ചന്ദനദ്വയം. ചന്ദനവും, രക്തചന്ദനവും.
ചന്ദ്രോപലം. ചന്ദ്രകാന്തക്കല്ലു.
ചർമ്മസാഹ്വാ. ബ്രഹ്മി, ചൊറിമരുതു.

ചാ.

ചാക്രികതൈലം. കണയെണ്ണ.

ചി.

ചിർഭിടം. കാട്ടുവെള്ളരി.

ചീ.

ചീനാകം. വട്ടച്ചുര.
ചീലാന്തി. പൂവരശു.

ചു.

ചുച്ചൂന്ദരി. ചുണ്ടെലി.

ചോ.

ചോരാ. ചണ്ണ.

ഛഗ.

ഛഗണരസം. ചാണകപ്പാല.

ഛാ

ഛാഗകണ്ണി. കരിമരുതു.

ഛി.

ഛിന്നരോഹം. ചിററമൃത.

ജ.

ജംബിജം. ചോനകനാരങ്ങ.
ജാതികോശകം. കൊലിഞ്ഞാണ.
ജാലിനി. പുട്ടൽപീരം.

ജീ.

ജീമൂതം. പുട്ടൽപീരം.

ജ്ഞ.

ജ്ഞണ്ണം. വസൂച്ചിര.

ഝ.

ഝരസി. തകരം എന്നും ചിലർ.

ഡി.

ഡിണ്ഡീരം. കടൽനാക്ക എന്നു പറയണം.

ത.

തഗരം. തകരം.

തണ്ഡുലം. കൊത്തമ്പാലയരി, കൊടകപ്പാലയരി.

താ.

താലപത്രം. പനവാഴക്കാ.
താലപത്രി. പനവിരൽ, ചിററീന്തൽ
താലസസ്യം. പനംകായ
താളം' അരിതാരം.

തി.

തിക്തകം പുത്തരിച്ചുണ്ട.
തിക്തശാകം. നീർവാലങ്ങമെന്നു പാഠത്തിൽ കാണുന്നു.
തിക്താ. പുത്തരിച്ചുണ്ട, തിക്തരോഹിണി.
തിക്താദ്വയം. കടുകുരൊഹണിയും അതിവിടയവും.
തിക്തോത്തമം. വേപ്പു.

തീ.

തീക്ഷ്ണകം. നല്ലമുളക.
തീക്ഷ്ണമൂലവിഷം. വജ്രനാകാദി.

തു.

തുകാക്ഷീരി. കൂവനൂറ.
തുടീദ്വയം. ചിററേലവും പേരേലവും.

തേ.

തേജനകം. അമ്പൊട്ടൽ

ത്രി.

ത്രികടുകാ. ചുക്ക, മുളക, തിപ്പലി.
ത്രിജാതകം. ത്രിജാതം നോക്കുക.
ത്രിഭണ്ഡി. ത്രികോല്പക്കൊന്ന.

ത്വ.

ത്വക്ക്ഷീരി കൂവനൂറ.

ദ.

ദക്ഷം. കോഴി.
ദദ്രു. ഒഭ.

ദർഭാ. ദർഭവേർ.
ദഹനം. കൊടുവേലി.

### ദാ.

ദാർവ്വി. മരമഞ്ഞൾതൊലി.
ദാർവിത്വക്. മരമഞ്ഞൾതൊലി.

### ദി.

ദിനകി. ഒരംമ്പന ചൂണ്ടപ്പന എന്നും ഉലട്ടിപ്പന എന്നും തെക്കൻ.

### ദു.

ദുഢിലിക. പേച്ചുര.

### ദൂ

ദൂർവ്വാ. കറുക.

### ദേ.

ദേവധൂപം. ചെഞ്ചല്യം.
ദേവാഹ്വയം. തേവതാരം.

### ദ്ര.

ദ്രവന്തി. കടലാവണക്കു. എലിച്ചെവിയൻ, അലിയാൻ.

### ദ്വി.

ദ്വിവിശാലകൾ. വെള്ളരിയും കാട്ടുവെള്ളരിയും.

### ധ.

ധന്വാ. കരിനൊച്ചി.

### ധാ.

ധാനകം. കൊത്തമ്പാലയരി.
ധാന്യാമ്ലബീജം. കാടിയിലെ അരി.
ധാവനികൾ. ചെറുവഴുതിനയും വെൾവഴുതിനയും.

### ധ്യാ.

ധ്യാമകം. നാന്മുകപ്പുല്ലു.

### ന.

നന്ദീമാഷകം. കുമ്മച്ചേമ്പു.

### നാ.

നാകുലി. പാമ്പുനാറി എന്നും പറയും.
നാഗപുരീഷചത്രം. ആനയിറങ്ങത്തിലെ കുമിള.
നാഗവിന്നാ. കീരികുടി.
നാഭി. കസ്തൂരി.
നാളികാ. ചെറുവേള, പവിഴക്കൊടി.
നാളീകളായം. കരിഞ്ചണ്ണ

### നി.

നികോചകം. വാറുമാവെന്നും പറയും
നിത്യൽകോരണ്ഡം. വാടാക്കുറിഞ്ഞി
നിന്ദിശം. കോവാ.
നിശാദ്വയം മഞ്ഞളും, മരമഞ്ഞളും.

### നൃ.

നൃപതരു. കൊന്ന.

### നൈ.

നൈപാലി. കസ്തൂരി.

### പ.

പഞ്ചിനീചതുഷ്കം. കാട്ടുഴുന്നു,
പലലം. ഭൂക്ഷതിലചൂർണ്ണം.

### പാ.

പാലിനി. ത്രികോല്ലകൊന്നക്കും പറയും.

### പി.

പിച്ചുകം. ചെമ്പുതിരി.
പിച്ചുകാ. കുലപ്പരുത്തി.
പിചമർദ്ദം. വേപ്പുവൃക്ഷം.
പിണ്ഡീതം. മലംകാരക്കാ.

### പു.

പുണ്ഡ്രാഹ്വം. പുണ്ഡരീകകരിമ്പു.

പുഷ്കരബീജം. താമരക്കുരു.
പുഷ്പാഞ്ജനം. മയിലിന്റെ കഴുത്തിലെ നിറം പോലുള്ള അഞ്ജനം.

പൂ.

പൂതിമത്സ്യം. പൂതിയുണത്തി.

പൃ.

പൃത്ഥികാ. അരേണുകം.

പ്ര.

പ്രപുന്നാടം. തകരം.

പ്രി.

പ്രിയാഹ്വാ. ത്താഴൽപ്പൂവ.

പ്ല.

പ്ലക്ഷം. അത്തിയ്ക്കും പറയുന്നു.

ഫ.

ഫല്ഗുമൂലം. ചുഴലിവേർ.

ബ.

ബദരിപല്ലവം. ലന്തയില.
ബലത്രയം. ആനക്കുറുന്തോട്ടിയും, വെൺകുറുന്തോട്ടിയും കുറുന്തോട്ടിയും. എന്നൊരു പക്ഷം.
ബസ്തഗന്ധാ ആട്ടുനാറിവേള.
ബഹളപല്ലവം. പുനൽമുരിങ്ങ.
ബഹുപാൽ. പേരാൽ.
ബഹുപാദം. പേരാൽ.

ബാ.

ബാണം. കൊഴിഞ്ഞിൽ.
ബാലവില്വം. ഇളയകൂവളക്കായ.
ബാലമൂലകം. ഇളയ മൂലവരികിഴങ്ങു പച്ചചീനപ്പാവു എന്നൊരു പക്ഷം.
ബാല്ഹികം. കുംകുമത്തിന്നു പറയുന്നു.

ബ്ര.

ബ്രഹ്മചാരിണി. തീണ്ടാനാഴി.
ബ്രഹ്മസോമാ. കടുക്കാ.

ഭ.

ഭണ്ഡീ. മഞ്ചട്ടി.
ഭദ്രകാഷ്ഠം. ദേവതാരം.
ഭല്ലൂകം. എരികിഴങ്ങു, പനികിഴങ്ങു എന്നും ചിലർ.

ഭൃ.

ഭൃകദംബം. മലംകടമ്പിന്നും പറയുന്നു
ഭൂനിംബം. നിലവേപ്പു, പുത്തരിച്ചുണ്ട, കാട്ടുചുണ്ട, ശിവനാർവേമ്പു.
ഭൂലതാ. ഞാഞ്ഞൂൽ, ചെറിയവിര.

ഭേ.

ഭേദം. കല്ലുർവഞ്ചി.

മ.

മഹന്മൂലകം. മൂത്തമൂലവരികിഴങ്ങു.
മഹാ. കാട്ടുഴുന്നു.
മഹാദ്രോണം. കാട്ടുവെള്ളി തുമ്പ.
മഹാപുരുഷദന്താ. ചതാവരികിഴങ്ങ.
മഹാസഹം. മൂവിലയ്ക്കും പറയും.
മഹിഷാക്ഷി. ഗുൽഗുലു.

മാ.

മാക്ഷികധാതു. മാക്കീരക്കല്ലു.
മാതുംഗം. മാതളനാരകം.
മാനസി. ബ്രഹ്മി.
മാഷം. ചെറുഞ്ചീര.
മാഷദ്വയം. ഉഴുന്നും, കാട്ടുഴുന്നും.
മാസി. ശതകുപ്പ.

മു.

മുകുളം. പൂവണ്ണ.
മുച്ചുടി. മുച്ചുണ്ടം,
മുഷ്കരം. മുളംപിലാശു.
മുഷ്കകം. ചതുരക്കള്ളി.

മൂ.

മൂലകപോതാ ബാലമൂലകം,

മോ.

മോചം. ഏലം.
മോരടം. പാല്യം മോരും സമം ചേർത്തതു.
മോഹവല്ലി. ചൊവ്വള്ളി.

യ.

യവശ്രൂകജം. ചവൎക്കാരം.
യവാനകം. അയമോദകം.

ര.

രക്തചന്ദനം. രക്തചന്ദനം തന്നെ ചുവന്ന ചന്ദനം.
രക്തയഷ്ടി. ചൊവ്വള്ളികൊടി.
രക്താ. മഞ്ചട്ടിപ്പൊടി.
രമ്യകം. കൊന്ന
രല്ലകം. പെരുച്ചാഴി തുകൽ.
രവിവല്ലി. വേമ്പാട.
രസോത്തമം. രസം.

രാ.

രാജക്ഷവം. കാട്ടുതുളസി.
രാമാ. കായാവു.

രു.

രുഗാ. അമ്മുളു.

രൂ.

രൂപികാ. വെളുത്ത എരിക്കു.

രോ.

രോമകം. മൈരുപ്പു.
രോഹിണം. ചന്ദനം.
രോഹിതകം. പൂതണക്കം.
രോഹിഷം. അടക്കാമണിയൻ.

ലാ.

ലാംഗലികാ. മേന്തോന്നി, കിഴകാനെല്ലി.

ലെ.

ലെലിതകവസാ. പെരുമ്പാമ്പിന്റെ നൈ.

ലോ.

ലോണീകാ. മണലി എന്നു ചിലർ.

വ.

വക്രം. തകരം.
വജ്രപ്രോക്താ.. കള്ളി
വജ്രി കള്ളി
വനതിക്തകം. പുത്തരിച്ചുണ്ട.
വമനീപത്രം. എരിക്കില.
വയസ്ഥാ. ക്ഷീരകാകോളി.
വരം. ഇന്തുപ്പു
വരണകം. നീർമാതളം.
വൎഷാഭ്രുക്കൾ. നെട്ടിലയും, ചാരണയും.
വസിരം. ചെമ്പൃഞെരിഞ്ഞിൽ.

വാ.

വാട്യ്യം. യവച്ചോറു.
വാതാമം. കുളമാമ്പഴം. എന്നും പറയും.
വായസജംഘാ. കുറുച്ചൂലി.
വായസിശാകം. കരിന്തകാളി.
വാരുണി. മദ്യവിശേഷം.
വാലക്യം. ചെഞ്ചീര.

വി.

വിദുലാ. കാനാഞ്ചിക്കം പറയും.
വിലപകൎക്കടികാ ഇളയ ക്രുവളക്കാ.
വിലപമദ്ധ്യാ. മൂത്ത ക്രുവളക്കാ.
വിഷം. കാഞ്ഞിരം, അതിവിടയം.
വിഷവല്ലി. വെൾവയമ്പു.
വിഷാണികാ. ആട്ടുകൊട്ടപ്പാല.
വിഷാഹം. മേന്തൊന്നി.

വൃ.

വൃക്ഷകം. കൊടകപ്പാല, ദേവതാരം, കൊന്ന.
വൃശ്ചിവം. നെട്ടില.
വൃഷം. ആടലോടകം.
വൃഷാദനീ. കന്നുതിന്നി, ചെറുമുൾ ചുണ്ട എന്നും ചിലർ.

വേ.

വേണിജന്മം. തേവതാളിപ്പീരം.
വേതസാമ്ലം. പുളിവഞ്ചി, ഞെരിഞ്ഞാൻപുളി.

വൈ.

വൈഗന്ധകം. വയ്യങ്കതകു, പാഷാണം.

വൈദേഹി. തിപ്പലി
വൈഭീതകി. സുര.

വ്യ.

വ്യാഘ്രനഖം. പുലിയെന്നും പുലിച്ചുവടി എന്നും, നാകുണം എന്നും പേർതിരിച്ചുംവരും.
വ്യാഘ്രികൾ. വഴുതിനയും, വെൾവഴുതിനയും.
വ്യാഘ്രി. പുലിച്ചുവടി.

വ്ര.

വ്രണസാദിദേഷജാ. പാച്ചോററിതൊലി.

ശ.

ശകുലാദനീ. നറുമ്പാണൽ.
ശംഖനാഭി. ശംഖ.
ശംഖിനീ. ശംഖപുഷ്പം.
ശണം. ചണമ്പയറു.
ശണപുഷ്പി. ശംഖപുഷ്പി,കിലുകിലുപ്പൻ.
ശതവീൎയ്യാ. ശതാവരി.
ശബരകന്ദം. മുതക്കു.
ശശാംകകിരണങ്ങൾ. തെരട്ടിപ്പാല.

ശാ.

ശാകം. തേക്കു.
ശാകാ. ചെറുതേക്കു.
ശാഡ്വലം. തൃണവിശേഷം.
ശാബരകലോദ്ധ്രം. ആഞ്ഞിലി എന്നും ചിലർ.
ശാബരദേശജം. വെട്ടി.
ശാരിബാദ്വയം. നറുനീണ്ടിയും കോവലും.
ശാരിബായുഗം. നറുനീണ്ടിയും, പാലുവള്ളിയും.
ശാലി. വരിനെല്ലിന്റെ പേർ.
ശാല്മകം. നിച്ചേമ്പു.

ശി.

ശിംശപാ. ഇരുപ്പുള.
ശിലാഹ്വം. കന്മതം.
ശിവനാമ. രസം.
ശിശിരദ്വയം. ചന്ദനവും, രക്തചന്ദനവും.

ശീ.

ശീതപാരം. മുച്ചുണ്ടം
ശീധു മൈരേയമെന്ന മദ്യം, പനംകള്ളെന്നും പക്ഷം.

ശു.

ശുകതരു. നെന്മേനിവാക.
ശുക്തി. പേരിത്തിളു.
ശുഷ്കമൂലകം. ഉണങ്ങിയമൂലവരിക്കിഴങ്ങു, ചിനപ്പാവെന്നൊരുപക്ഷം.

ശൃ.

ശൃംഗീധാത്രിഫലം. ചെറുനെല്ലിക്കാ.

ശേ.

ശേഫാലികാ. ഉതി.

ശൈ.

ശൈഗ്രവബീജം. മുരിങ്ങക്കുരു.
ശൈവാലം. പായലു.

ശ്രാ.

ശ്രാവണിയുഗം. കാട്ടുമുതിരയു., വലിയ കാട്ടുമുതിരയും.

ശ്വ.

ശ്വേതഗോപാലാ. വെളുത്ത നറുനീണ്ടി, വെൺതലവെട്ടി എന്നു ചിലർ,
ശ്വേതബൃഹതിമൂലം. വെളുത്തവഴുതിന വേർ.
ശ്വേതാ. വെൾവയമ്പു.

സ.

സതിനജം. ചണ്ഡ.
സപുലാ. ബ്രഹ്മി.
സമുദ്രശുക്തി. കടൽഞെരിഞ്ഞി.
സൎജ്ജം. ചെഞ്ചല്യം.
സൎജ്ജാൎജ്ജികം. കാട്ടുതുളസി.
സൎപ്പഗന്ധം. കാരെളകം.
സൎപ്പലോചനാ. നറുനീണ്ടി.
സഹകൾ. പൂവൻകുറന്തിലയും മുയൽചെവിയും.

സാ.

സാതലാ. പമ്മന്തരം

## സി.

സിതകാചം. വെളുത്തകുപ്പി.
സിതമരിചം. മുരിങ്ങക്കുരു.
സിന്ധാഡികാ. ചാരണ.
സിന്ദൂരം. മുച്ചണ്ടം, സിന്ദൂരപ്പൊടി, കരുനൊച്ചി.

## സു.

സുഗന്ധം. ചിററിന്തൽ.
സുധാ. കള്ളിപ്പാല.
സുധാഭസ്മം. കൊഴിപ്പരൽ.
സുമനസ്സ. പിച്ചി.
സുരവാരുണി. ശംഖപുഷ്പം.
സുരാ. മദ്യഭേദം
സുരാഹ്വം. ദേവതാരം.
സുവൎണ്ണത്വക്. പൊൻമരത്തൊലി.

## സൂ

സൂകരി. നിലപ്പനക്കിഴങ്ങ.
സൂച്യഗ്രങ്ങൾ. ഉഴുന്നമുതലായവയുടെ ഇലകൾ
സൂൎയ്യവല്ലി. വേമ്പാട, കരുവീരമെന്നചിലർ.

## സൃ

സൃഗാലവിന്നാ. മൂവില.

## സോ.

സോമവല്കം. പരുവ.
സോഹളം. കൊഴുപ്പ.

## സ്ഥ

സ്ഥാവിരം. അടയ്ക്കാമണിയൻ.

## സ്ഥി.

സ്ഥിരാ. മൂവിലയെന്നും പക്ഷം

## സ്ഥൂ.

സ്ഥൂലകകാരവി. വലിയകരന്തകാളി.

## സ്പ.

സ്പന്ദനം. തൊട്ടുകാര.

## സ്പൃ.

സ്പൃക്കാഹ്വാ. ചേർക്കുരു.

## സ്രു.

സ്രുവവൃക്ഷം. പ്ലാശ്.

## സ്വ.

സ്വൎണ്ണക്ഷീരി. കുംകുട്ടം.
സ്വസ്തികം. നീരാരൽ.

## ഹ.

ഹരം. ഉത്തച്ചണ്ടി മുട്ടപ്പായലെന്നപക്ഷം.
ഹരിതകം. ഇലക്കറി.
ഹസ്തികൎണ്ണം കൊടങ്ങഴുക.

## ഹി.

ഹിമവൽഗിരിസംഭൃത. വെൾവയമ്പ.
ഹിരണ്യപുഷ്പിമൂലം നിലപ്പനകിഴങ്ങ

## ഹേ.

ഹേമം. പതിമുകം.